











## കഠിനംകുളം

## ഗ്രാമപഞ്ചായത്ത്

# സമഗ്രവികസനരേഖ

ജനകീയാസൂത്രണം

ഒമ്പതാം പദ്ധതി
ജനകീയ പദ്ധതി



## കഠിനംകുളം ഗ്രാമ പഞ്ചായത്ത്

# സമഗ്രവികസനരേഖ

# കേരളം



# കഠിനംകുളം ഗ്രാമപഞ്ചായത്ത്



## അധികാരം ജനങ്ങളിലേക്ക്




ചീഫ് എഡിറ്റർ

**മോളി മെർളിൻ**

എഡിറ്റർ

**ജി.വിജയകുമാർ**

പത്രാധിപ സമിതി

**പി. നടേശൻ**

**ഡോ. നൂമാൻ**

**കെ.ബാബു**

**റ്റി.ആർ.ഹരിപ്രസാദ്**

**ഷീലിൻ മാത്യു**

കവർ ഡിസൈൻ & ലേഔട്ട്

**ഗിരീഷ് കുളത്തൂർ**

ഡി.റ്റി.പി.

**പെന്റിയം ഗ്രാഫിക്സ്**

പ്രിന്റിംഗ്

**നിയോ ഗ്രാഫിക്സ്, കുളത്തൂർ പി.ഒ**

**തിരുവനന്തപുരം-83**

**ഫോൺ : 417495**

## പഞ്ചായത്ത് ഭരണസമിതി



**മോളി മെർളിൻ**
പ്രസിഡന്റ്



**പി. നടേശൻ**
വൈസ് പ്രസിഡന്റ്



**ഫ്രീസ്കാ കുരിശപ്പൻ**
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



സൈന K.Z



ബാബു.ജി



ത്രേസ്യാമ്മ



വിൻസെന്റ് B.P



അലോഷ്യസ് ജറോം



അബ്ദുൾ സലാം



R.ശശിധരൻ



A. ശരത്ചന്ദ്രൻ



S. കൃഷ്ണൻ നായർ



റീറ്റാ മാർട്ടിൻ



R. സുരേന്ദ്രൻ

## ആദ്യ പ്രസിഡന്റ്



ഹാജി പി അബൂബക്കർ കുഞ്ഞ് ലബ്ബ
(1952-53)

## മുൻ പ്രസിഡന്റുമാർ

| | |
|---|---|
| സാബാഗോമസ് | **1953-62** |
| എൻ.സി. പിള്ള | **1963-64** |
| ബസ്‌ലിൻപെരേര | **1965-79** |
| എം. രവീന്ദ്രൻ | **1979-84** |
| എഫ്.ജെ. റ്റെനിസൺ | **1988-95** |



# സന്ദേശം

പ്രിയപെട്ട പ്രസിഡന്റിന്,

ജനപങ്കാളിത്തത്തോടെ താഴെതട്ടിൽ നിന്നും ആസൂത്രണം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച ജനകീയാസൂത്രണ പരിപാടി താങ്കളുടെ പഞ്ചായത്തിൽ വിജയകരമായി മുന്നേറുന്നു എന്നറിഞ്ഞതിൽ സന്തോഷം. തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ആശംസകൾ.

തീയതി : 4-12-96 ( ഒപ്പ് )

ഇ.കെ. നായനാർ

മുഖ്യമന്ത്രി



# സന്ദേശം

സ്നേഹം നിറഞ്ഞ പ്രസിഡന്റിന്,

താങ്കളുടെ ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

തീയതി 4-12-96 (ഒപ്പ്)

എ.കെ.ആന്റണി
(പ്രതിപക്ഷ നേതാവ്)

# ഉള്ളടക്കം


| | |
|---|---|
| 13 | ആമുഖം |
| 14 | പൊതുവിവരണം |
| 15 | ചരിത്രരേഖകളിലൂടെ |
| 21 | ഭൂപ്രകൃതി |
| | **സാമൂഹിക സാമ്പത്തിക മേഖലകൾ** |
| 25 | കൃഷിയും ജലസേചനവും |
| 31 | മത്സ്യബന്ധനവും മൃഗസംരക്ഷണവും |
| 40 | ആരോഗ്യവും കുടിവെള്ളവും |
| 45 | സഹകരണം |
| 54 | വ്യവസായം |
| 60 | വിദ്യാഭ്യാസം |
| 67 | പാർപ്പിടവും സാമൂഹ്യക്ഷേമവും |
| 73 | ഗതാഗതം ഊർജം മാർക്കറ്റ് |
| 76 | പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം |
| 82 | വനിത |
| 87 | സംസ്കാരം |
| 90 | വിഭവസമാഹരണം |
| 95 | ടൂറിസം |

അധികാരം ജനങ്ങളിലേക്ക്

# ആമുഖം

ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. കേരളത്തിന്റെ ഒൻപതാം പദ്ധതിയുടെ ഏറ്റവും പ്രധാന സവിശേഷത സംസ്ഥാന പദ്ധതിയടങ്കലിന്റെ 35 മുതൽ 40 ശതമാനം വരെ, പഞ്ചായത്ത് സ്ഥാപനങ്ങൾ അവരവരുടെ അധികാരമേഖലകളുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന വികസന പദ്ധതികൾക്കായി നീക്കിവക്കുന്നു എന്നതാണ്. വികസനപദ്ധതികൾ ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതി, സ്ഥലജലവിഭവസാധ്യതകൾ, ജനകീയ ആവശ്യങ്ങൾ എന്നിവയ്ക്ക് അനുസൃതമായി താഴെ തട്ടിൽ നിന്ന് ജനപങ്കാളിത്തത്തോട് കൂടി തയ്യാറാക്കുക എന്ന സർവ്വസമ്മതമായ ദേശീയലക്ഷ്യമാണ് ഇതിലൂടെ സാക്ഷാൽക്കരിക്കുവാൻ നാം ശ്രമിക്കുന്നത്.

ഇതിനകം എട്ട് പഞ്ചവൽസരപദ്ധതികളും ഇടക്കാലത്ത് വാർഷികപദ്ധതികളും വഴി നാം നേടിയ പുരോഗതി കുറച്ചുകാണാനാവില്ല. എന്നാൽ ആസൂത്രണത്തിന്റെയും നടത്തിപ്പിന്റെയും പിന്നിൽ ഇടനിലക്കാർ യഥേഷ്ടം വിലസി. അധികാരം ജനങ്ങളിലേക്ക് എന്ന ആശയം പ്രാവർത്തികമാക്കാൻ ഭരണഘടനാ ഭേദഗതിപോലും വേണ്ടിവന്നു. സ്വാതന്ത്ര്യസമരത്തിന് നിരവധി മാതൃകകൾ പകർന്നു നല്കുന്നതിൽ എക്കാലത്തും കേരളം വളരെ മുന്നിലായിരുന്നു.

1996 ആഗസ്റ്റ് 17ാംതീയതി സംസ്ഥാനതലത്തിൽ ഉൽഘാടനം ചെയ്യപ്പെട്ട ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പഞ്ചായത്ത്തല പരിപാടികൾ സെപ്തംബർ 8,9,10 തീയതികളിൽ തിരുവനന്തപുരം ഐ.എം.ജി. യിൽ നടന്ന ജില്ലാറിസോഴ്സ് പേഴ്സൺസ് പരിശീലനത്തോടെ ആരംഭിച്ചു. തുടർന്നു പഞ്ചായത്ത് തല ശില്പശാലനടക്കുകയും വിശേഷാൽഗ്രാമസഭകൾക്ക് രൂപംനൽകുകയും ചെയ്തു. സെപ്തംബർ 20,21,28,29 ഒക്ടോബർ 2 എന്നി തീയതികളിലായി പതിനാല് വാർഡുകളിലും ഗ്രാമസഭകൾ കൂടി. ഓരോ ഗ്രാമസഭകളിലും സ്ത്രീകൾ അടക്കം നൂറ്റി അൻപത് മുതൽ നാനൂറ്വരെ ആളുകൾ പങ്കെടുത്തു.

നവംബർ 10ാം തീയതി പഞ്ചായത്ത് തലത്തിൽ രണ്ടാംഘട്ട പരിശീലനം നടന്നു. തുടർന്നുള്ള പരിപാടികളെല്ലാം ഈ ശില്പശാലയിൽ വെച്ച് തീരുമാനിക്കുകയും 12ാം തീയതി പഞ്ചായത്തിന്റെ വടക്കേ അറ്റത്തുനിന്നും തെക്കേ അറ്റത്തുനിന്നും ഉദ്യോഗസ്ഥൻമാർ, ജനപ്രതിനിധികൾ, കർഷകപ്രമുഖർ, മുതിർന്ന ആളുകൾ എന്നിവരുടെ നേതൃത്വത്തിൽ ഒരു പഠനയാത്ര നടത്തുകയും പഞ്ചായത്തിന്റെ പൊതുവായ കിടപ്പ്, ഭൂവിഭാഗങ്ങൾ കൃഷി, കാലാവസ്ഥ, പരിസ്ഥിതി, ചരിത്രപ്രാധാന്യം എന്നിവ മനസ്സിലാക്കുകയും ചെയ്തു.

നവംബർ 14ാം തീയതി പഞ്ചായത്ത് തലത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ ഒത്തുകൂടുകയും ഓരോ ഡിപ്പാർട്ട്മെന്റിന്റേയും മേൽനോട്ടത്തിൽ ഇപ്പോൾ നടപ്പിലാക്കി വരുന്ന വികസനപ്രവർത്തനങ്ങൾ, പോരായ്മകൾ, നിർദ്ദേശങ്ങൾ എന്നിവ ചർച്ച ചെയ്യുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

ക്രോഡീകരിച്ച ഗ്രാമസഭാറിപ്പോർട്ടും ദ്വിതീയ വിവരശേഖരണവും കോർത്തിണക്കി പഞ്ചായത്ത്തലകോർ ഗ്രൂപ്പ് രാപകലില്ലാതെയുള്ള അദ്ധ്വാനം കൊണ്ട് തയ്യാറാക്കിയ വികസനറിപ്പോർട്ട് 25.11.96ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. ഇന്ന് ഇത് കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസന രേഖയായി മാറുകയാണ്. നല്ലൊരു നാളെയെ വാർത്തെടുക്കുന്നതിന് നമുക്ക് ഓരോരുത്തർക്കും ശ്രമിക്കാം. നിങ്ങളുടെ വിശദമായ ചർച്ചകൾക്കും പരിഗണനകൾക്കുമായി ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

## പഞ്ചായത്ത് - പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കഠിനംകുളം ഗ്രാമപഞ്ചായത്ത് |
| സ്ഥിതിചെയ്യുന്ന സ്ഥലം | : | തിരുവനന്തപുരം നഗരത്തിൽ നിന്നും നാഷണൽ ഹൈവേയിലൂടെ 20 കിലോമീറ്റർ വടക്കോട്ട് സഞ്ചരിച്ചാൽ വെട്ടുറോഡ് ജംഗ്ഷൻ. അവിടെ നിന്നും 2 കിലോമീറ്റർ പടിഞ്ഞാറ് |
| സ്ഥാനം | : | ചിറ്റാറ്റുമുക്കിനും സെന്റാൻഡ്രൂസിനും ഇടയിൽ |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | കഠിനംകുളം, കഴക്കൂട്ടം-മേനംകുളം |
| ബ്ലോക്ക് പഞ്ചായത്ത് | : | കഴക്കൂട്ടം |
| താലൂക്ക് | : | തിരുവനന്തപുരം |
| അസംബ്ലി/മണ്ഡലം | : | കഴക്കൂട്ടം |
| പാർലമെന്റ് മണ്ഡലം | : | ചിറയിൻകീഴ് |
| വിസ്തീർണ്ണം | : | 17.68 ച.കി. |
| അതിരുകൾ | : | വടക്ക് അഴൂർ, ചിറയിൻകീഴ്, പഞ്ചായത്തുകൾ<br>കിഴക്ക് കഠിനംകുളം കായൽ, അണ്ടൂർക്കോണം പഞ്ചായത്ത്<br>തെക്ക് ആറ്റിപ്ര, കഴക്കൂട്ടം പഞ്ചായത്തുകൾ<br>പടിഞ്ഞാറ് അറബിക്കടൽ |
| ജനസംഖ്യ | : | 40406 |
| കുടുംബങ്ങൾ | : | 7630 |
| വാർഡുകൾ | : | 14 |
| വനിതാസംവരണം | : | 5 |
| പട്ടികജാതി സംവരണം | : | 1 |
| സാക്ഷരത | : | 90.14% |



# ചരിത്രരേഖകളിലൂടെ

ചരിത്രത്തോടു നീതിപുലർത്താൻ ചരിത്രകാരന്മാർക്ക് കഴിഞ്ഞിട്ടില്ലെന്ന വസ്തുതസുവിദിതമാണല്ലോ. കണ്ടും കേട്ടും അനുഭവിച്ചും ലഭിക്കുന്ന ചരിത്രവസ്തുതകൾക്ക് അതീവ വ്യക്തത ഉണ്ടായേക്കാം. എല്ലാം അപൂർണ്ണമാണെന്ന വിശ്വാസത്തിൽ അടിയുറച്ചുകൊണ്ട് കഠിനംകുളം പഞ്ചായത്തിന്റെ ചരിത്ര പശ്ചാത്തലം അനാവരണം ചെയ്യുന്നു.

കഠിനംകുളം ഗ്രാമപഞ്ചായത്ത് 17.68 ച:കി: വിസ്തീർണ്ണമുള്ളതും കിഴക്ക് 7വരെ വാർഡുകൾ കഠിനംകുളം കായലും പടിഞ്ഞാറ് അറേബ്യൻ കടലുമാണ്. പഞ്ചായത്തിന്റെ വടക്കേ അറ്റം ഒറ്റപ്പന മുതൽ തെക്ക് പള്ളിത്തുറവരെ ഏകദേശം 11 കിലോമീറ്റർ നീളത്തിൽ സമുദ്രതീരവുമാണ്.

## ഐതിഹ്യങ്ങൾ

ഉദ്ദേശം ഏഴു ശതാബ്ദങ്ങൾക്കു മുമ്പ് ഉണ്ടായ നേരിയ ഭൂചലനത്തിന്റെ ഫലമായി കഠിനംകുളം മഹാദേവർ ക്ഷേത്രത്തിന്റെ പടിഞ്ഞാറ് സമുദ്രതീരത്തിനുസമീപം വളരെ ആഴവും വിസ്തീർണ്ണവുമുള്ള ഒരു കുളം രൂപാന്തരപ്പെടുകയും പിന്നീട് വലിയകുളം എന്ന പേരിൽ ക്ഷേത്രത്തിന്റെ വകയായി തീരുകയും ചെയ്തു. ഇന്നു കാണുന്ന മുതലപ്പൊഴി മേൽപ്പറഞ്ഞ ഭൂചലനത്തിനു മുമ്പ് ഇവിടെ ആയിരുന്നു വെന്നും പഴമക്കാർ പറയുന്നു. അതിന് ഉപോദ്ബലകമായി ചൂണ്ടിക്കാണിക്കുവാൻ കഴിയുന്നത് ഇവിടെ നിന്നും തുടങ്ങുന്ന വിസ്തീർണ്ണമുള്ള കായൽ പ്രദേശം തന്നെയാണ്. പിൽക്കാലത്ത് കായലിന്റെ പല ഭാഗങ്ങളും നികത്തി തൊണ്ട് പൂഴ്ത്തുന്നതിനുള്ള വട്ടങ്ങളായിത്തീർത്തു മേല്പറഞ്ഞ കുളത്തിന്റെ ആഴവും വിസ്തീർണ്ണവും കണക്കിലെടുത്താണ് കഠിനംകുളം എന്ന പേര് ലഭിച്ചത് എന്നും പറയപ്പെടുന്നു.

കഠിനംകുളം കായൽ പ്രദേശം വലിയ കുളമായി രുന്നെന്നും മറ്റു കായലുകളെ അപേക്ഷിച്ച് ഇതുവഴിയുള്ള യാത്ര അതീവ ദുഷ്കരമായിരുന്നെന്നും പറയപ്പെടുന്നു. ഏതു സമയവും ക്ഷോഭമുണ്ടാകാനും അപകടങ്ങൾ ഉണ്ടായാൽ രക്ഷപ്പെടാൻ പ്രയാസമുണ്ടായിരുന്നെന്നും ഇക്കാരണത്താലാണ് ഈ കായലിനെ കഠിനംകുളം കായൽ എന്നുവിളിക്കുന്നതെന്നും ഇതിൽ നിന്നാകാം കഠിനംകുളം എന്ന പേര് ലഭിച്ചതെന്നും നിഗമനമുണ്ട്. ഈ പ്രദേശങ്ങൾ ചതുപ്പുനിലങ്ങളായിരുന്നു എന്നുള്ളതിന് തെളിവായി മേനംകുളം, വിളയിൽകുളം, ചേന്ത്രക്കുളം എന്നീ സ്ഥലനാമങ്ങൾ ചൂണ്ടിക്കാണിക്കാം.

കഠിനംകുളം മഹാദേവർക്ഷേത്രത്തിന് മൂവായിരം വർഷത്തിലേറെ പഴക്കമുള്ളതായി ക്ഷേത്ര രേഖകളിൽ കാണുന്നു. ക്ഷേത്രത്തിൽ കാണപ്പെടുന്ന ശിലാലിഖിതങ്ങൾ പാലീഭാഷയാണെന്നാണ് നിഗമനം. ആര്യ ദ്രാവിഡ സംസ്ക്കാരം ഉടലെടുത്തിട്ട് 3500 വർഷത്തെ പഴക്കമുണ്ട്. സിന്ധുനദീതട സംസ്ക്കാരകാലഘട്ടത്തിൽ തന്നെ കഠിനംകുളത്തും പരിഷ്കൃതരായ ഒരു വിഭാഗം അധിവസിച്ചിരിന്നതായി കരുതാം. അവർ ശൈവ വിശ്വാസികളും ശിവലിംഗ ദൈവസങ്കല്പം പുലർത്തിപ്പോന്നി രുന്നവരുമായിരുന്നു. ദ്രാവിഡ സംസ്ക്കാരമുള്ള അധ:കൃതവർഗ്ഗമെന്നു പറയപ്പെടുന്ന ജനവിഭാഗം ഇവിടെ താമസിച്ചിരുന്നതായി അനുമാനിക്കാം. വേണാട് സ്വരൂപത്തിന്റെ അതിർത്തി ഉള്ളൂർ വരെ ആയിരുന്നല്ലോ ആ കാലഘട്ടത്തിൽ കഠിനംകുളം കായൽ ഒരു മുഖ്യമായ ഗതാഗത മാർഗ്ഗമായിരുന്നു എന്നും അനുമാനിക്കുന്നു. തിരുവിതാം കൂറിലെ രാജാക്കന്മാർ കണിയാപുരം പുത്തൻകടവുവരെ കരമാർഗ്ഗവും അവിടെ നിന്നു ജലമാർഗ്ഗവും സഞ്ചരിച്ചിരുന്നതായി പഴമക്കാർ പറയുന്നു. അക്കാലത്ത് ജലഗതാഗതം ഒരു പ്രധാന സഞ്ചാരമാർഗ്ഗം ആയിരുന്നതുകൊണ്ടാണ് പില്ക്കാലത്ത് പാർവ്വതീപുത്തനാർ വെട്ടുന്നതിന് പ്രേരകമായിട്ടുള്ളതെന്നു കരുതുന്നു. ആകാലഘട്ടത്തിൽ വള്ളക്കടവുമുതൽ കൊച്ചി വരെ ചരക്കുകൾ ജലമാർഗ്ഗമാണ് കൊണ്ടുപോയിരുന്നത്. ഉണ്ണുനീലി സന്ദേശത്തിലും മയൂരസന്ദേശത്തിലും കഠിനംകുളം മഹാദേവർ ക്ഷേത്രത്തെക്കുറിച്ചും ചേരമാൻതുരുത്ത് പ്രദേശത്തെക്കുറിച്ചും പാർവ്വതീപുത്തനാറിനെക്കുറിച്ചും പരാമർശങ്ങളുണ്ട്. ഇന്ന് ആറ്റിപ്ര പഞ്ചായത്തിന്റെ ഭാഗമായിട്ടുള്ള തൃപ്പാദപുരത്ഥർ മേനാവും (പല്ലക്ക്) ഉപയോഗിച്ച് കഠിനംകുളത്ത് എത്തുകയും അവിടെനിന്നും കഠിനംകുളം കായലിലൂടെ വടക്കോട്ട് സഞ്ചരിച്ചിരുന്നതായും പഴമക്കാർ പറയുന്നു.

മതസൗഹാർദ്ദത്തിന്റെ കാര്യത്തിൽ കഠിനംകുളം പ്രദേശം മുൻപന്തിയിലായിരുന്നു. കഠിനംകുളം ക്ഷേത്രത്തിൽ വിശ്വാസമർപ്പിച്ചിരുന്ന ഒരു ജനവിഭാഗം അന്നുണ്ടായിരുന്നു. ഇതിന് ഉപോദ്ബലകമായി ഒരു സംഭവം പറഞ്ഞു കേൾക്കുന്നു. കഠിനംകുളം ക്ഷേത്രത്തിന് പടിഞ്ഞാറു ഭാഗത്തുള്ള കടലിൽ ചിലർ മത്സ്യബന്ധനത്തിന് വലയെറിഞ്ഞു. വലവലിച്ചുകയറ്റിയപ്പോൾ വലയ്ക്കുള്ളിൽ വളരെ വൈശിഷ്ട്യമുള്ള ഒരു തടി കാണുകയുണ്ടായി. അവർ അതെടുത്ത് കടലിലേക്കെറിഞ്ഞിട്ടു വീണ്ടും വലയിട്ടു. രണ്ടാമതും വലയിൽ ആ തടി കയറിവന്നു. മീൻപിടിത്ത ക്കാർക്ക് അത്ഭുതമായി. അവരിലാരോ അതിനെ അടിച്ചപ്പോൾ മനുഷ്യരക്തം തുളുമ്പുന്നതായി മനസ്സിലാക്കുകയും ദൈവീകസാന്നിദ്ധ്യം അതിലുണ്ടെന്ന് അനുമാനിക്കുകയും ചെയ്തു. കഠിനംകുളം മഹാദേവരുടെ പ്രതിപുരുഷനായിരുന്നു അതെന്ന് അവർക്ക് ബോധ്യമാകുകയും ചെയ്തു. ഇക്കാരണത്താലാണ് ക്ഷേത്രദർശനം പടിഞ്ഞാറോട്ടായ തെന്നും പഴമക്കാർ പറയുന്നു. കേരളത്തിലെ ശിവ ക്ഷേത്രങ്ങളിൽ പടിഞ്ഞാറോട്ടു ദർശനമുള്ള ഒരേ ഒരു ക്ഷേത്രമാണിത്. ഇപ്പോഴും മീൻപിടിത്തക്കാർ മത്സ്യം ലഭിക്കുന്നതിനായി ക്ഷേത്രത്തിൽ കാണിക്കയും മറ്റുവഴിപാടുകളും അർപ്പിക്കാറുണ്ട്. കഠിനംകുളം ക്ഷേത്രപരിസരം സാംസ്ക്കാരിക സാഹിത്യ പ്രവർത്തനങ്ങളിൽ മുൻ പന്തിയിലായിരുന്നു. പാടിക്കവിളാകത്ത് വളരെ പ്രഗത്ഭന്മാരായ വൈദ്യന്മാർ അധിവസിച്ചിരുന്നു. കൃഷ്ണൻ വൈദ്യർ, നീലകണ്ഠൻ വൈദ്യർ, ഗോവിന്ദൻ വൈദ്യർ ഇവരെല്ലാം തങ്ങളുടെ സാഹിത്യാദി അഭിരുചികൾ പ്രകടിപ്പിക്കാൻ കഠിനംകുളം

ക്ഷേത്രപരിസരം ഉപയോഗിച്ചിരുന്നെന്ന് അനുമാനിക്കാം. ഇക്കാലത്ത് വൈദ്യശാസ്ത്രത്തിൽ വളരെയധികം സംഭാവനകൾ നൽകാനും ഇവർക്ക് കഴിഞ്ഞിട്ടുണ്ട്.

കഠിനംകുളം ക്ഷേത്രത്തിന്റെ വടക്കുഭാഗത്ത് മുണ്ടൻചിറ എന്ന സ്ഥലത്ത് ഒരു സിദ്ധൻ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. വൈദ്യശാസ്ത്രത്തിൽ വളരെ പ്രാഗത്ഭ്യം ഉണ്ടായിരുന്ന ഇദ്ദേഹം കഠിനംകുളം ക്ഷേത്രത്തിനോടു ചേർന്നുണ്ടായിരുന്ന കൊട്ടാരത്തിൽ പക്ഷികളെ ചികിത്സിക്കാറുണ്ടായിരുന്നു. രാജാവിന് സിദ്ധനോട് പ്രീതിതോന്നുകയും മുണ്ടൻചിറ ഇപ്പോൾ മുസ്ലീംപള്ളി സ്ഥിതിചെയ്യുന്ന 9 ഏക്കറോളം വരുന്ന ഭൂമി കരമൊഴിവായി നൽകുകയും ചെയ്തു. പില്ക്കാലത്ത് അത് മുണ്ടൻ ചിറമുസ്ലീം പള്ളിയായിത്തീർന്നു.

ശ്രീനാരായണഗുരുദേവൻ ഇസ്ലാംമതം പഠിക്കുന്നതിന് വേണ്ടി പരുത്തി ഏലാക്ക് സമീപം കടമ്പത്ത് കുടുംബത്തിൽ വന്നിട്ടുള്ളതായി പറയപ്പെടുന്നു.

പോർച്ചുഗീസുകാർ ഇവിടം ഭരിച്ചിരുന്ന കാലഘട്ട ത്തോടു (1419 - 1500) കൂടി സർവ്വാധിപത്യം വരുകയും അവരുടെ ആക്രമണം ചെറുക്കുന്നതിനായി കുളച്ചൽ മുതൽ തീരദേശത്ത് രൂപം നൽകിയ യുദ്ധതന്ത്രത്തിന്റെ ഭാഗമായി ഈ പ്രദേശത്ത് മൂന്ന് മൺകുന്നുകൾ സ്ഥാപിച്ചു. പുത്തൻതോപ്പിലെ തെക്കേകുന്ന്, വടക്കേകുന്ന്, ശാന്തിപുരത്തുള്ള മറ്റൊരുകുന്ന് എന്നിവയാണ് അവ. ഈ പ്രദേശത്തുള്ളവർ മൺകലനിർമ്മാണം തൊഴിലാക്കിയ വരായിരുന്നെന്ന് അനുമാനിക്കുന്നു. പിൽക്കാലത്ത് ഇവർതെക്കോട്ടും വടക്കോട്ടും സഞ്ചരിച്ച് വെട്ടുതുറ, വെട്ടുകാട് എന്നി പ്രദേശങ്ങളിൽ താമസമുറപ്പിച്ചു ഈ ജനവിഭാഗം അമ്പലപ്പുഴയിൽ നിന്നും കൊണ്ടുവന്ന ഹിന്ദുമത വിശ്വാസികളായിരുന്ന അരയന്മാർ ആയിരുന്നുവെന്ന് പഴമക്കാർ സ്ഥാപിക്കുന്നു. വളരെക്കാലത്തിനു ശേഷം ഇവർ മതപരിവർത്തനത്തിനു വിധേയരായി ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തുവെന്ന അഭിപ്രായം നിലവിലുണ്ട്.

വിവിധ പ്രദേശങ്ങളിൽ നിന്നും വിവിധ ആചാരാനുഷ്ഠാനങ്ങൾ സ്വീകരിച്ചിരുന്ന ഒരു ജനവിഭാഗമാണ് ഈ പ്രദേശത്ത് കുടിയേറിപ്പാർത്തതെന്ന വസ്തുത ഇന്നത്തെ ജനവിഭാഗങ്ങളിൽ നമുക്കു കാണുവാൻ കഴിയും. ഒരേ മതവിശ്വാസികളാണെങ്കിലും അവരുടെ ഭാഷയിലും ജീവിത രീതികളിലും വൈവിധ്യം കാണപ്പെടുന്നതായി മനസ്സിലാക്കാം.

വിശുദ്ധനായ ഫ്രാൻസിസ് സേവ്യർ ഇവിടം സന്ദർശിച്ചിട്ടുള്ളതായി പറയപ്പെടുന്നു. 1548-ൽ പുതുക്കുറിച്ചിയിൽ നിർമ്മിച്ച ക്രസ്ത്യൻപള്ളിയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ക്രിസ്ത്യൻദേവാലയം. പ്രസ്തുത പള്ളിയിലെ കൊത്തുപണികൾ നടത്തിയത് സിവസ്റ്റർ എന്നു പേരുള്ള വ്യക്തിയാണെന്ന് പറയപ്പെടുന്നു. ഈ വാസ്തുശില്പിതിരുവനന്തപുരം ജില്ലയിലെ പല ക്രിസ്തീയ ദേവാലയങ്ങളിലും ശില്പനിർമ്മാണങ്ങളും കൊത്തുപണികളും നടത്തിയിട്ടുമുണ്ട്. മലയാള ലിപി പരിഷ്ക്കരിക്കുന്നതിന് വളരെ സംഭാവനകൾ നൽകിയിട്ടുള്ള ജോസഫ്മേഡ പുതുക്കുറിച്ചി നിവാസിയാണ്.

പഴഞ്ചിറക്കാടും അരയൻപുലിക്കാടും എന്നു പണ്ടുള്ളവർ വിളിച്ചിരുന്ന ഒരു പ്രദേശവും കഠിനംകുളം പഞ്ചായത്തിലുണ്ട്. പേരിനെ അന്വർത്ഥമാക്കുന്നതരത്തിൽ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ കഠിനംകുളം, മേനംകുളം ഭാഗങ്ങളിൽ പൂല, ഞാറ, കണ്ടൽച്ചെടികൾ, പൂവരശുകൾ, പോങ്ങ്, ആൽ, അരശ്, പുന്ന തുടങ്ങിയ വൃക്ഷങ്ങളാൽ നിബിഡമായിരുന്നതായി അനുമാനിക്കാം.

കഠിനംകുളം മഹാദേവർ ക്ഷേത്രത്തിന് കിഴക്ക് കഠിനംകുളം കായലിനോടു ചേർന്ന് ശംസ്സാവിന്റെ നടയുണ്ട്. ഇവിടം ഒരു കടവായിരുന്നു. ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ കഠിനംകുളത്ത് മുറജപത്തിന് കായൽമാർഗമായിരുന്നു വന്നിരുന്നത്. രാജാക്കന്മാരും, മറ്റുസഞ്ചാരികളും ഇവിടം ഒരു ഇടത്താവളമായി ഉപയോഗിച്ചിരുന്നതായി കരുതുന്നു.

കഠിനംകുളം ഗ്രാമപഞ്ചായത്തിൽ വിളയിൽക്കുളം വഴി കഠിനംകുളത്തോട്ട് പണ്ടുകാലത്ത് ഒരു അമ്പലോടുപാത യുണ്ടായിരുന്നതായും പറയപ്പെടുന്നു.

കഠിനംകുളം പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം -ൽ സ്ഥാപിച്ചത് കഠിനംകുളത്തായിരുന്നു. അതാണ് ഇന്നത്തെ എസ്. കെ. വി. എൽ. പി. എസ്.

ചാന്നാങ്കരയ്ക്ക് കിഴക്കുഭാഗത്തുള്ള 'കാക്കത്തുരുത്ത്' പ്രകൃതി രമണീയമായ ഒരു പ്രദേശമാണ്. അപൂർവ ദേശാടന പക്ഷികളുടെ ഒരു സങ്കേതം കൂടിയാണിത്. നീർനായ്, കുറുക്കൻ തുടങ്ങിയ പല ജന്തുക്കളും ഇവിടെ ഉണ്ടായിരുന്നു. പലതിനും വംശനാശം സംഭവിച്ചിട്ടുമുണ്ട്. വിനോദസഞ്ചാരത്തിന് വളരെ പ്രാധാന്യം അർഹിക്കുന്ന രീതിയിലാണ് ഈ പ്രദേശം സ്ഥിതിചെയ്യുന്നത്. അപൂർവ ജനപക്ഷികളെയും, ഇവിടെ കാണാൻ കഴിയും. കേരളത്തിന്റെ വിനോദസഞ്ചാര ഭൂപടത്തിൽ സ്ഥാനം പിടിക്കാൻ 'കാക്കത്തുരുത്ത്' സർവ്വഥാ യോഗ്യമാണെന്ന് പ്രസ്താവിച്ചുകൊള്ളട്ടെ.

കഠിനംകുളം പഞ്ചായത്തിന്റെ മധ്യഭാഗത്തു കൂടിപ്പോകുന്ന ജലമാർഗ്ഗമാണ് പാർവ്വതീപുത്തനാർ. ഇതിന്റെ ഇന്നത്തെ ശോചനീയവസ്ഥ പറയേണ്ടതില്ല. മാലിന്യകൂമ്പാരം വഹിച്ചുകൊണ്ട് ഒഴുകുന്നു. വിനോദസഞ്ചാരത്തിന് ഊന്നൽ നൽകിക്കൊണ്ട് ഇത് ശുചീകരിച്ച് പുനരുദ്ധരിക്കാനുള്ള ശ്രമം ഉണ്ടാകുമെന്ന് പ്രത്യാശിക്കാം.

ജനങ്ങൾ വിശ്വാസം അർപ്പിച്ചിരുന്ന ചില ദേവാലയങ്ങളുടെ ഐതീഹ്യങ്ങൾ

**ചാന്നാങ്കരമണ്ണെണ്ണമസ്താൻ**

ഇദ്ദേഹം ഒരു സിദ്ധനായിരുന്നു. വളരെക്കാലം ചാന്നാങ്കര പ്രദേശങ്ങളിൽ ചുറ്റിനടന്നിരുന്നതായി പഴമക്കാർ പറയുന്നു. പാക്ക് (അടയ്ക്ക) മണ്ണെണ്ണ തുടങ്ങിയവ അദ്ദേഹത്തിന് വിശിഷ്ടഭക്ഷണങ്ങളായിരുന്നു. സ്ത്രീകളുടെ മുഖത്തു നോക്കാതെയും പല അത്ഭുതങ്ങൾ കാണിച്ചും അദ്ദേഹം നടന്നിരുന്നതായി പറയപ്പെടുന്നു. ചാന്നാങ്കര ഭാഗത്തുള്ള ഒരു സ്ത്രീ മണ്ണെണ്ണ വാങ്ങിക്കൊണ്ടുപോയപ്പോൾ അദ്ദേഹം കുടിക്കാൻ മണ്ണെണ്ണ ആവശ്യപ്പെട്ടു. അവർ സിദ്ധന് അല്പം മണ്ണെണ്ണ നൽകി. ബാക്കി ഉണ്ടായിരുന്ന മണ്ണെണ്ണ

കൊണ്ട് വളരെ സമയം വിളക്കു കത്തിക്കാൻ കഴിഞ്ഞു. വെള്ളത്തിനു പകരം മണ്ണെണ്ണയാണു കുടിക്കാൻ ഉപയോഗിച്ചിരുന്നത്. ഇദ്ദേഹത്തിന്റെ ഖബർ ചാന്നങ്കര പാലത്തിനടുത്താണ്. ആ സ്ഥലമാണ് ഇപ്പോഴത്തെ മണ്ണെണ്ണ മസ്താൻനയ്ക്കാവ്.

അർദ്ധനാരീശ്വരസമാധിക്ഷേത്രം

അർദ്ധനാരീശ്വരൻ, സിലോൺകാരനായ ഒരു വ്യക്തിയായിരുന്നെന്നാണ് പറയപ്പെടുന്നത്. അദ്ദേഹം വിവാഹിതനാവുകയും കാലക്രമത്തിൽ ലൗകികജീവിതത്തിൽ വിരക്തിതോന്നിയ അദ്ദേഹം ദേശസഞ്ചാരത്തിനിറങ്ങിതിരിച്ചു. ആ സഞ്ചാരവേളയിൽ വിജനപ്രദേശമായിരുന്ന പാർവതീപുത്തനാറിന്റെ തീരത്തുള്ള പൊന്തക്കാടുകളിൽ താവളം ഉറപ്പിച്ചു. സ്ത്രീവിദ്വേഷിയായിരുന്ന ഇദ്ദേഹം സ്ത്രീകളെ കണ്ടാൽ കൈതപൊന്തകളിൽ ഒളിച്ചുകളയുമെന്നും പഴമക്കാർ പറയുന്നു. ഇദ്ദേഹത്തിന് പകുതിനാരിയും പകുതി പുരുഷനുമായ രൂപമാണുണ്ടായിരുന്നത്. ഒടുവിൽ അദ്ദേഹം സംസാരിച്ചുകൊണ്ട് സമാധി അടഞ്ഞതായും പറയപ്പെടുന്നു. ആ സമാധിസ്ഥലത്താണ് ഇന്നത്തെ മേനംകുളം അർദ്ധനാരീശ്വരസമാധിക്ഷേത്രം സ്ഥിതിചെയ്യുന്നത്.

ദേശീയപ്രസ്ഥാനം

സ്വാതന്ത്ര്യ പ്രസ്ഥാനത്തിൻന്റെ അലകൾ കഠിനംകുളം പഞ്ചായത്തു പ്രദേശങ്ങളിലും ആഞ്ഞിടിച്ചിട്ടുണ്ട്. തിരുവിതാംകൂർ സ്റ്റേറ്റു കോൺഗ്രസ്സ് രൂപം നൽകിയ പ്രദേശിക സഭകൾ ഈ പ്രദേശത്ത് പ്രവർത്തന നിരതമായിരുന്നു. കണിയാപുരം പ്രാദേശികസഭയെന്നാണ് അത് അറിയപ്പെട്ടിരുന്നത്. അതിന്റെ കാര്യദർശിയായിരുന്നത് ഇന്ന് ജീവിച്ചിരുക്കുന്ന ശ്രീ. ശങ്കരൻ കോൺട്രാക്ടർ എന്ന മാന്യവ്യക്തിയാണ്. കഠിനംകുളം പഞ്ചായത്തിലെ ആദ്യ പ്രസിഡന്റായിരുന്ന ഹാജി അബൂബേക്കർകുഞ്ഞുലബ്ബ അവർകൾ പ്രാദേശിക സഭാംഗമായിരുന്നു. ദണ്ഡിയാത്രയിൽ പങ്കെടുത്ത് അറസ്റ്റുവരിക്കുകയും ജയിൽ വാസം അനുഭവിക്കുകയും ചെയ്ത ശ്രീ. എഡ്‌വേർഡ് ഗോമസ് കഠിനംകുളം പഞ്ചായത്തിലെ പുത്തൻതോപ്പു നിവാസിയാണ്. ഇദ്ദേഹം സിംഗപ്പൂർ പൗരത്വം സ്വീകരിച്ച് അവിടെ കുടുംബസമേതം താമസിക്കുന്നു. തിരുവിതാംകൂർ സ്റ്റേറ്റു കോൺഗ്രസ്സിന്റെ ആഹ്വാനം പ്രകാരം സംഘടിപ്പിച്ച വട്ടിയൂർക്കാവ് സമ്മേളനത്തിൽ ഈ പഞ്ചായത്ത് പ്രദേശത്തുനിന്നും 63 പേർ ഉൾപ്പെടുന്ന ഒരു വാളന്റിയർ സംഘത്തെ പരിശീലനം നൽകി അയയ്ക്കുകയുണ്ടായി. ഇന്നത്തെ സെന്റ് വിൻസന്റ്സ് ഹൈസ്ക്കൂൾ സ്ഥിതിചെയ്യുന്ന പുന്നക്കാട്ടിലെ ചേന്ദ്രകുളം എന്ന സ്ഥലമായിരുന്നു പരിശീലനകേന്ദ്രം. എന്നാൽ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ ഈ പ്രദേശത്തെ ജനങ്ങളുടെ സജീവ പങ്കാളിത്തം വിരളമത്രേ.

സുഭാഷ്ചന്ദ്രബോസ് രൂപം നൽകിയ ഇന്ത്യൻ നാഷണൽ ആർമിയിൽ (ഐ.എൻ.എ) പുതുക്കുറിച്ചിയിലെ ശ്രീ. ബോണിഫെസ് പെരേര സജീവ പങ്കാളിയായിരുന്നു. ബ്രിട്ടീഷ് പട്ടാളത്തിന്റെ ആക്രമണത്തിൽ നിന്ന് ഭാഗ്യത്തിന്, തലനാരിഴരക്ഷപ്പെട്ട ദേശാഭിമാനിയായിരുന്നു ബോണിഫെസ് പെരേര. അദ്ദേഹത്തിന്റെ സഹപ്രവർത്തകനായിരുന്നു വക്കം മുഹമ്മദ്ദുഖാദറിനെ ബ്രിട്ടീഷ് സാമ്രാജ്യത്വം തൂക്കിലേറ്റാൻ

വിധിച്ചു. വിധി നടപ്പിലാക്കാൻ കാലാവധി അടുത്തഘട്ടത്തിൽ പോലും ജയിലിലാൽ കിടന്ന ശ്രീ.ഖാദർ അദ്ദേഹത്തിന്റെ പിതാവിനും അതോടൊപ്പം ശ്രീ. ബോണിഫൈസിനും കത്തുകളയച്ചിരുന്നു. ശ്രീ. ബോണിഫൈസ് പെരേര കേരളത്തിൽ വിഖ്യാതനായ സ്വാതന്ത്ര്യസമര സേനാനിയും ധീരദേശാഭിമാനിയായും അറിയപ്പെടുന്നു.

## സ്വാതന്ത്ര്യാനന്തര കാലഘട്ടം

### സമരങ്ങൾ-ബഹുജനപ്രക്ഷോഭങ്ങൾ

ബഹുജനപ്രസ്ഥാനങ്ങളുടെ ആവിർഭാവത്തോടു കൂടി കഠിനംകുളം പ്രദേശത്തും ജനകീയമുന്നേറ്റങ്ങളുണ്ടായി. പച്ചത്തൊണ്ടു തൊഴിലാളി സമരമാണ് ആദ്യമായി നടന്നത്. പ്രതിഷേധത്തിന്റെ ഭാഗമായി തൊഴിലാളികൾ അന്ന് കഠിനംകുളം കായലിൽ തൊണ്ടുവള്ളങ്ങൾ താഴ്ത്തുക യുണ്ടായി. കാട്ടായിക്കോണം വി. ശ്രീധർ, കാട്ടായിക്കോണം സദാനന്ദൻ, എം.കെ.അലിമുഹമ്മദ് എന്നി നേതാക്കളായിരുന്നു കയർത്തൊഴിലാളിസമരത്തിനു നേതൃത്വം നൽകിയത്. ഈ സമരത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് കയർ മേഖലയിലെ തൊഴിലാളികൾ സംഘടിതസമരത്തിന് ആരംഭം കുറിച്ചത്. കയർ മേഖലയിലെ വർഗ്ഗസമര പ്രസ്ഥാനങ്ങൾ ഉയർന്നതിന്റെ ഫലമായാണ് തൊഴിലാളികൾക്ക് വർദ്ധിച്ചവേതനവും അധ്വാനഭാരം ക്രമീകരിക്കാനും കഴിഞ്ഞത്. 1958 കാലഘട്ടം ആയപ്പോഴേക്കും കയർ മേഖലയിലെ തൊഴിലാളികളെ സംഘടിപ്പിച്ച് കയർ സഹകരണ സംഘങ്ങൾ സ്ഥാപിക്കപ്പെട്ടു. കഠിനംകുളത്തും, പടിഞ്ഞാറ്റുമുക്കിലും കയർത്തൊഴിലാളി പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പിൽക്കാലത്ത് വർഗ്ഗസമരപ്രസ്ഥാനങ്ങൾ പഞ്ചായത്തുപ്രദേശങ്ങളിൽ രൂപം പ്രാപിച്ചു.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത പ്രദേശങ്ങളിൽ നിന്നുപോലും മത്സ്യത്തൊഴിലാളി മേഖലയിൽ സംഘടിതപ്രസ്ഥാനങ്ങൾക്ക് രൂപം നൽകുവാൻ കഴിഞ്ഞിട്ടില്ല. അടുത്തകാലത്താണ് മത്സ്യമേഖലയിലെ തൊഴിലാളികളെ സംഘടിത ട്രേയിഡ് യൂണിയൻ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കുവാൻ കഴിഞ്ഞിട്ടുള്ളത്.

കാർഷികമേഖലശുഷ്കമായിരുന്നു. പഞ്ചായത്തിന്റെ മിക്കപ്രദേശങ്ങളും മുമ്പ് കൃഷിക്ക് ഉപയുക്തമല്ലായിരുന്നു. കർഷകപ്രസ്ഥാനങ്ങൾക്ക് ഈ പഞ്ചായത്തിൽ ചലനം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. ഈ അടുത്തകാലഘട്ടങ്ങളിൽ കാർഷികരംഗത്ത് ആശാവഹമായ പുരോഗതിയുടെ ചലനങ്ങൾ ഉണ്ടായിട്ടുണ്ട്.

ചുരുക്കത്തിൽ മൂല്യവത്തായ ചരിത്ര വിളഭൂമിയാണ് കഠിനംകകളം ഗ്രാമം. ദരിദ്രനും സമ്പാദ്യശീലം സസധാരണക്കാരനും അദ്ധ്വാനിക്കുന്നവനും വിശപ്പു മാറ്റാൻ പാടുപെടുന്ന ഈ തിരദേശ ഗ്രാമം ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ശാപമോക്ഷം തേടുന്നു.




കടലും കായലും തെങ്ങിൻതോപ്പുകളും നെൽ പാടങ്ങളും ചേർന്ന സമതല രൂപമാണ് കഠിനംകുളം പഞ്ചായത്തിനുള്ളത്. ഏകദേശം 1913 ഹെക്ടർ വിസ്തൃതിയിൽ 57 ഹെക്ടർ നിലവും 1399 ഹെക്ടർ പുരയിടവും 445 ഹെക്ടർ കായലുൾപ്പെടയുള്ള പുറമ്പോക്കുമാണ്. സമുദ്രനിരപ്പിന്റെ അതേ ഉയരത്തിലുള്ള പഞ്ചായത്തിന്റെ ഭൂപ്രദേശത്തുള്ള മണൽ വളരെകൂടുതൽ അടങ്ങിയിരിക്കുന്ന മണ്ണും ഉപ്പുരസം കലർന്ന അന്തരീക്ഷവും കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

നല്ല നീർവാഴ്ചയുള്ള മണ്ണിന്റെ ഫലഭൂയിഷ്ഠത താരതമ്യേന കുറവാണ്. ഏതാണ്ട് ഒരേ ഘടനയുള്ള മണ്ണാണ് പഞ്ചായത്തിലാകമാനം കാണുന്നത്. പുതുക്കുറിച്ചി ഒറ്റപ്പന, വെട്ടുതുറ, മര്യനാട്, തുടങ്ങി തീരദേശങ്ങളുടക്കം പഞ്ചായത്തിലെ പ്രധാന കാർഷിക വിള തെങ്ങുമാത്രമാണ്. അങ്ങിങ്ങായി കശുമാവും മരച്ചീനിയും കൃഷിചെയ്യുന്നുണ്ടെങ്കിലും അത്ര വ്യാപകമല്ല. ചെറിയ രീതിയിലെങ്കിലും നെൽകൃഷിയുള്ള കഠിനംകുളം, വിളയിൽകുളം, മേനംകുളം ഭാഗങ്ങളിൽ പാടശേഖരം നികത്തി തെങ്ങും വാഴയും കൃഷിചെയ്യുന്ന പ്രവണത കൂടി വരുന്നു.

ഏകദേശം 3000മി.മി.ൽ കൂടുതൽ മഴ ലഭിക്കുന്ന ഈ പ്രദേശത്ത് വേനൽക്കാലത്ത് ജലസേചനത്തിന് ആവശ്യമായ വെള്ളം ലഭിക്കുന്നില്ല. തുലാവർഷവും ഇടവപ്പാതിയുമാണ് ഇവിടെ മഴ ലഭിക്കുന്നതിനുള്ള മുഖ്യാവലംബം. ക്രമം തെറ്റിയുള്ള മഴ പലപ്പോഴും കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഒരു വശത്ത് കടലും മറുവശത്ത് കായലും ഉള്ള ഈ പഞ്ചായത്തിൽ ശുദ്ധ ജലത്തിന്റെ പ്രധാന സ്രോതസുകൾ കിണറുകളും ജല അതോറിറ്റി പൈപ്പുകളുമാണ്.

## ജനപ്രകൃതി

91-ലെ സെൻസസ് റിപ്പോർട്ടു പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 40406 ആണ്. ഇതിൽ 19751 പേർ പുരുഷന്മാരും 20655 പേർ സ്ത്രീകളുമാണ്. സ്ത്രീപുരുഷ അനുപാതം 1058 ആണ്. ഇത് ജില്ലയിലെ സ്ത്രീപുരുഷ അനുപാതത്തിന് സമമാണ്. ആകെ ജനസംഖ്യയിൽ 3829 പട്ടിക ജാതിക്കാരുണ്ട്. പട്ടികവർഗത്തിൽപ്പെട്ട കുടുംബങ്ങൾ പഞ്ചായത്തിൽ ഇല്ല എന്നു രേഖകളിൽ നിന്നും മനസ്സിലാകുന്നു. ആറു വയസിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 5694 ആണ്. അതിൽ 2937 ആൺകുട്ടികളും 2757 പെൺകുട്ടികളും ആണ്.

| | ജനസംഖ്യ | പട്ടികജാതിവിഭാഗം | ആറുവയസിൽ താഴെയുള്ള കുട്ടികൾ |
|---|---|---|---|
| സ്ത്രീ | 20655 | 1955 | 2937 |
| പുരുഷൻ | 19751 | 1874 | 2757 |
| ആകെ | 40406 | 3829 | 5694 |

പഞ്ചായത്തിന്റെ സാക്ഷരതാനിരക്ക് പുരുഷന്മാരിൽ 85% ഉം സ്ത്രീകളിൽ 70% ഉം ആണ്. പൊതു വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസരംഗത്തും പഞ്ചായത്തിലെ ജനങ്ങളുടെ പ്രാതിനിധ്യം കുറവാണ്. മനുഷ്യശക്തിയിൽ പഞ്ചായത്ത് മുൻപന്തിയിലാണെങ്കിലും ഉപയോഗിക്കപ്പെടാതെപ്പോകുന്ന ശക്തിയിൽ കൂടുതൽ സ്ത്രീശക്തിയാണ്. ആകെ സ്ത്രീകളിൽ 13788 പേർ യാതൊരു വിധതൊഴിലുകളിലും ഏർപ്പെടുന്നില്ല. അതായത് അലസമായിരിക്കുന്ന സ്ത്രീശക്തി 77% ഏറെയാണ്. അതേ സമയം പുരുഷന്മാരിൽ ഉപയോഗിക്കപ്പെടാതെ നഷ്ടപ്പെടുന്ന തൊഴിൽശക്തി 4.7% ആണ്. പഞ്ചായത്തിലെ ജനസംഖ്യയിൽ ഈ നഷ്ടം 62% ആണ്. പഞ്ചായത്തിൽ വിവിധ മേഖലകളിൽ പണിയെടുക്കുന്നവരുടെ എണ്ണം താഴെപറയുന്ന പട്ടികയിൽ നിന്നു മനസിലാക്കാം.

മുഖ്യ തൊഴിലുകൾ

| തൊഴിൽ | പു. | സ്ത്രീ | മൊത്തം |
|---|---|---|---|
| കൃഷിക്കാർ | 354 | 58 | 412 |
| കർഷകതൊഴിലാളികൾ | 1232 | 290 | 1522 |
| മത്സ്യബന്ധനം മൃഗസംരക്ഷണം | 3736 | 12 | 3748 |
| പാറപ്പണി | 8 | - | 8 |
| കുടിൽവ്യവസായം | 70 | 212 | 292 |
| കുടിലേതരവ്യവസായം | 651 | 1944 | 2595 |
| കെട്ടിടം റോഡ്നിർമ്മാണം | 480 | 12 | 492 |
| വാണിജ്യം | 779 | 703 | 1482 |
| ഗതാഗതം | 445 | 36 | 481 |
| മറ്റ്സേവനങ്ങൾ | 905 | 455 | 1360 |
| മൊത്തം തൊഴിലെടുക്കുന്നവർ | 8660 | 3722 | 12382 |
| ഭാഗികതൊഴിൽ ചെയ്യുന്നവർ | 306 | 208 | 514 |
| പണിചെയ്യാത്തവർ | 8028 | 13788 | 21816 |
| മൊത്തം ജനസംഖ്യ (കുട്ടികൾ ഒഴികെ) | 16994 | 17718 | 34712 |



# സാമൂഹിക-സാമ്പത്തിക മേഖലകൾ

# കൃഷിയും ജലസേചനവും

തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം ബ്ലോക്ക് അതിർത്തിയിൽ വരുന്നതാണ് കഠിനംകുളം പഞ്ചായത്ത്. കടൽതീരത്തിനോട് ചേർന്ന് കിടക്കുന്ന ഈ പ്രദേശത്തെ മുഖ്യതൊഴിൽ മത്സ്യബന്ധനവും അതിനോടനുബന്ധിച്ചുള്ള വ്യവസായങ്ങളുമാണ്. ഏകദേശം 1913 ഹെക്ടർ സ്ഥലമാണ് മൊത്തമായ ഭൂപ്രദേശം. ഇതിൽ 67 ഹെക്ടർ നിലവും 1399 ഹെക്ടർ പുരയിടവും 446 ഹെക്ടർ പുറമ്പോക്കും (കായൽ ഉൾപ്പെടെ) ഉൾപ്പെടുന്നു. മണൽ വളരെയധികമുള്ള മണ്ണും, ഉപ്പുരസം കലർന്ന അന്തരീക്ഷവും കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടെങ്കിലും ഒരു വിധപ്പെട്ട എല്ലാ കാർഷിക വിളകളും സമൃദ്ധമായി കൃഷി ചെയ്യുവാൻ കഴിയുമെന്നതിന് അനേകം കൃഷിക്കാരുടെ അനുഭവം ഈ പ്രദേശത്ത് ചൂണ്ടിക്കാണിക്കാവുന്നതാണ്. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ കുടുംബങ്ങൾ, മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ, സ്വന്തമായി ഭൂമിയില്ലാത്തവർ എന്നിവരടങ്ങുന്ന ഒരു വലിയ ശതമാനം ആൾക്കാരെ ക്കൂടി കൃഷിയിൽ തല്പരരാക്കിക്കൊണ്ടുള്ള ഒരുകാർഷിക പദ്ധതി ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു

ഏകദേശം 3000 മി.മീറ്ററിൽ കൂടുതൽ മഴ ലഭിക്കുന്ന ഈ പ്രദേശത്ത് വേനൽക്കാലത്ത് ജലസേചനാവശ്യത്തിന് വേണ്ടത്ര വെള്ളം ലഭിക്കുന്നില്ല. മണ്ണിന്റെ ജലസംഭരണശേഷി കുറവായത് കൊണ്ട് വേഗം ഉണക്ക് ബാധിക്കുകയും ചെയ്യുന്നു. മണൽ കലർന്ന മണ്ണിൽ ജൈവാംശം ഇല്ലെന്ന് തന്നെ പറയാം. രാസവളങ്ങളുടെ ഉപയോഗം ജൈവാംശം ഇല്ലാത്ത സാഹചര്യത്തിൽ പുളിരസം വർദ്ധിപ്പിക്കുന്നു.

ഈ പഞ്ചായത്തിലെ മൊത്തം കർഷകരിൽ ഏകദേശം 85% ശതമാനത്തോളം ചെറുകിടനാമ മാത്ര കർഷകരും ബാക്കി വരുന്ന 15 ശതമാനം വൻകിട കർഷകരുമാണ്. 15 ശതമാനത്തിൽ വരുന്ന പലരും കൃഷിഭൂമി ഫലപ്രദമായി ഉപയോഗിക്കാത്തവരാണ്.

മിക്കവാറും എല്ലാ കാർഷികവിളകളുടെ കാര്യത്തിലും ഒരു ഉപഭോക്തൃ സംസ്ഥാനമായ നമ്മുടെ കേരളത്തിന് അനുയോജ്യമായ പദ്ധതികൾ വളരെ ശ്രദ്ധാപൂർവ്വം ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

അതായത് ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ പരിശോധിച്ച് പഠിച്ച് അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുവാൻ നമുക്ക് കഴിയണം. ഇവിടെ നമ്മുടെ പഞ്ചായത്തിൽ മണ്ണിന്റെ സ്വഭാവം, അന്തരീക്ഷസ്ഥിതി, ഊഷ്മാവ്, ലഭിക്കുന്ന ശരാശരി മഴ ഇവയെല്ലാം കണക്കിലെടുത്തുകൊണ്ടും, തരിശായിട്ടും, പിന്നെ ഫലപ്രദമായി ഉപയോഗിക്കാതെയും കിടക്കുന്ന ഭൂമിയിൽ ഫലവൃക്ഷങ്ങൾ, വനവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ തുടങ്ങിയവ വച്ചു പിടിപ്പിച്ചും, പഴം, പച്ചക്കറി വിപണന സംസ്കരണത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊണ്ടും കാർഷികാഭിവൃത്തി കൈവരിക്കാവുന്നതാണ്. കർഷകന്റെ കൃഷിസ്ഥലം ഒരു അടിസ്ഥാനഘടകമായി എടുത്തു കൊണ്ട് ഒരു ഫാം പ്ലാൻ തയ്യാറാക്കിയതിനുശേഷമുള്ള ഒരു പൊതുപദ്ധതിയാണ് ഇവിടെ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.

പട്ടിക 1.

| ഇനം | വിസ്തീർണം (ഹെക്ടർ) |
|---|---|
| നിലം | 57 |
| പുരയിടം | 1399 |
| പുറമ്പോക്ക് | 445 |
| കൃഷിയോഗ്യ തരിശ് | 2 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 9.7 |
| ആകെ | 1912.70 |

## കൃഷിവികസനം ആവശ്യങ്ങളും സാദ്ധ്യതകളും

തീരദേശ ഗ്രാമമായതിനാൽ കഠിനംകുളം പഞ്ചായത്തിലെ നല്ലൊരു വിഭാഗം ആളുകളും മത്സ്യബന്ധനത്തിലും അനുബന്ധവ്യവസായങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. കേരളത്തിലെ പൊതുവായ വ്യവസ്ഥ പോലെ, എല്ലാ ഭക്ഷണസാധനങ്ങൾക്കും നാളികേരമൊഴികെ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. അതുകൊണ്ടു തന്നെ സമഗ്രമായ ഒരു പദ്ധതി ആസൂത്രണം ആവശ്യമായിരിക്കുന്നു.

വീട്ടുപറമ്പ് ഒരടിസ്ഥാനയൂണിറ്റായി കണ്ട് ഓരോ കർഷകനും വേണ്ടി ഒരു ഫാം പ്ലാൻ തയ്യാറാക്കി മുന്നോട്ടുപോവുക. ഓരോ കർഷകരിലും നമുക്കു വേണ്ടുന്ന ഭക്ഷണസാധനങ്ങൾ നാം തന്നെ ഉല്പാദിപ്പിച്ചെടുക്കേണ്ട ആവശ്യകതയെപ്പറ്റി ബോധം ഉണ്ടാക്കിയെടുക്കുക എന്നുള്ളതാണ് എല്ലാറ്റിനുമുപരിയായിട്ടുള്ളത്. ഓരോ വീട്ടിലും വികസനത്തിന്റെ സാധ്യതകൾ ആരായുന്നതോടൊപ്പം അവരുടെ താത്പര്യങ്ങളനുസരിച്ച് അവ വളർത്തിക്കൊണ്ടു വരുന്നതിനായിരിക്കണം ഊന്നൽ നൽകേണ്ടത്.

നെൽകൃഷി നഷ്ടമാണെന്ന് കരുതി പിൻവാങ്ങുന്നവരെ തുടർന്നും നെൽകൃഷി രംഗത്ത് ഉറപ്പിച്ചു നിർത്തേണ്ടത് വളരെ അത്യാവശ്യമാണ്. അതുപോലെതന്നെ ഓരോ സെന്റ് സ്ഥലത്ത് നിന്നും പരമാവധി ആദായം ലഭിക്കേണ്ട രീതിയിലുള്ള ഒരു പദ്ധതി ആസൂത്രണം ആവശ്യമായിരിക്കുന്നു. കഠിനംകുളം പഞ്ചായത്തിലെ ഓരോ വിളകളുടെയും ഉല്പാദനക്ഷമത സംസ്ഥാന ആവറേജിനെക്കാൾ വളരെ കുറവാണ്.

പട്ടിക II

| വിള | മൊത്തം ഉൽപാദനം | ഉത്പാദനക്ഷമത (ഹെക്ടർ) |
|---|---|---|
| നെല്ല് ഒന്നാം വിള | 114MT | 2000Kg/ha |
| നെല്ല് രണ്ടാം വിള | 109.44MT | 1920 Kg |
| പയർ | 8000 Kg | 600Kg |
| എള്ള് | 700Kg | 350Kg |
| പച്ചക്കറികൾ | 40MT | 4MT |
| തെങ്ങ് | 20,74,425 | 25 |
| വാഴ | 150MT | 10MT |
| മരിച്ചീനി | 198MT | 18MT |
| കുരുമുളക് | 4MT | 800Kg |
| പ്ലാവ് | 20MT | 3.75T |
| കശുമാവ് | 19.2MT | 1.2MT |
| മാവ് | 30MT | 1.5MT |

ഈ സ്ഥിതി മാറണം. അതുപോലെതന്നെ മണ്ണിന്റെ ഘടനയും സ്വഭാവവും മാറ്റിയെടുക്കേണ്ടത് വളരെയധികം അത്യാവശ്യമാണ്. എങ്കിൽ മാത്രമേ നമുക്ക്, ഉദ്ദേശിച്ച രീതിയിൽ വിവിധ വിളകൾ ലാഭകരമായി കൃഷി ചെയ്യാനാകു.

അതിനായി ചകിരിച്ചോറിൽ നിന്ന് കമ്പോസ്റ്റ്, പച്ചില വളങ്ങൾ തുടങ്ങിയ ജൈവവളപ്രയോഗങ്ങളുടെ സാധ്യതകൾ ആരായേണ്ടിയിരിക്കുന്നു. പുഞ്ചകൃഷി പ്രോൽസാഹനത്തിലൂടെ നെല്ലിന്റെ മൊത്തം ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയും. മൂന്നാം വിള കാലത്ത് നെല്ല് കൃഷി ചെയ്യാത്ത പാടങ്ങളിൽ താൽക്കാലിക ജലസേചന മാർഗങ്ങളിലൂടെ വെള്ളരി, പയറ്, വെണ്ട, ചീര, പച്ചമുളക്, തക്കാളി, പാവൽ, പടവലം മുതലായ പച്ചക്കറികൾ കൃഷി ചെയ്യുവാൻ സാധിക്കും.

മത്സ്യബന്ധനവും സംസ്കരണവും വൻതോതിൽ ഉള്ളതിനാൽ ജൈവാംശസംപുഷ്ടമായ മീൻവളം ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതയും കാണുന്നുണ്ട്.

ഇതിനെല്ലാം പുറമെ വാഴകൃഷി, പപ്പായകൃഷി, കപ്പലണ്ടികൃഷി, എള്ള്കൃഷി, പൈനാപ്പിൾകൃഷി മുതലായവയുടെ സാധ്യതകളും കൂടി കണക്കിലെടുത്ത് ഫലപ്രദമായ ഒരു പദ്ധതി ആസൂത്രണം കാർഷിക വികസനത്തിനും ആവശ്യമായിരിക്കുന്നു.

## നിർദ്ദേശങ്ങൾ

### 1. നെൽകൃഷി

നെൽകൃഷി പ്രധാനമായും രണ്ട് സീസണിൽ (വിരിപ്പു, മുണ്ടകൻ) ചെയ്യുന്നു. പുഞ്ചകൃഷി എങ്ങും ചെയ്യുന്നതായി കാണുന്നില്ല. ആകെ 57 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നു. എന്നാൽ കൃഷി ചെയ്യുവാൻ സാധിക്കുന്ന 10 ഹെക്ടറോളം സ്ഥലം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ കാരണങ്ങൾ കൊണ്ട് കൃഷിയിറക്കാതെ കിടക്കുന്നു.

പ്രധാനമായും പഞ്ചായത്തിലെ 3,4,7,8,9,11,14 എന്നീ വാർഡുകളിലാണ് നെൽകൃഷി ചെയ്യുന്നത്. നെൽകൃഷി ചെയ്യുന്ന പ്രധാനപ്പെട്ട പാടശേഖരങ്ങൾ താഴെപ്പറയുന്നവയാണ്.

| | | |
|---|---|---|
| 1. | വലിയേല തെക്ക് പാടശേഖരം | 21 ഹെക്ടർ |
| 2. | വലിയേല വടക്ക് പാടശേഖരം | 10 |
| 3. | പടിഞ്ഞാറ്റേല | 8.6 |
| 4. | മുണ്ടു കരി ഏലാ | 10 |
| 5. | കഠിനംകുളം ഏലാ | 7.4 |

കൂടാതെ ചിന്നിയും ചിതറിയും കുറച്ചു സ്ഥലത്ത് കൂടി നെൽകൃഷി ചെയ്യുന്നു. ഏകദേശം 10 -15 വർഷം മുൻപ് 145 ഹെക്ടറോളം നെൽകൃഷി ഉണ്ടായിരുന്ന ഒരു പഞ്ചായത്തായിരുന്നു കഠിനംകുളം എന്നത് വളരെയധികം ശ്രദ്ധേയമായിരുന്ന ഒരു വസ്തുതയാണ്. കൃഷി തികച്ചും മഴയെ ആശ്രയിച്ചുള്ളതാകുന്നു. നെൽ കൃഷിക്ക് പ്രത്യേകം ജലസേചന സൗകര്യം ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. സാധ്യതയുണ്ടെങ്കിലും മണ്ണിന്റെ ഫലപുഷ്ടി തീരെ കുറവായതിനാലും മഴയെ ആശ്രയിച്ചുള്ള കൃഷി ആയതിനാലും വിളവ് മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്.

മൂന്നാം വിളകാലത്ത് പയർ, ഉഴുന്ന്, കപ്പലണ്ടി മുതലായവ കൃഷി ചെയ്തുവരുന്നു. കാലാവസ്ഥ അനുകൂലമാകുമ്പോൾ തീരെ മോശമല്ലാത്ത വിളവ് ലഭിക്കുന്നു.

അമിതമായ പണിക്കൂലി നെൽകൃഷി ലാഭകരമല്ലാത്ത സ്ഥിതിയിൽ കൊണ്ടെത്തിക്കുന്നതിനാൽ വയലേലകൾ എല്ലാം തെങ്ങ് കൃഷിക്കു വഴിമാറി കൊടുക്കുന്ന കാഴ്ചയാണ് ഇന്നെങ്ങും. കൂടാതെ മഴക്കാലത്ത് വയലുകൾ കെട്ടിക്കിടക്കുന്ന വെള്ളം ഒഴുക്കി വിടുന്നതിനുള്ള സൗകര്യം ഒരു പാടശേഖരത്തിലും ഇല്ല. അതുകാരണം നെൽച്ചെടികൾ അഴുകി ധാരാളം നഷ്ടം സംഭവിക്കുന്നു.

നെൽകൃഷിയെ ഒരളവുവരെയെങ്കിലും സംരക്ഷിക്കുന്നതിനായി നിലവിലുളളതും ഇപ്പോൾ വേണ്ടത്ര രീതിയിൽ സംരക്ഷിക്കാത്തതുമായ കുറെയേറെ ജലനിർഗമനചാലുകൾ അഥവാ തോടുകൾ അത്യാവശ്യമായി സംരക്ഷിക്കേണ്ടതുണ്ട്.

പ്രധാനപ്പെട്ട നീർച്ചാലുകൾ താഴെപ്പറയുന്നവയാണ്.

1. വലിയേലനടുത്തോട് :- ഏകദേശം 5 കി.മീറ്ററോളം നീളമുള്ള ഈ തോട് ആറ്റിപ്രപഞ്ചായത്തിലെ ഒരു സ്വകാര്യചിറയിൽ നിന്നാരംഭിച്ച് വലിയേല പാടശേഖരങ്ങളുടെ നടുവിലൂടെ ഒഴുകി കഠിനംകുളം കായലിൽ ചെന്നു ചേരുന്നു.

2. വലിയേല പടിഞ്ഞാറേതോട്:- വലിയേലയുടെ പടിഞ്ഞാറ് ഭാഗത്തുള്ള തോടാണിത്. 4 കിലോമീറ്ററോളം വരുന്ന ഈ തോട് 11,14 എന്നീ വാർഡുകളിൽ

സ്ഥിരമായിട്ട് ഉണ്ടായിരുന്നതാണ്. ഇപ്പോൾ വ്യാപകമായി നിലം നികത്തൽ വന്നപ്പോൾ തോട് പേപ്പറിൽ മാത്രമായിത്തീർന്നു.

3. മൂണ്ടുകരിതോട്:- ഇത് മൂണ്ടുകരിഏലായുടെ നടുക്കുകൂടി ഒഴുകുന്ന തോടാണ്. വലിയേല നടുത്തോടുമായി ചേർന്ന് 8,9,11 എന്നീ വാർഡുകൾ ഉൾക്കൊണ്ട് കഠിനംകുളം കായലിൽ പതിക്കുന്നു. സംരക്ഷിച്ചെടുക്കേണ്ടതാണ് ഈ തോടും.

4. പഴഞ്ചിറ-കരിഏലാതോട്; നടുവാരംതോട്:- എന്നിവ പഴഞ്ചിറ കഠിനംകുളം ഭാഗത്തെ നെൽവയലുകളിലെ വെള്ളം ഒഴുകിപോകുന്നതിനുള്ളതാണ്. ഈ തോട്ടിലൂടെ ഓരുവെള്ളം കയറി നെൽകൃഷിക്ക് നാശനഷ്ടങ്ങളുണ്ടാകാറുണ്ട്.

5. ഇല്ലിക്കാട്ടിൽതോട്, കണ്ടവിളതോട്, വടക്കേ വിളതോട് ഈ മൂന്ന് തോടുകളും പഴഞ്ചിറ ഏലായിൽനിന്നും കിഴക്കോട്ടൊഴുകി കഠിനംകുളം കായലിൽ ചേരുന്നു.

6. അണക്കപിള്ള ഏലാതോട്:- ഈ തോട് പതിനൊന്നാം വാർഡിലെ ഇപ്പോൾ നികത്തി ഹൗസിംഗ് കോളനിയാക്കിയ ചിറയുമായി ബന്ധപ്പെട്ടതാണ്. ചിറയിൽനിന്നുള്ള തോട് 11,9,8 വാർഡുകളുടെ ഭാഗത്തു പലസ്ഥലത്തും നികന്നു കഴിഞ്ഞു. അവിടവിടയായി ചില ഭാഗങ്ങളിൽ തോടു കാണുന്നുണ്ട്. ഇപ്പോൾ അണക്കപിള്ള ഭാഗത്തുമാത്രം ഈ തോടും അതോടനുബന്ധിച്ചു കുറച്ചു നെൽകൃഷിയും കാണുന്നു. ഓരു വെള്ളം ഈ തോടുവഴിയും കയറുന്നുണ്ട്. കുറെ നാളുകൾക്ക് മുൻപ് സാമാന്യം നല്ല രീതിയിൽ നന്നായി വെള്ളം ഒഴുക്കി പൊയ്ക്കൊണ്ടിരിന്ന ഈ തോടിന്റെ ഇന്നത്തെ സ്ഥിതി തികച്ചും ശോചനീയമാണ്. ഈ തോട് പഴയതുപോലെ നന്നാക്കിയെടുത്താൽ ധാരാളം സ്ഥലം ഏകദേശം 10 ഏക്കറോളം നെൽകൃഷി (2 പൂവും) ചെയ്യാൻ സാധിക്കും.

മേൽപ്പറഞ്ഞ എല്ലാ തോടുകളും പാടശേഖരങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നു. ആകയാൽ നെൽകൃഷി വികസനം എന്ന് ഉദ്ദേശിക്കുമ്പോൾ തന്നെ ഈ തോടുകളുടെ സംരക്ഷണവും പുനർനിർമ്മാണവും വളരെയധികം ശ്രദ്ധ അർഹിക്കുന്നു.

നെൽകൃഷി കുറച്ചുകൂടി സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും ഉല്പാദനക്ഷമത കൂട്ടുന്നതിനുമായി താഴെപ്പറയുന്ന ചില നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതാണ്.

1. നിലവിലുള്ള പാടശേഖരസമിതികൾ മാത്രമേ കുറച്ചെങ്കിലും പ്രവർത്തനക്ഷമതയോടെ കാര്യങ്ങൾ നടത്തുന്നുള്ളൂ. എല്ലാ പാടങ്ങളും ഗ്രൂപ്പ് ഫാമിംഗ് പദ്ധതിയിൽ കീഴിൽ കൊണ്ടുവന്ന് എല്ലാ സമിതികൾക്കും പവർടില്ലർ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ എടുക്കുക.

2. വലിയേല നടുത്തോടിന്റെ വീതി 2M നിലനിർത്തിക്കൊണ്ട് side wall കെട്ടി സംരക്ഷിച്ചെടുക്കുക. കൂടാതെ ഇരുവശങ്ങളിലും വയലുകളിൽ നിന്നും വെള്ളം ഒഴുകി തോട്ടിൽ എത്തിക്കുന്നതിനുള്ള പൈപ്പ് സ്ഥാപിച്ച് വശങ്ങൾ കരിങ്കൽഭിത്തി കെട്ടി സംരക്ഷിക്കുകയും വരും കാലങ്ങളിൽ നെൽകൃഷിക്ക് ഉപയോഗിക്കത്തക്കനിലയിൽ സൗകര്യപ്രദമായ സ്ഥലങ്ങളിൽ വെള്ളം തടഞ്ഞുനിർത്തുന്നതിനുള്ള പിപ്പുകളും ക്രോസ്ബാറുകളും നിർമിക്കുക.

3. അണക്കപിള്ളതോട് ശരിയായ രീതിയിൽ സംരക്ഷിച്ച് ഓരുവെള്ളം കയറാത്ത രീതിയിൽ ക്രമീകരണങ്ങൾ നടത്തുക.

4. മേൽ വിവരിച്ച എല്ലാ തോടുകളും ശരിയാംവണ്ണം സംരക്ഷിച്ച് നെൽകൃഷിയ്ക്ക് ഉപയുക്തമായ രീതിയിൽ ആക്കിയെടുക്കുക.

5. വേനൽക്കാലത്ത് നെൽകൃഷി വരൾച്ച മൂലം നശിക്കാതിരിക്കുന്നതിന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആവിഷ്കരിക്കുക. ഇതിനായി പാടശേഖരസമിതികളിലൂടെ കർഷകരെ സംഘടിപ്പിച്ച് 5 ഹെക്ടർ വിസ്തീർണ്ണം വരുന്ന പ്രദേശങ്ങളുടെ ഒരു ഗ്രൂപ്പായി എടുത്ത് ഗ്രൂപ്പ് ഇറിഗേഷൻ സമ്പ്രദായം നടപ്പാക്കുക.

6. മൂന്നാംവിളകാലത്ത് പുഞ്ചകൃഷി ചെയ്യാൻ പറ്റുന്ന പാടങ്ങളിൽ നെൽകൃഷി പ്രോൽസാഹിപ്പിക്കുകയും പുഞ്ചകൃഷി സാധ്യമല്ലാത്ത പാടങ്ങളിൽ പയർ, എള്ള്, മലക്കറിവർഗങ്ങൾ കപ്പലണ്ടി മുതലായവ കൃഷി ചെയ്യിപ്പിക്കുകയും ചെയ്യുക.

## 2. തെങ്ങ് കൃഷി

കഠിനംകുളം പഞ്ചായത്തിലെ മുഖ്യവിളയാണ് തെങ്ങ്. എന്നാൽ അശാസ്ത്രീയമായ കൃഷി അനുവർത്തിക്കുന്നതിനാൽ ഉല്പാദനക്ഷമത തീരെകുറവായി കാണുന്നു. ഇതിന്റെ പ്രധാനകാരണങ്ങൾ നമുക്ക് വിശകലനം ചെയ്യുമ്പോൾ മനസ്സിലാക്കുന്നത് മണ്ണിന്റെ ജൈവാംശം ഇല്ലായ്മയും, പിന്നെ തീരെ അകലത്തിൽ അല്ലാതെ തെങ്ങിൻതൈ നട്ടിരിക്കുന്നതുകൊണ്ടുമാണ്. പിന്നെ പരിചരണ കുറവും ഒരു കാരണമാണ്. ഏകദേശം 60-70 ശതമാനത്തോളം സ്ഥലങ്ങളിൽ ജലസേചനസൗകര്യം ഇപ്പോൾതന്നെ ഉണ്ട്. രോഗകീടബാധ മൂലവും ഉല്പാദനം കുറഞ്ഞുകാണുന്നു. തെങ്ങിന്റെ ഉല്പാദനക്ഷമത കൂട്ടുന്നതിനായി താഴെ വിവരിക്കുന്ന നടപടികൾ കൈകൊള്ളാവുന്നതാണ്.

1. മണൽ കലർന്ന മണ്ണിന്റെ ഫലപുഷ്ടിയും ജലസംഭരണ ശേഷിയും വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിലെ മുഴുവൻ സ്ഥലത്തും ചെമ്മണ്ണ് ഇടുന്നതിനുള്ള നടപടികൾ കൈകൊള്ളുക.

2. വാർഡുതലത്തിൽ പഞ്ചായത്ത് മെമ്പറന്മാരുടെ നേതൃത്വത്തിൽ കമ്മിറ്റിയുണ്ടാക്കി എല്ലാ തെങ്ങുകൾക്കും മരുന്നു തളിപ്രയോഗം ഒരു വർഷം രണ്ടു പ്രാവശ്യം എന്ന തോതിൽ കർശനമായും നടത്തുക.

3. ശാസ്ത്രീയമായ രീതിയൽ കൃത്യമായ അകലത്തിൽ തെങ്ങ് നടുവാനും ശാസ്ത്രീയ വളപ്രയോഗം അനുവർത്തിക്കുവാനും കർഷകരെ ബോധവൽക്കരിക്കുക.

4. ഉല്പാദനം തീരെകുറഞ്ഞതും രോഗകീടബാധയുള്ളതുമായ തെങ്ങുകൾ മുറിച്ചുമാറ്റി പകരം ആരോഗ്യമുള്ള തൈകൾ വച്ചുപിടിപ്പിക്കുക.

5. ശാസ്ത്രീയമായ ജലസേചന സമ്പ്രദായത്തെപ്പറ്റി കർഷകരെ ബോധവൽക്കരിക്കുക.

6. ജലസേചനസൗകര്യമില്ലാത്തതും എന്നാൽ 30 cent-ൽ കുറവ് സ്ഥലമുള്ള കർഷകർക്ക്കൂടി ആനുകൂല്യം കിട്ടുന്നതിനുമായി വായ്പാ, സബ്സിഡി നയം ഉദാരവൽക്കരിക്കുക.

7. തെങ്ങിൻ തോട്ടത്തിൽ നിന്നും പരമാവധി ആദായം ലഭിക്കുന്നതിനായി വാഴ, പുഷ്പകൃഷി, മലക്കറികൃഷി, പൈനാപ്പിൾ തുടങ്ങിയ ഇടവിളകൾ കൃഷി ചെയ്യുക.

8. തെങ്ങിൻ തോപ്പിൽ ഈർപ്പം നിലനിർത്തുന്നതിനായി ചകിരിച്ചോറ്, തൊണ്ട് എന്നിവ ഫലപ്രദമായി ഉപയോഗിക്കുക

9. തേങ്ങയിൽ നിന്നും വൈവിധ്യമുള്ള ഉൽപ്പന്നങ്ങൾ നിർമിക്കുവാനുള്ള സാധ്യതകൾ പരിശോധിച്ച് നടപ്പിലാക്കി തേങ്ങയ്ക്ക് ആദായകരമായ വില ഉറപ്പാക്കുക.

## 3. പച്ചക്കറി കൃഷി

വിപണനത്തിനുവേണ്ടിയുള്ള പച്ചക്കറി കൃഷിയെക്കുറിച്ചു ആലോചിക്കുന്നതിന് മുൻപ് സ്വന്തം ആവശ്യത്തിന് വേണ്ടിയുള്ള പച്ചക്കറിയെങ്കിലും കൃഷിചെയ്യിക്കുവാനായി ഓരോ വീട്ടമ്മമാരെയും ബോധവൽക്കരിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. നാം ഇന്ന് മാർക്കറ്റിൽ പോയി പൊള്ളുന്ന വില കൊടുത്ത് വാങ്ങുന്ന പച്ചക്കറിയിൽ ധാരാളം വിഷാംശം അടങ്ങിയിരിക്കുന്നു. ഇതുകൊണ്ടുതന്നെ നമുക്ക് വേണ്ട പച്ചക്കറികൾ നാം തന്നെ ഉല്പാദിപ്പിക്കുക. ഒരു കുടുംബത്തിന് വേണ്ട പച്ചക്കറി ഉല്പാദിപ്പിക്കുവാൻ ഒരു സെന്റിൽ കൃഷിചെയ്താൽ മതിയാകും. മണ്ണ് മോശമായത് കൊണ്ട് കൃഷി ചെയ്യുവാൻ താത്പര്യം തോന്നാത്തവർക്ക്, പ്ലാസ്റ്റിക് ചാക്കിൽ പച്ചക്കറികൃഷി ചെയ്യാവുന്നതാണ്.

വിപുലമായി പച്ചക്കറികൃഷി ചെയ്യുവാനുള്ള സാധ്യതയും നമ്മുടെ പഞ്ചായത്തിൽ ഇല്ലാതില്ല. പാടശേഖരസമിതികളുടെ സഹകരണത്തോടെ മൂന്നാം വിളക്കാലത്ത് പാടശേഖരങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുവാനാവുന്നതാണ്.

പച്ചക്കറി കൃഷി വിപുലമായി ചെയ്യുവാൻ താത്പര്യമുള്ള കർഷകരെ തെരെഞ്ഞെടുത്ത് അവർക്ക് വേണ്ടത്ര പ്രോൽസാഹനം നൽകി കൃഷി ചെയ്യിപ്പിക്കുക. അങ്ങനെ ഒരു പരിധിവരെ നമുക്ക് ആവശ്യമുള്ള പച്ചക്കറി നമ്മുടെ പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിക്കുവാൻ കഴിയും.

## മറ്റുകൃഷികൾ

വാഴ, പൈനാപ്പിൾ, ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല തുടങ്ങിയ എല്ലായിനം വിളകളും നമ്മുടെ പഞ്ചായത്തിൽ നന്നായി കൃഷി ചെയ്യുവാൻ കഴിയും. ഓരോകർഷകന്റെയും കൃഷിസ്ഥലത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് ഏതൊക്കെ വിളകൾ ലാഭകരമായി കൃഷിചെയ്യുവാൻ കഴിയും എന്ന് പരിശോധിച്ച് ഒരു plan തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കണം.

തീരദേശ പഞ്ചായത്ത് ആയതു കൊണ്ട് കടൽക്കാറ്റിന്റെ ആക്രമണത്തിൽ നിന്നും രക്ഷനേടാൻ കാറ്റാടിത്തൈകൾ വച്ചു പിടിപ്പിക്കുന്നത് വളരെ നല്ലതാണ്. അത് "വിൻഡ് ബ്രേക്ക്" ആയി പ്രവർത്തിക്കും.

പപ്പായ കൃഷിയ്ക്ക് വേണ്ട പ്രോൽസാഹനം നൽകി വിപുലമായി കൃഷി നടത്തുക. എന്നിട്ട് പപ്പായിൻ ഉല്പാദനം ആരംഭിക്കുക.

ചകിരിച്ചോറിൽ നിന്നുള്ള കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, മീൻ വളം മുതലായവ വൻതോതിൽ ഉല്പാദിപ്പിച്ച് വിതരണം നടത്തി മണ്ണിന്റെ ജൈവാംശം നന്നായി വർധിപ്പിക്കുക.

ഒരു വീടിന് ഒരു മുരിങ്ങ, ഒരു പപ്പായ, ഒരു മധുരക്കീര, ഒരു അഗസ്തിക്കീര എന്ന തത്വം നടപ്പിലാക്കണം.

മണൽ വളരെക്കൂടുതലുള്ള മണ്ണായത്കൊണ്ട് കപ്പലണ്ടി നന്നായി കൃഷിചെയ്യുവാൻ കഴിയും. അത് നടപ്പാക്കുക.

ഔഷധച്ചെടികൃഷിയിൽ താത്പര്യമുള്ളവരെ കണ്ടുപിടിച്ച് ഔഷധച്ചെടികൃഷി പ്രോൽസാഹിപ്പിക്കുക.

കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണെന്നുള്ളത് നമുക്കെല്ലാമറിയാം. ഈ നില എത്രനാൾ തുടരാൻ കഴിയുമെന്ന് നമുക്കറിയില്ല. നമ്മുടെ നാട്ടിൽ നമുക്ക് കിട്ടേണ്ട വിഹിതമെല്ലാം അന്യ സംസ്ഥാനക്കാർ കൊണ്ടു പോകുന്നത് നാം നോക്കി നിൽക്കേണ്ട ഗതികേടിലാണിപ്പോൾ. ഈ ഒരവസ്ഥ മാറ്റാൻ പഞ്ചായത്തിലെ ഓരോരുത്തരും സ്വയം ബോധവാൻമാരാകേണ്ടത് അത്യാവശ്യമായിരിക്കുന്നു. നമുക്ക് വേണ്ടത് നാം തന്നെ കൃഷിചെയ്തുണ്ടാക്കുക. ഇതായിരിക്കണം നമ്മുടെ ലക്ഷ്യം.

വികസന പദ്ധതികൾ പലതും കടലാസിൽ ഒതുങ്ങുന്നു എന്നുള്ളത് ഒരു പൊതുവായ ധാരണയാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലുള്ള അപാകതകൾ കാരണമാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇക്കുറി അങ്ങനെയല്ല. അതുകൊണ്ടുതന്നെ ആസൂത്രണം ചെയ്യുന്ന പദ്ധതികൾ എല്ലാം നടപ്പിലാകും എന്നുറപ്പാണ്.

നമ്മുടെ നാട്ടിൽ കൃഷി നഷ്ടമാണ് എന്ന മിഥ്യാധാരണ ഉള്ളത്കൊണ്ട് കൃഷി ഒരു ഉപജീവനമായി സ്വീകരിക്കുവാൻ പലരും വിമുഖത കാണിക്കുന്നു. കൂടാതെ വരൾച്ച, വെള്ളപ്പൊക്കം, ഇടി, മിന്നൽ, ശക്തിയായ കാറ്റ്, കടലാക്രമണം ഇവമൂലം കാർഷികവിളയ്ക്ക് സംഭവിക്കുന്ന കഷ്ടനഷ്ടങ്ങൾ, പണിക്കൂലി, വിലക്കുറവ്, കാർഷിക ഉല്പന്നങ്ങൾ സംസ്കരിക്കുന്നതിനുള്ള അസൗകര്യങ്ങൾ, തുടങ്ങിയ പ്രതികൂല സാഹചര്യങ്ങൾ മൂലവും കൃഷി ഒരു മുഖ്യതൊഴിലായി സ്വീകരിക്കുവാൻ ആളുകൾ മടികാണിക്കുന്നു. ഈ ഒരു അവസ്ഥ മാറ്റിയെടുക്കുവാനാണ് നമ്മുടെ ശ്രമം.

കക്ഷിരാഷ്ട്രീയത്തിനും ജാതിമതചിന്തകൾക്കും അതീതമായി മാനുഷികബന്ധങ്ങൾ മാത്രം കണക്കിലെടുത്ത് ഓരോ മേഖലയിലുമുള്ള ആളുകൾ പരമാവധി സഹകരിച്ചാൽ നമ്മൾ നിർദേശിക്കുന്ന പദ്ധതികൾ തീർച്ചയായും വിജയിക്കും എന്നുള്ളത് ഉറപ്പാണ്.

# മത്സ്യബന്ധനവും മൃഗസംരക്ഷണവും

ഒറ്റപ്പനമുതൽ തുമ്പവരെ പതിനൊന്നു കി.മീ. നീളമുള്ള തീരപ്രദേശത്താണ് പഞ്ചായത്തിലെ ജനസംഖ്യയുടെ അമ്പതുശതമാനവും തിങ്ങിപ്പാർക്കുന്നത്. ഇവിടെ അധിവസിക്കുന്ന ഏതാണ്ട് മൂവായിരത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഏക ഉപജീവനമാർഗ്ഗമാണ് മത്സ്യബന്ധനം. ഇവർ എട്ടുകോടിയോളം രൂപ വിലവരുന്ന മത്സ്യം പ്രതിവർഷം ഉല്പാദിപ്പിക്കുന്നു. ഒറ്റപ്പന, പുതുക്കുറുച്ചി, മര്യനാട്, ശാന്തിപുരം, വെട്ടുതുറ, പുത്തൻതോപ്പ്, സെന്റാൻഡ്രൂസ്, വെട്ടുകാട്, തുമ്പ ഗ്രാമങ്ങളിലായി പടർന്നു കിടക്കുന്ന ഈ മത്സ്യത്തൊഴിലാളി സമൂഹം സാമ്പത്തിക - സാമൂഹിക ജീവിതത്തിലെ ഒരു നിർണ്ണായക ശക്തിയാണ്.

ബഹുഭൂരിപക്ഷം തൊഴിലാളികളും പരുത്തിനൂൽവലകളും കയർ കടങ്ങണികളും തടി ഫ്ലോട്ടുകളും, കരിങ്കൽ ഭാഗങ്ങളും, കയർ കമ്പകളുമുൾക്കൊള്ളുന്ന കമ്പവല, കട്ടമരം തുടങ്ങിയ പരമ്പരാഗത മത്സ്യബന്ധനോപകരണങ്ങളാണ് ഉപയോഗിച്ചുവരുന്നത്. കമ്പവലയെ ആശ്രയിച്ചുള്ള മത്സ്യബന്ധനം ഏതാണ്ട് ഒരു ചൂതുകളി പോലെയാണ്. ഇരുപതുമുതൽ മുപ്പതുവരെയുള്ള തൊഴിലാളികളുടെ കൂട്ടായ അധ്വാനം കൊണ്ടുമാത്രമേ കമ്പവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം സാധ്യമാവുകയുള്ളൂ. `ഉടമ്പടി' എന്ന് വിളിക്കപ്പെടുന്ന ഏതാണ്ട് അടിമവേലയ്ക്ക് സമാനമായ തൊഴിൽ ബന്ധങ്ങളാണ് ഇപ്പോഴും നിലനിൽക്കുന്നത്. `മുച്ചലി' എന്നറിയപ്പെടുന്ന വലയുടമയായിരിക്കും മത്സ്യവിലയുടെ നാല്പതു ശതമാനവും കൊണ്ടുപോവുക. വർഷത്തിൽ ശരാശരി എട്ടുമാസം മാത്രമേ കമ്പവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം സാധ്യമാവുകയുള്ളൂ.

കടലിലെ മത്സ്യസമ്പത്ത് അമിതമായി ചൂഷണം ചെയ്യുന്നതോടെ തീരക്കടലിൽ മാത്രം സാധ്യമായ പരമ്പരാഗത മത്സ്യബന്ധനത്തെ ആശ്രയിച്ച് മത്സ്യത്തൊഴിലാളികൾക്ക് മുന്നോട്ടുപോകാനാവാത്ത സ്ഥിതി വന്നു ചേർന്നിട്ടുണ്ട്. പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങൾ യന്ത്രവല്ക്കരിച്ചുകൊണ്ടു

മാത്രമേ ഇതിനെ മറികടക്കാൻ നമുക്കു കഴിയുകയുള്ളൂ. എഴുപതുകളുടെ അവസാനം, മര്യനാട് പ്രദേശത്ത് കുടിയേറിപ്പാർക്കുന്ന വിദഗ്ദമത്സ്യത്തൊഴിലാളികളാണ് തങ്ങളുടെ കട്ടമരങ്ങളിലും വള്ളങ്ങളിലും ഓട്ട്ബോർഡ് എഞ്ചിനുകൾ ഘടിപ്പിച്ചുകൊണ്ടുള്ള മത്സ്യബന്ധനം നമ്മുടെ പഞ്ചായത്തിൽ ആദ്യമായി പരീക്ഷിക്കുന്നത്. ഈ രീതിയിലുള്ള മത്സ്യബന്ധനം വളരെ മെച്ചമെന്നു കണ്ട അവർ ഇത്തരം വള്ളങ്ങൾ വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങി. തടികൊണ്ടു നിർമ്മിക്കപ്പെട്ടിരുന്ന വള്ളങ്ങൾ പില്ക്കാലത്ത് മറൈൻ പ്ലൈവുഡ് വള്ളങ്ങൾക്ക് വഴിമാറി. 7 HP എഞ്ചിനുകളാണ് പ്രഥമികഘട്ടത്തിൽ ഉപയോഗിക്കപ്പെട്ടത്. ഇപ്പോൾ 9ഉം 25ഉം HP എഞ്ചിനുകളാണ് പ്രചാരത്തിലുള്ളത്. പരുത്തിവലകളുടെ സ്ഥാനം നൈലോൺ വലകൾ കയ്യടക്കി. ചൂണ്ട ഉപയോഗിച്ചുള്ള മത്സ്യബന്ധനവും വ്യാപകമായി. രാത്രികാലങ്ങളിൽ മത്സ്യങ്ങളെ ആകർഷിക്കുന്ന പ്രകാശവലയം കടലിൽ സൃഷ്ടിച്ചും മത്സ്യകൂട്ടങ്ങൾക്ക് തങ്ങിനില്ക്കുന്നതിനുവേണ്ട കൃത്രിമ പാരുകൾ നിർമ്മിച്ചും മത്സ്യബന്ധനം അടിമുടി ആധുനീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്ന് ഏതാണ്ട് 250 ഓളം യന്ത്രവൽകൃത വള്ളങ്ങൾ മര്യനാട് പ്രദേശത്ത് മാത്രം മത്സ്യബന്ധനം നടത്തിവരുന്നു.

മത്സ്യബന്ധനമേഖലയിൽ മര്യനാട് പ്രദേശത്തുണ്ടായ ഈ ആധുനീകരണം സമീപ വർഷങ്ങളിൽ പഞ്ചായത്തിലെ ഇതര മത്സ്യബന്ധന ഗ്രാമങ്ങളിലേക്കും വ്യാപിക്കുകയുണ്ടായി. എങ്കിലും ആഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും ഇപ്പോഴും കമ്പവല - കട്ടമരങ്ങളെ ആശ്രയിച്ചാണ് മത്സ്യബന്ധനം നടത്തുന്നത്. മത്സ്യബന്ധനമേഖലയിലെ വികസനരംഗത്തുണ്ടായ ഈ അസന്തുലിതാവസ്ഥ സാമൂഹികവും സാമ്പത്തികവുമായ ചില പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു വെന്നുകൂടി സൂചിപ്പിച്ചുകൊള്ളട്ടെ. യന്ത്രവൽകൃത മത്സ്യബന്ധനോപകരണങ്ങളും ആധുനികമായ മത്സ്യബന്ധന സമ്പ്രദായങ്ങളും വ്യാപകമായി നടപ്പിലാക്കിക്കൊണ്ടുമാത്രമേ ഈ രംഗത്ത് ഒരിഞ്ചെങ്കിലും മുന്നോട്ട് പോകാനാവുകയുള്ളൂ.

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട അനുബന്ധവ്യവസായങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇനിയും വളർന്നു വന്നിട്ടില്ല. ഏതാനും വർഷങ്ങൾക്കുമുമ്പ് സ്വകാര്യമേഖലയിൽ പുത്തൻതോപ്പിൽ സ്ഥാപിച്ചിട്ടുള്ള യൂറോ മറൈൻ പ്രോഡക്ട്സ് ആണ് ഈ രംഗത്തെ എണ്ണപ്പെട്ട സ്ഥാപനം. നമ്മുടെ കടലിൽ നിന്ന് പിടിക്കപ്പെടുന്ന കണവ-ചെമ്മീൻ എന്നിവയിൽ സിംഹഭാഗവും കൊല്ലത്തേയും കൊച്ചിയിലെയും കയറ്റുമതി കേന്ദ്രങ്ങളിലേക്കാണ് ഇപ്പോഴും പോകുന്നത്. അതുകൊണ്ടുതന്നെ യൂറോ മറൈൻ പോലുള്ള മത്സ്യ കയറ്റുമതി സ്ഥാപനങ്ങൾക്ക് ഇവിടെ ഇനിയും സാദ്ധ്യതകളുണ്ട്. മത്സ്യം അമിതമായി ഉല്പാദിക്കപ്പെടുന്ന വേളകളിൽ അത് സംസ്കരിക്കുന്നതിനാവശ്യമായ ഐസ് ലഭിക്കാത്തതുമൂലം മത്സ്യത്തിന് ന്യായമായ വില ലഭിക്കാത്ത സാഹചര്യങ്ങളുണ്ട്. മര്യനാടുള്ള ഒരു ഐസ് ഫാക്ടറി മാത്രമാണ് ഇത്തരത്തിലുള്ള പഞ്ചായത്തിലെ ഏക സ്ഥാപനം. അവിടെ മറ്റൊരു ഐസ് ഫാക്ടറി നിർമ്മാണദശയിലാണ്. തുമ്പയിലും പുതുക്കുറുച്ചിയിലു മൊക്കെയായി ഇത്തരം ഒന്നോ രണ്ടോ ഐസ് ഫാക്ടറികൾ കൂടി വരേണ്ടതുണ്ട്. മര്യനാടും പുതുക്കുറുച്ചിയിലുമായി കഴിഞ്ഞ രണ്ടോ മൂന്നോ വർഷങ്ങൾക്കുള്ളിൽ മറൈൻ പ്ലൈവുഡ് വളങ്ങൾ നിർമ്മിക്കുന്ന 5 യൂണിറ്റുകൾ ഉയർന്നുവന്നിട്ടുണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാസമ്പന്നരായ യുവാക്കൾ ഈ തൊഴിലിലേക്ക് ഇപ്പോൾ ആകർഷിക്കപ്പെടുന്നുണ്ട്. നമ്മുടെ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഇത്തരം യൂണിറ്റുകൾ ഇനിയും ആരംഭിക്കുവാൻ കഴിയും. ഇപ്പോൾതന്നെ വലിയൊരുവിഭാഗം മത്സ്യത്തൊഴിലാളികൾ വളങ്ങൾ നിർമ്മിക്കുന്നതിന് തമിഴ്നാട്ടിലെയും ജില്ലയിലെ ഇതരഭാഗങ്ങളിലെയും യൂണിറ്റുകളെയാണ് ആശ്രയിക്കുന്നത്. അതുപോലെ തന്നെ മത്സ്യബന്ധനോപകരണങ്ങൾ വില്ക്കുന്ന ഏതാനും വ്യാപാരശാലകളും പുത്തൻതോപ്പിലും മര്യനാടുമായി പ്രവർത്തിച്ചു വരുന്നു.

നമ്മുടെ മത്സ്യബന്ധനമേഖലയുടെ വികസനത്തിന് ചുവടെ ചേർക്കുന്ന നടപടികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടിയിരിക്കുന്നു.

1. പഞ്ചായത്തിൽ ഉൾപ്പെടുന്നതല്ലെങ്കിലും കഠിനംകുളം പഞ്ചായത്തിലെ തീരപ്രദേശത്തിന്റെയാകെ സമഗ്രവികസനത്തിന് സഹായിക്കുന്ന മുതലപ്പൊഴി അഴിയാക്കൽ പദ്ധതി ഇപ്പോഴും സഫലമാകാത്ത സ്വപ്നമായി അവശേഷിക്കുന്നു. മാറിമാറിവരുന്ന ഗവൺമെന്റുകൾ പദ്ധതി നടപ്പിലാക്കുന്നതിന്റെ പേരിൽ സർവേകളും പഠനങ്ങളും നടത്തുന്നതല്ലാതെ ഫലപ്രദമായ ചുവടുവയ്പുകളൊന്നും നടത്തുന്നില്ല. ഒമ്പതാം പദ്ധതിയിലെങ്കിലും ഇത് പൂർണ്ണമായി നടപ്പിലാക്കാൻ തയ്യാറാകണം.

2. മത്സ്യത്തൊഴിലാളികളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് മോചിപ്പിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള മത്സ്യഫെഡും അതിന്റെ പ്രാഥമികസംഘങ്ങളും ആ ലക്ഷ്യം നേടിയെടുക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. മത്സ്യത്തൊഴിലാളികളുടെ വികസനത്തിനും ക്ഷേമത്തിനും വേണ്ടി അവ നടത്തിയിട്ടുള്ള എണ്ണപ്പെട്ട സേവനങ്ങൾ വിസ്മരിച്ചുകൊണ്ടല്ല ഇതു പറയുന്നത്. മത്സ്യവിപണന മേഖലയിൽ ഇപ്പോഴും ഇടത്തട്ടുകാരുടെ ആധിപത്യമാണ് നിലനില്ക്കുന്നത്. മിൽമയും മറ്റും ചെയ്യുന്നതുപോലെ പ്രാഥമികസംഘങ്ങൾ ശേഖരിക്കുന്ന മത്സ്യം മത്സ്യഫെഡ് മുഖേന വിറ്റഴിക്കാനുള്ള ഒരു സംവിധാനം നടപ്പിലാക്കേണ്ടിയിരിക്കുന്നു.

3. മത്സ്യബന്ധനമേഖല യന്ത്രവല്ക്കരിക്കുന്നതിനും അനുബന്ധവ്യവസായങ്ങൾ വികസിപ്പിക്കുന്നതിനും ആവശ്യമായ മൂലധനസമാഹരണത്തിന് ദേശസാൽകൃതബാങ്കുകളുടെ മേൽ സമ്മർദ്ദം ചെലുത്തുക.

4. തുമ്പ, മര്യനാട്, പുതുക്കുറുച്ചി എന്നിവിടങ്ങളിൽ ഫിഷ്ലാന്റിംഗ് സെന്ററുകൾ സ്ഥാപിക്കുക. ഇവയ്ക്കാവശ്യമായി വരുന്ന ചെലവിന്റെ പ്രധാന ഭാഗം, മത്സ്യത്തൊഴിലാളികളിൽ നിന്നും നിർബന്ധിത നികുതിയായി മത്സ്യവിലയുടെ ഒരു നിശ്ചിത ശതമാനം ഈടാക്കിവരുന്ന ഇടവകകമ്മിറ്റികളിൽ നിന്ന് സ്വരൂപിക്കാവുന്നതാണ്. ഇതരഗ്രാമങ്ങളിൽ കേന്ദ്രീകൃതമായ മത്സ്യവിപണനത്തിന് തൊഴിലാളികളെ പ്രേരിപ്പിക്കുക.

5. ഔട്ട് ബോർഡ് എഞ്ചിനുകളുടെ ഇന്ധനക്ഷാമം പരിഹരിക്കുന്നതിന്, മത്സ്യഫെഡ് വിതരണം ചെയ്യുന്ന എഞ്ചിനുകൾക്ക് ആവശ്യമായ മണ്ണെണ്ണ നൽകാനുള്ള സംവിധാനം മത്സ്യഫെഡ് വഴി നടപ്പിലാക്കുക. ഇതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുക.

6. പഞ്ചായത്ത് തലത്തിൽ ഒരു മത്സ്യവികസസമിതി രൂപീകരിച്ച് മത്സ്യസമൂഹത്തിന്റെ ആവാസവ്യവസ്ഥയെ സംരക്ഷിച്ചുകൊണ്ട്, നൂതന സാങ്കേതികവിദ്യകളുപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിനെക്കുറിച്ച് മത്സ്യത്തൊഴിലാളികളെ ബോധവല്ക്കരിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക.

7. മത്സ്യവിപണനത്തിലേർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ സൗകര്യാർത്ഥം മത്സ്യഫെഡ് ഏർപ്പെടുത്തിയിട്ടുള്ള വനിതാ ബസ് സർവ്വീസിന്റെ സേവനം ഈ പഞ്ചായത്തിലും ലഭ്യമാക്കുക.

8. ഒരു ഐസ് പ്ലാന്റും കോൾഡ്സ്റ്റോറേജും സ്ഥാപിക്കുന്നതിനാവശ്യമായ മൂലധന സഹായം പ്രവർത്തന ശേഷിയുള്ള ഏതെങ്കിലും മത്സ്യത്തൊഴിലാളി സഹകരണസംഘത്തിന് നൽകുക.

9. മത്സ്യബന്ധനോപകരണങ്ങൾക്ക് നൽകുന്ന വായ്പകളുടെ പലിശനിരക്ക് കുറയ്ക്കാൻ വേണ്ട സമ്മർദ്ദം ചെലുത്തുക.

10. കടലിനെ മാത്രം ആശ്രയിച്ച് ജീവിക്കാൻ കഴിയുന്ന ഒരു സമൂഹം എന്ന നിലയിൽ നിന്നും ഇതര തൊഴിൽ മേഖലകളുമായി മത്സ്യത്തൊഴിലാളി വിഭാഗത്തെ പരിചയപ്പെടുത്തുക.

11. മത്സ്യഫെഡിന്റെ ഒരു ഔട്ട് ബോർഡ് എഞ്ചിൻ വർക്ക്ഷോപ്പ് മര്യനാട് സ്ഥാപിക്കുക.

12. മത്സ്യത്തൊഴിലാളികൾക്ക് ന്യായവിലയ്ക്ക് മത്സ്യബന്ധനോപകരണങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി മത്സ്യഫെഡിന്റെ ഒരു വ്യാസാസ്റ്റോർ പഞ്ചായത്തിൽ സ്ഥാപിക്കുക.

### ഓരു ജലപ്രദേശങ്ങളിലെ മത്സ്യക്കൃഷി

കായൽ മത്സ്യങ്ങളേയും ലവണസാന്ദ്രത കുറഞ്ഞ ജലത്തിൽ വളരാൻ കഴിവുള്ള കടൽ മത്സ്യങ്ങളേയും കൃഷി ചെയ്യുവാനുള്ള സാധ്യതകൾ കഠിനംകുളം കായലിലും അതുമായി ബന്ധപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളിലും ഉണ്ട്. വിദഗ്ദരുടെ അഭിപ്രായത്തിൽ കഠിനംകുളം കായൽ മത്സ്യക്കൃഷിക്ക് പറ്റിയ മേൽത്തരം ഉറവിടമാണ്. ജലജീവികളുടെ വളർച്ചയ്ക്കനുയോജ്യമായ ഫാമുകൾ നിർമ്മിച്ച് മത്സ്യങ്ങളെ ശാസ്ത്രീയമായി പരിപാലിച്ചെടുക്കണം. ഓരു ജലഫാമിനോട് ചേർന്ന് പുവരശുകൃഷി പോലുള്ളവയ്ക്കുള്ള സാധ്യതകളും ആരായണം. ഈ പഞ്ചായത്തിലെ ചിറകൾ, കുളങ്ങൾ, തോടുകൾ തുടങ്ങിയ ജലസേചനോപാധികൾ മത്സ്യക്കൃഷിക്ക് പറ്റിയ സ്രോതസ്സുകളാണ്. കഠിനംകുളം കായലിൽ മത്സ്യസംഭരണം നടത്തുകയും നിയന്ത്രിതമായ രീതിയിൽ മത്സ്യബന്ധനം നടത്തുകയും ചെയ്യുന്ന സാമൂഹ്യ മത്സ്യക്കൃഷിയുടെ സാധ്യതകൾ ഉണ്ട്. കായലിന്റെ മത്സ്യോല്പാദനക്ഷമത വർദ്ധിപ്പിക്കാൻ ഈ പദ്ധതിയ്ക്ക് കഴിയും.

## മൃഗസംരക്ഷണം

കഴിഞ്ഞ മൂന്നു ദശാബ്ദക്കാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് മൃഗസംരക്ഷണമേഖല തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനമുടക്കിൽ കൂടുതൽ സമ്പദ്‌വർദ്ധനവിന് ഉതകുന്ന മേഖലയാണിത്. സംസ്ഥാനത്തെ കന്നുകാലിസമ്പത്തിന്റെ 94 ശതമാനവും ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരുക്കുന്നത്. ചെറുകിട കർഷകരും കർഷകതൊഴിലാളികളുമാണ് കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും. വികസനമെന്നത് ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണമേഖലയിൽ ഉണ്ടാകാവുന്ന ഏതു പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കുമെന്ന് വ്യക്തം.

മൃഗസംരക്ഷണ മേഖലയുടെ സാധ്യതകൾ പലരും പലയിടങ്ങളിലും വിസ്തരിക്കുന്നു. പോഷകപ്രദാനമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനം, വ്യവസായ ആവശ്യത്തിനുള്ള തുകൽ, എല്ല്, ജെലാറ്റിൻ, കൊഴുപ്പ് എന്നിവയുടെ ഉല്പാദനം, സംസ്കരണം, ഔഷധവ്യവസായം, ഹോർമോണുകൾ, വാക്സിനുകൾ എന്നിവയുടെ ഉല്പാദനം, കാർഷികമേഖലയ്ക്ക് ആവശ്യമായ ജൈവവളം, മൃഗശക്തി, ബയോഗ്യാസ് എന്നീ സാദ്ധ്യതകളെ ഒരു കാരണവശാലും വിസ്മരിക്കാനാവില്ല. വ്യവസായ സംരംഭങ്ങളുടെ മുരടിപ്പുമൂലമുണ്ടായ തൊഴിലില്ലായ്മയിൽ നിന്നു നട്ടം തിരിയുന്ന കേരളത്തിന് മൃഗസംരക്ഷണ മേഖലയിൽ ചിട്ടയായ ആസൂത്രണത്തിലൂടെ നമുക്ക് ഗ്രാമീണരുടെ തൊഴിൽസാധ്യകളും അതുവഴി വരുമാനവർദ്ധനവും സാധ്യമാക്കാം.

തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം ബ്ലോക്ക് അതിർത്തിക്കുള്ളിൽ അറബിക്കടലിനോടു ചേർന്നു കിടക്കുന്ന വികസനപ്രവർത്തനങ്ങൾ വഴിമുട്ടി നിൽക്കുന്ന ഒരു തീരദേശ പഞ്ചായത്താണ് കഠിനംകുളം. ഒരു കോളേജും നിരവധി സ്ക്കൂളുകളും, സെമിനാരികളും, ക്രിസ്ത്യൻ, മുസ്ലീം, ഹിന്ദു ദേവാലയങ്ങളും സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിലെ ജനങ്ങൾ പരമ്പരാഗതമായി മത്സ്യബന്ധനത്തിലും കയർ നിർമ്മാണത്തിലുമായി തങ്ങളുടെ ഉപജീവന മാർഗ്ഗം കണ്ടെത്തുന്നു.

1951 ലെ കണക്കുപ്രകാരം ജനസംഖ്യ വെറും 9276 മാത്രമായിരുന്ന കഠിനംകുളം പഞ്ചായത്തിൽ ഇപ്പോൾ ഏതാണ്ട് 8800 റോളം കുടുംബങ്ങൾ തിങ്ങിപാർക്കുന്നതായാണ് കണക്ക്. എന്നാൽ ഒരു തരത്തിലുള്ള പക്ഷിമൃഗാദികളെയും വളർത്താത്ത കുടുംബങ്ങളുടെ എണ്ണം ഈ പഞ്ചായത്തിൽ 5417 ആണ്. മണൽക്കാടു കളിൽ വീടുകൾ പണിത് ആളുകൾ തിങ്ങിപ്പാർക്കുന്ന ഈ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കന്നുകാലി വളർത്തുന്നതിൽ പൊതുവെ താൽപര്യക്കുറവു കാണാം. പഞ്ചായത്തിലെ 755 കുടുംബങ്ങളിൽ പശുക്കളെയും, 331 കുടുംബങ്ങളിൽ ആടിനെയും 13 കുടുംബങ്ങളിൽ പന്നികളെയും, 2570 കൂടുംബങ്ങളിൽ കോഴികളെയും കാണാം.

പട്ടിക 1

| വളർത്തുമൃഗങ്ങൾ /പക്ഷികൾ | എണ്ണം | |
|---|---|---|
| | 1987 | 1996 |
| പശു, എരുമ കന്നുകുട്ടികൾ ഉൾപ്പെടെ | 1653 | 1888 |
| ആട് | 1027 | 690 |
| പന്നി | ലഭ്യമല്ല | 68 |
| കോഴി (താറാവുൾപ്പെടെ) | 19866 | 20752 |

(അവലംബം: ലൈവ്സ്റ്റോക്ക് സെൻസസ് 1987, 1996)

പശു, ആട് എന്നിവയാണ് കഠിനംകുളത്ത് വളർത്തിവരുന്ന പ്രധാന മൃഗങ്ങൾ. കഴിഞ്ഞ ഒരു ദശാബ്ദക്കാലയളവിൽ മൃഗസംരക്ഷണരംഗത്ത് കന്നുകാലികളുടെ ജനിതഗുണമേന്മ വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പുവഴി 1995-96 വർഷത്തിൽ മാത്രം 1833 കൃത്രിമബീജദാനം നൽകിയതായി കണക്കുകൾ പരിശോധിച്ചാൽ കാണാം. പഞ്ചായത്തിലെ കർഷകർ പൂർണ്ണമായും മൃഗാശുപത്രി. സബ്സെന്റർ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തുകയും അങ്ങനെ 1987 ലെ കന്നുകാലി സെൻസസിൽ കണ്ടെത്തിയ കഠിനംകുളം പഞ്ചായത്തിലെ ഒരിടങ്ങഴി പാൽ നൽകിയിരുന്ന നാടൻകന്നുകാലികൾ പൂർണ്ണമായും കർഷകർ ഒഴിവാക്കുകയോ, സങ്കരവർഗ്ഗങ്ങളാക്കി തീർക്കുകയോ ചെയ്തിട്ടുണ്ട് എന്ന് 1996ൽ നടന്ന കന്നുകാലി സെൻസസ് കാണിക്കുന്നു. കന്നുകാലികളുടെ ആകെ എണ്ണത്തിലും 10% വർദ്ധന കാണാം. എന്നാൽ ആടിന്റെ എണ്ണത്തിൽ കാര്യമായ കുറവു സംഭവിച്ചതായി കാണാം. വളർത്തുപക്ഷികളുടെ എണ്ണത്തിൽ കാര്യമായ വ്യത്യാസം കാണുന്നില്ല.

1982 നും 87നുമിടയ്ക്ക് പശുക്കൾ ഉൾപ്പെടെയുള്ള കാലിസമ്പത്തിന്റെ വർദ്ധന ഗണ്യമായിരുന്നു എന്നും എന്നാലിന്ന് നാടൻ പശുക്കളിൽ നിന്നും മേൽത്തരം ജനുസ്സുകളിലേക്കുണ്ടായ പരിവർത്തനവും അതുവഴി അവയെ ഉപയോഗിച്ചുള്ള പാലുൽപാദനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതുമാണ് പശുക്കളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടാകാനും ആടുകളുടെ എണ്ണം കുറയാനും ഇടയാക്കിയ സാഹചര്യം.

ഈ പഞ്ചായത്തിൽ കഴക്കൂട്ടം ബ്ലോക്കിലെ ആദ്യത്തെ മൃഗാശുപത്രിയും, ഒരു ഉപകേന്ദ്രവും രണ്ടു പാൽസൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ട്. ഈ രണ്ടു പാൽസൊസൈറ്റികളും പഞ്ചായത്തിന്റെ തെക്കു കിഴക്കെ അറ്റത്തു സ്ഥിതിചെയ്യുന്നു. അതുകൊണ്ടു തന്നെ കിലോമീറ്ററുകൾ ദൂരെയുള്ള മറ്റുഭാഗങ്ങളിലെ കർഷകർക്ക് ഈ സൊസൈറ്റികളുടെ പൂർണ്ണ പ്രയോജനം ലഭിക്കുന്നില്ല.

1960ൽ ആരംഭിച്ച കഠിനംകുളം മൃഗാശുപത്രി ഇന്നും സൗകര്യങ്ങളിൽ പിന്നോക്കമാണ്. ഈ ആശുപത്രിയിൽ ഹാജരാക്കുന്ന ചെറിയ മൃഗങ്ങൾക്ക് ഒരു പരിശോധനസ്ഥലമോ, രോഗനിർണ്ണയത്തിനായി ഒരു ലബോറട്ടറിയോ ഒരു മൈക്രോസ്കോപ്പുപോലും ഇല്ലാത്ത സ്ഥിതിയാണ്. ശുദ്ധജലത്തിനു വേണ്ടി വാട്ടർകണക്ഷനും. കർഷകരുടെ സൗകര്യത്തിനായി ടെലിഫോൺസൗകര്യവും ലഭ്യമാക്കാൻ നടപടികൾ അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു.

പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിലും വിപണനത്തിലും സംഘടിതമായ ഒരു ശ്രമവും നടന്നില്ല എന്നുതന്നെ പറയാം. ഇന്നേറെ സാദ്ധ്യതയുള്ള ബ്രോയിലർ കോഴി വളർത്തൽ പോലും ഈ പഞ്ചായത്തിൽ വിരളം.

പഞ്ചായത്തിൽ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനവർദ്ധനവിന് വിലങ്ങുതടിയായി നിൽക്കുന്നത് ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിതവിലയും തന്നെയാണ്. തീറ്റപ്പുല്ല്, വൈയ്ക്കോൽ, കാലിത്തീറ്റ എന്നിവയ്ക്ക് പൂർണമായും അന്യസ്ഥലങ്ങളെയും ഇടനിലക്കാരെയും ആശ്രയിക്കുന്നതാണ് കന്നുകാലി വളർത്തലിൽ കർഷകരെ തളർത്തുന്ന പ്രധാന ഘടകം. സഹകരണാടിസ്ഥാനത്തിൽ ബ്ലോക്കുതലത്തിലെങ്കിലും ഒരു ഫീഡ് മിക്സിംഗ് യൂണിറ്റ് ആരംഭിച്ച് ക്ഷീരസഹകരണ സംഘങ്ങൾ വഴി വിപണനം നടത്തുന്നത് നിയന്ത്രിത വിലയ്ക്ക് ഗുണനിലവാരമുള്ള തീറ്റ ലഭിക്കുന്നതും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും സഹായിക്കും. കൂടാതെ തീറ്റപ്പുൽകൃഷിയും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

അംഗീകൃതഅറവുശാലകളില്ലാത്ത ഈ പഞ്ചായത്തിൽ അനധികൃത അറവുശാലകൾ സ്ഥിരമായും താൽക്കാലികമായും പ്രവർത്തിച്ചു വരുന്നുണ്ട്. ഏതാണ്ട് മുഴുവൻ ജനങ്ങളും മാംസഭോജികളാണെങ്കിലും ഈ പഞ്ചായത്തിൽ ശുദ്ധമായ മാംസസംസ്കരണവും വിപണനവും ലക്ഷ്യമാക്കുന്ന അംഗീകൃത അറവുശാലകളില്ലാത്തത് ജനങ്ങളുടെ ആരോഗ്യത്തിന് ഭീഷണിയാകുന്നു.

ഇറച്ചിക്കുള്ള മൃഗങ്ങളെ പ്രത്യേകിച്ചും ആടുകളെ അന്യസ്ഥലങ്ങളിൽ നിന്നും എത്തിക്കുകയാണ് പതിവ്. ആടുവളർത്തൽ വളരെ ലാഭകരമായ ഒരു പദ്ധതിയായിരിക്കെ പഞ്ചായത്തിൽ ആടുകളുടെ എണ്ണം കുറഞ്ഞുവരുന്നത് ഗൗരവമായി എടുക്കേണ്ടതാണ്. ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ തീറ്റയ്ക്കുള്ള പച്ചിലകൾ ലഭിക്കുന്നതിനു വേണ്ടിയുള്ള വൃക്ഷങ്ങൾ (പ്ലാവ്, സുബാബുൾ, മുരുക്ക് മുതലായവ) എല്ലാ വീടുകളിലും റോഡരികത്തും നട്ടുവളർത്താൻ പരിപാടി തയ്യാറാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ മൂരിക്കുട്ടികളെ ശാസ്ത്രീയമായ സമീപനത്തിലൂടെ വളർത്തി ഇറച്ചിക്ക് ഉപയോഗ്യമാക്കാനുള്ള പദ്ധതികളും ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. പന്നിയിറച്ചി ഉപയോഗിക്കുന്ന ഒരു വിഭാഗം ജനങ്ങൾ ഉള്ള ഈ പഞ്ചായത്തിൽ സാമൂഹിക വിലക്കുകളും ഒപ്പം ഉണ്ട്. അതുകൊണ്ടുതന്നെ ഇതിന്റെ സംസ്കരണത്തേയും, വിപണനത്തേയും ഇത് പ്രതികൂലമായി ബാധിക്കുന്നു. ഒരു മാംസോൽപാദക സഹകരണസംഘത്തിന്റെ രൂപീകരണം വഴി മാത്രമേ ഇതിനെല്ലാം ഒരു പരിഹാരണം കാണാൻ കഴിയൂ. നേരത്തെ സൂചിപ്പിച്ചതുപോലെ ഏറെ സാധ്യതകളുള്ള ബ്രോയിലർ (ഇറച്ചിക്കോഴി) ഫാമുകൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടിയിരിക്കുന്നു.

ഒരു വളർത്തു പക്ഷിപോലും ഇല്ലാത്ത അയ്യായിരത്തിൽ പരം കുടുംബങ്ങൾ ഉള്ള ഈ പഞ്ചായത്തിൽ മുട്ടക്ക് ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. എഗ്ഗർ നെഴ്സറികൾ രൂപീകരിച്ച് കുടുംബങ്ങൾക്ക് വീട്ടുമുറ്റത്തെ കോഴിവളർത്തൽ, സ്ക്കൂൾപൗൾട്രിക്ലബ് എന്നീ പദ്ധതികളിലേക്ക് 2 മാസം പ്രായമുള്ള മുട്ടക്കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കുക വഴി ഇതിനും പരിഹാരമുണ്ടാക്കുവാൻ സാധിക്കും. മുട്ടയുടെ വിപണനവും സഹകരണസംഘങ്ങൾ വഴിയോ മഹിളാസംഘങ്ങൾ വഴിയോ നടത്താവുന്നതാണ്.

തിരുവനന്തപുരത്ത് കുടപ്പനക്കുന്നിലുള്ള മൃഗസംരക്ഷണ വകുപ്പിൻ കീഴിലുള്ള ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ (LMTC) എന്ന സ്ഥാപനത്തിന്റെ കർഷകപരിശീലനസൗകര്യം മൂന്നുമാസത്തിലൊരിക്കലെങ്കിലും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ താൽപര്യമുള്ള കർഷകരെ പൂർണ്ണമായും പങ്കെടുപ്പിച്ചുകൊണ്ട് പ്രയോജനപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിൽ കന്നുകാലികളുടെ ആകസ്മിക മരണങ്ങൾ മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ഒഴിവാക്കുവാൻ പഞ്ചായത്തിലെ എല്ലാ കന്നുകാലികളെയും സർക്കാർസഹായത്തോടെ മാസ്റ്റർ പോളിസി വഴി സമഗ്രകന്നുകാലി ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്താൻ മുൻകൈ എടുക്കേണ്ടതാണ്. നിലവിലുള്ള കണക്കുകളനുസരിച്ച് രണ്ടായിരത്തോളം നായ്ക്കളുള്ള കഠിനംകുളം പഞ്ചായത്തിൽ വർഷത്തിൽ 200 റോളം (10%) നായ്ക്കളെ മാത്രമേ പേ വിഷബാധയ്ക്കെതിരായ കുത്തിവയ്പിന് വിധേയമാക്കുന്നുള്ളൂ. ആയതിനാൽ മാരകമായ പേ വിഷ നിർമ്മാർജ്ജനത്തിനു വേണ്ടി പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കൾക്കും പ്രതിരോധകുത്തിവയ്പ് നൽകുകയും ലൈസൻസിംഗ് നിർബന്ധമാക്കുകയും അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.

ഈ പഞ്ചായത്തിലെ കന്നുകാലി വളർത്തൽ മുഖ്യതൊഴിലാക്കിയ ഏറ്റവും നല്ല കർഷകന് എല്ലാ വർഷവും ഒരു അംഗീകാരം/അവാർഡ് നൽകി ആദരിക്കുക എന്നത് ഒരു പ്രോത്സാഹനമായിരിക്കും.

### മൃഗസംരക്ഷണമേഖലയിലെ പ്രശ്നങ്ങൾ

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിത വിലയും. ഗുണനിലവാരനിർണ്ണയ ലാബറട്ടറികളുടെ അഭാവം

2. ഉൽപാദകനു കിട്ടുന്ന പാൽവില ഉൽപാദന ചില വിന് അനുസൃതമല്ല. ഉപഭോക്താവിന് മിതമായ വില യ്ക്ക് പാൽ ലഭ്യമാകുന്നില്ല.

3. പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറുഭാഗത്ത് ഒരു പാൽസൊസൈറ്റിയുടെ അഭാവം.

4. ശരിയായ പരിജ്ഞാനമുള്ളവരും ഉത്തരവാദിത്വ മുള്ളവരുമായ കറവ ജോലിക്കാരുടെ അഭാവം.

5. വായ്പ നൽകുന്നതിന് ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത

6. ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത.

7. ചുരുങ്ങുന്ന തീറ്റപുൽകൃഷി

8. കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള പക്ഷിമൃഗാദികളുടെ ദൗർലഭ്യം.

9. അശാസ്ത്രീയമായ മാംസോൽപ്പാദന വിപണനരീതി കൾ

10. വിവിധ ഏജന്റുകളിലൂടെ മൃഗസംരക്ഷണപ്രവർത്ത നങ്ങൾ കൈകാര്യം ചെയ്യുന്നതുമൂലമുണ്ടാകുന്ന ബു ദ്ധിമുട്ടുകൾ.

11. ഈ മേഖലയിലുള്ള കുറഞ്ഞ വനിതാപങ്കാളിത്തം

12. കാലാനുസൃതമായ അടിസ്ഥാനസൗകര്യങ്ങൾ പോലുമില്ലാത്ത മൃഗാശുപത്രി ഉപകേന്ദ്രം എന്നിവ.

13. സമഗ്ര പേവിഷ നിയന്ത്രണനയത്തിന്റെ ആസൂ ത്രിത തുടർപരിപാടിയുടെ അഭാവം.

14. പ്രാദേശികമായി പടിപിടുത്തക്കാരെ കിട്ടാനില്ലാത്ത അവസ്ഥ

## സാധ്യതകൾ

1. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ ബ്ലോക്കുതലത്തിലെങ്കിലും തീറ്റ നിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കണം.

2. പാൽ വിപണനസ്ഥാപനങ്ങൾ കർഷകന് പ്രാപ്യ മായ രീതിയിൽ പുനരാസൂത്രണം ചെയ്യുകയും പാലിന് അർഹമായ വില ഉറപ്പുവരുത്തുകയും വേണം.

3. പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറുഭാഗത്ത് ഒരു പാൽസൊസൈറ്റിയുടെ രൂപീകരണം.

4. ക്ഷീരവ്യവസായ സഹകരണസംഘങ്ങളുടെ കീഴിൽ തൊഴിൽ രഹിതരായ യുവാക്കളെ വിദഗ്ദ്ധമായക്കൊണ്ടു പരിശീലനം നൽകി സംഘത്തിന്റെ ഉത്തരവാദിത്വത്തോ ടുകൂടി കറവ ജോലിക്കു നിയോഗിക്കുക.

5. പാൽസൊസൈറ്റിയും ധനകാര്യസ്ഥാപനങ്ങളും കർഷകനും ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെയുള്ള വായ്പാ സംവിധാനം ഉണ്ടാക്കുക.

6. പഞ്ചായത്ത് തലത്തിൽ പക്ഷിമൃഗാദികൾക്ക് മാസ്റ്റർ പോളിസിവഴി ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുക.

7. പഞ്ചായത്ത് പുറമ്പോക്ക് സ്ഥലങ്ങൾ, ഓഫീസ് പരിസരം, സ്കൂൾ പരിസരം വീട്ടുപരിസരം എന്നിവ തീറ്റപ്പുൽ കൃഷിക്കുവേണ്ടി ഉപയോഗിക്കുക.

8. ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവുശാല കൾ പ്രാദേശികമായി സ്ഥാപിക്കുകയും ശുദ്ധമായ മാംസ വിപണനസൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്യുക.

9. മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ മൃഗ സംരക്ഷണവകുപ്പിന്റെ കീഴിൽ ശാസ്ത്രീയമായി നടപ്പി ലാക്കുവാനുള്ള സൗകര്യം ഉണ്ടാക്കുക.

10. വനിതാ സംഘങ്ങളുടെ രൂപീകരണം വഴി മൃഗ സംരക്ഷണമേഖലയിലെ സ്ത്രീപങ്കാളിത്തം ഉറപ്പുവരു ത്തുക

11. മൃഗാശുപത്രി വികസന സമിതി രൂപികരിക്കുക യും ആധുനികസൗകര്യങ്ങൾ മൃഗാശുപത്രിയിൽ ലഭ്യ മാക്കുകയും ചെയ്യുക.

12. സമഗ്ര പേ വിഷ നിയന്ത്രണനയം ഉണ്ടാക്കുകയും പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കൾക്കും പ്രതി രോധകുത്തിവയ്പ്പ് നൽകുകയും ലൈസൻസിംഗ് നിർ

ബന്ധമാക്കുകയും അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.

13. പ്രാദേശികമായി തൊഴിൽരഹിതരായ യുവാക്കൾക്ക് പട്ടിപിടിത്തത്തിൽ പരിശീലനം നൽകുക.

നടപ്പുപദ്ധതികൾ, പോരായ്മകൾ, വേണ്ട മാറ്റങ്ങൾ.

1. പ്രത്യേക കന്നുക്കുട്ടി പരിപാലന പരിപാടി

ഈ പരിപാടിയുടെ ആനുകൂല്യം ഒരു വിഭാഗം കർഷകർക്ക് മാത്രമേ ഇപ്പോൾ ലഭ്യമാകുന്നുള്ളൂ. ഈ പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുക്കുട്ടികളെയും എരുമക്കുട്ടികളെയും ഉൾപ്പെടുത്തണം. കാലിതീറ്റ വിലവർദ്ധന അനുസരിച്ച് സബ്സിഡി സഹായം വർദ്ധിപ്പിക്കണം.

2. പേ വിഷനിയന്ത്രണ പദ്ധതി

പ്രതിരോധകുത്തിവയ്പ്പ് ഇപ്പോൾ നിർബന്ധമല്ല. പഞ്ചായത്തില എല്ലാ നായ്ക്കളെയും നിർബന്ധ കുത്തിവയ്പിന് വിധേയമാക്കുകയും ലൈസൻസിംഗ് ഏർപ്പെടുത്തുകയും വേണം. ലൈസൻസ് ഇല്ലാതെ അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുക. ആവശ്യാനുസരണമുള്ള വാക്സിൻ പകുതിവിലയ്ക്കോ സൗജന്യമായോ ലഭ്യമാക്കണം.

3. കാലിരോഗനിയന്ത്രണ പദ്ധതി

പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിലെ എല്ലാകർഷകരും പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല. ഒരു പ്രാദേശത്തെ എല്ലാ കന്നുകാലികളെയും യഥാസമയം പ്രതിരോധകുത്തിവയ്പിന് വിധേയമാക്കണം.

4. ആടുവളർത്തൽ പദ്ധതി.

നല്ലയിനം ആട്ടിൻകുട്ടികൾ ലഭ്യമല്ല. പച്ചില തീറ്റയുടെ ദൗർലഭ്യവും പോരായ്മയാണ്. നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കുകയും സോഷ്യൽഫോറസ്ട്രി മുതലായ പദ്ധതികൾ വഴി ഇതിന് വേണ്ട പച്ചില തീറ്റ നൽകാൻ കഴിയുന്ന വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുകയും ചെയ്യണം. പ്ലാവ്, സുബാബുൾ എന്നിവ പ്രചരിപ്പിക്കണം.

5. ഇറച്ചിക്കോഴി വളർത്തൽ

ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രശ്നം തീറ്റയുടെയും കോഴിക്കുഞ്ഞുങ്ങളുടെയും അമിതവിലയും ഇടത്തട്ടുകാരുടെ ചൂഷണവുമാണ്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെയും, തീറ്റയും കുറഞ്ഞവിലയ്ക്ക് പഞ്ചായത്തു തലത്തിൽ ലഭ്യമാക്കണം. കോഴി ഇറച്ചിയുടെ വിപണനം സഹകരണസംഘങ്ങൾ, മഹിളാസംഘങ്ങൾ എന്നിവ വഴിയാക്കണം.

6. എഗ്ഗർ നേഴ്സറി

നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ ലഭ്യമല്ല. സർക്കാർ ഫാമുകളിൽ നിന്നും ഇവ ലഭ്യമാക്കണം. ഈ പദ്ധതി മററ് മുട്ടക്കോഴി വളർത്തൽ പദ്ധതിയുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കണം.

7. അടുക്കളമുറ്റത്തെ കോഴിവളർത്തൽ.

എല്ലാവർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല. ആവശ്യക്കാർക്ക് രണ്ടുമാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സഹായനിരക്കിൽ ലഭ്യമാക്കണം.

മേൽപ്പറഞ്ഞ പ്രശ്നങ്ങളും പോരായ്മകളും കണക്കിലെടുത്ത് കഠിനംകുളം പഞ്ചായത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

ഉൽപ്പാദനമേഖല

പാൽ ഉല്പ്പാദനം : ചെറികിട നാമമാത്രകർഷകരെയും കർഷകത്തൊഴിലാളികളെയും ഈ മേഖലയിലേക്ക് ആകർഷിക്കുക, കാലിവളർത്തൽ മുഖ്യതൊഴിലായോ ഉപതൊഴിലായോ സ്വീകരിക്കുന്നതിന് പ്രോത്സാഹനം നൽകുക, വീട്ടമ്മമാരുടെയും വിദ്യാർത്ഥികളുടെയും ഒഴിവുസമയം ഫലപ്രദമായി ഉപയോഗിക്കുക. പാലിന്റെ ഉൽപാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക എന്നിവയാണ് മുഖ്യലക്ഷ്യങ്ങൾ.

1. മിനിഡയറിയൂണിറ്റുകൾ : മൂന്നു പശുക്കൾ അടങ്ങുന്ന ഒരു ഡയറി യൂണിറ്റ്

2. കന്നുക്കുട്ടി പരിപാലന പരിപാടി : നാലുമുതൽ 32 മാസം വരെ പ്രായമുള്ള സങ്കരയിനം പശുക്കുട്ടികൾക്ക് (എരുമക്കുട്ടികൾക്ക് 2 മുതൽ 42 മാസം വരെ) സൗജന്യനിരക്കിൽ കാലിത്തീറ്റ, മരുന്ന്, ഇൻഷുറൻസ് സൗകര്യം എന്നിവ നൽകുന്ന പദ്ധതി

മുട്ട ഉൽപാദനം

1. എഗ്ഗർ നെഴ്സറി: ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ 60 ദിവസംവരെ ശാസ്ത്രീയമായി വളർത്തി വിൽക്കുക.

2. വീട്ടുമുറ്റത്തെ കോഴിവളർത്തൽ: 60 ദിവസം പ്രാമായ കോഴിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ നൽകുക. എഗ്ഗർ നെഴ്സറി പദ്ധതിയിലൂടെ ഇത് എളുപ്പമാക്കാം.

3. സ്കൂൾ പൗൾട്രി ക്ലബ്: വിദ്യാർത്ഥികളിൽ സമ്പാദ്യശീലവും കോഴിവളർത്തലിൽ താൽപര്യവും ജനിപ്പിക്കുന്നതിന് വേണ്ടി രണ്ടുമാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി നൽകുക.

ഇറച്ചിക്കോഴി വളർത്തൽ

കുടുംബത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ഒഴിവുസമയം ഉപയോഗപ്പെടുത്തി രണ്ടാഴ്ചയിലൊരിക്കൽ 250 ഇറച്ചിക്കോഴികളെ വീതം വില്പനയ്ക്കു സജ്ജമാക്കുന്ന പദ്ധതി. സർക്കാർ ഫാമുകളിൽ നിന്നോ, സ്വകാര്യ ഹാച്ചറികളിൽ നിന്നോ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാം. ഗ്രാമീണ വനിതകൾക്കായി ചെറുകിട ഇറച്ചിക്കോഴിയൂണിറ്റുകളും ആരംഭിക്കാം.

ആടുവളർത്തൽ:

ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതികൾക്കനുയോജ്യം, കുറഞ്ഞ മൂലധനമുടക്ക് എന്നിവ പ്രത്യേകതകൾ. തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ മുട്ടനാടുകളെ വളർത്തി പ്രജനനയൂണിറ്റുകളും സ്ഥാപിക്കാം.

സേവനമേഖല:

1. മൃഗാശുപത്രിയിൽ ശുദ്ധജലത്തിനായി വാട്ടർ കണക്ഷൻ, സേവനമേഖല വ്യാപിപ്പിക്കാനായി ടെലിഫോൺ, വാഹനസൗകര്യം എന്നിവ നൽകി മെച്ചപ്പെടുത്തുക. ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുക.

2. അംഗീകൃത അറവുശാലയുടെ നിർമ്മാണം, ശാസ്ത്രീയമായ മുൻപിൻ മാംസപരിശോധനയും നിർബന്ധമാക്കണം.

3. പേ വിഷ നിയന്ത്രണ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുക

4. വിജ്ഞാനവ്യാപനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക

ആസൂത്രണമേഖല

പ്രാദേശികതലത്തിൽ പ്രായോഗികമായി വിജയിക്കുന്ന മൃഗസംരക്ഷണപദ്ധതികൾക്ക് രൂപം നൽകുവാനയി ഒരു ആസൂത്രണസെൽ രൂപവൽക്കരിക്കുക.

വനിതാപങ്കിളിത്തം

1. വനിതാസംരംഭകർക്കുള്ള പശുവളർത്തൽ മഹിളാസംഘങ്ങൾ വഴി

2. ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ് മഹിളാസംഘങ്ങൾ വഴി

3. ഇറച്ചിയുടെ വിപണനകേന്ദ്രങ്ങൾ.

മൃഗസംരക്ഷണ മേഖലയിൽ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഗ്രാമീണസ്ത്രീകളെ രംഗത്തേക്കു കൊണ്ടുവരിക, കുറഞ്ഞ പലിശയ്ക്കു തീറ്റ ഉൽപാദിപ്പിക്കുക. മൃഗചികിത്സാകേന്ദ്രങ്ങൾ ആധുനികവത്ക്കരിക്കുക, പേവിഷനിയന്ത്രണം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നിവയായിരിക്കണം ഊന്നൽ നൽകേണ്ട ഈ മേഖലയിലെ പദ്ധതികൾ.

# കുടിവെള്ളവും പൊതുജനാരോഗ്യവും

കഠിനംകുളം, ഒരു തീരദേശഗ്രാമ പഞ്ചായത്താണ്. അതുകൊണ്ടുതന്നെ കുടിവെള്ളവും പൊതുജനാരോഗ്യവും ഒരു സുപ്രധാനപ്രശ്നമായി തീരുന്നു. സാമൂഹ്യപ്രശ്നങ്ങളല്ലാത്ത പ്രശ്നങ്ങളില്ല. ചില പ്രശ്നങ്ങൾ സ്ഥൂലരൂപികളും ചിലവ സൂക്ഷ്മരൂപികളും ആണെന്നു മാത്രം. നമുക്കു ചിന്തിക്കാം എന്നു പറയുകയും നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം എന്നു പറയാതിരിക്കുകയും ചെയ്യുന്ന ഒരു സാമൂഹ്യ പരിവർത്തനത്തിലാണ് പരിഹാരം ഒരു കടങ്കഥയായി തീരുന്നത്. ഈ അസംബന്ധത്തിൽനിന്നും വികസനത്തിന്റെ പാതയെ രക്ഷിക്കുവാനുള്ള ഒരു ശ്രമമാണ് ഒൻപതാം പഞ്ചവത്സരപദ്ധതിയിലൂടെ വിഭാവന ചെയ്യപ്പെട്ടിരിക്കുന്നത്. കേരളത്തിന് പെരുമ നല്കുന്ന വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സേവനത്തുറകൾ ഇന്നൊരു പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഈ സേവനങ്ങളെ വിപുലീകരിക്കുന്നതിനോ ഗുണനിലവാരം ഉയർത്തുന്നതിനോ ആവശ്യമായ മുതൽമുടക്ക് നടത്തുവാൻ ധനപ്രതിസന്ധിമൂലം സർക്കാരിന് കഴിയുന്നില്ല. ഇതിനൊരു പരിഹാരമായി നിർദ്ദേശിക്കപ്പെടുന്നത് ഈ മേഖലകളുടെ സ്വകാര്യവല്ക്കരണമാണ്. നിലവിലുള്ള വിദ്യാഭ്യാസ ആരോഗ്യസംവിധാനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി കൊണ്ടല്ലാതെ സ്വകാര്യവല്ക്കരണ പ്രവണതയെ ചെറുത്തു തോല്പിക്കാനാവില്ല. ഇത്തരം ഒരു ഭൂമികയിൽ നിന്നുകൊണ്ടാണ് നാം പൊതുജനാരോഗ്യത്തെയും കുടിവെള്ള പ്രശ്നത്തെയും കുറിച്ച് ചിന്തിച്ചു തുടങ്ങുന്നത്.

## കുടിവെള്ളം

പൊതുവേ കുടിനീർക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്താണ് കഠിനംകുളം. ജലദൗർലഭ്യത്തെക്കാൾ ജലമലിനീകരണവും ഉപ്പുവെള്ളത്തിന്റെ പ്രസരണവുമാണ് (Saline Intrusion) കുടിനീർക്ഷാമം സൃഷ്ടിക്കുന്നത്. തീരപ്രദേശങ്ങളിൽ ഓരു കയറ്റം കാരണം കുടിവെള്ളക്ഷാമം ഉണ്ടാകുന്നു.

പാർവതീപുത്തനാറിൽ ഉണ്ടാകുന്ന വ്യവസായ മലിനീകരണം, അതിന്റെ തീരത്തുള്ള കിണറുകളിലെ ജലത്തെയും ഉപയോഗശൂന്യമാക്കി തീർക്കുന്നു. ഏറ്റവും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് തീരദേശ കായലോരവാർഡുകളായ 1,2,3,4,7,8 തുടങ്ങിയ വാർഡുകളിലും 9-ാം വാർഡിലെ കരിഞ്ഞവയൽപ്രദേശത്തുമാണ്.

കിണറുകളാണ് പഞ്ചായത്തിലെ മുഖ്യ കുടിനീർസ്രോതസ്സ്. 50% ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് സ്വന്തം കിണറുകളെയാണ്. എന്നാൽ ഈ കിണറുകളിൽ ഭൂരിഭാഗവും സംരക്ഷണ ചുമതല ഇല്ലാത്തവയാണ്. ഇത് ശുദ്ധജലലഭ്യതയ്ക്ക് കാര്യമായ തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഓരുവെള്ളം ഉള്ള പ്രദേശങ്ങളിലേക്ക് പൈപ്പ്ലൈൻ വഴി ശുദ്ധജലം എത്തിക്കുന്നുണ്ട്. അഞ്ചാം വാർഡിൽ സ്ഥാപിച്ചിട്ടുള്ള ജലസംഭരണിയിൽ നിന്നുമാണ് ശുദ്ധജലവിതരണം സാദ്ധ്യമാക്കുന്നത്. എന്നാൽ ജലസംഭരണി സ്ഥിതി ചെയ്യുന്ന വാർഡിൽപ്പോലും വേണ്ടത്ര വാട്ടർ ടാപ്പുകൾ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. പൊതുഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള വാട്ടർ ടാപ്പുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതു നിമിത്തം ധാരാളം ജലനഷ്ടം സംഭവിക്കുന്നുണ്ട്. ഭൂഗർഭജലത്തെ ആശ്രയിച്ച് കുഴൽക്കിണറുകൾ (Borewell) പഞ്ചായത്തിൽ പല ഭാഗത്തും സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇവയൊക്കെ പ്രവർത്തനരഹിതമാണ്. യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുവാനുള്ള വിദഗ്ദരുടെ അഭാവം ഒരു പ്രധാന പ്രശ്നമാണ്.

### പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. തീരദേശകായലോര വാർഡുകളായ 1,2,3,4,7,8 എന്നീ വാർഡുകളിലും 9-ാം വാർഡിലെ കരിഞ്ഞവയൽ പ്രദേശത്തും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
3. പാർവതീപുത്തനാറിൽ ഉണ്ടാകുന്ന വ്യവസായ മലിനീകരണവും, അറവുശാലകളിൽ നിന്നുള്ള







| | |
|---|---|
| 40% | മഴക്കാലത്ത് വെള്ളം ലഭ്യമാകുന്നു |
| 30% | ധാരാളം വെള്ളം ലഭ്യമാകുന്നു |
| 17.95% | ഭേദപ്പെട്ടരീതിയിൽ വെള്ളം ലഭ്യമാകുന്നു |
| 12.05% | വളരെകുറച്ച് വെള്ളം ലഭ്യമാകുന്നു |

| | |
|---|---|
| 52.05% | സ്വന്തം കിണർ |
| 7.95% | പ്രകൃതിജലം |
| 40% | ശുദ്ധജലവിതരണ പദ്ധതി |

അവശിഷ്ടങ്ങൾ നിക്ഷേപിക്കലും, ആറ്റിൻകര കളിലുള്ള കിണറുകളിലെ ജലം മലിനമാക്കുന്നു.

4. സമഗ്രകുടിനീർപദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

## സാധ്യതകൾ

1. സമഗ്രശുദ്ധജലപദ്ധതി എത്രയും പെട്ടെന്ന് പൂർത്തിയാക്കുക.

2. പഞ്ചായത്തുകിണറുകൾ ആണ്ടിൽ ഒരിക്കൽ വൃത്തിയാക്കി സൂക്ഷിക്കുക.

3. 9-ാം വാർഡിലെ ചിറ്റാറ്റുമുക്ക് ജംഗ്ഷനിലുള്ള ഉപയോഗശൂന്യമായ പൊതുകിണർ മൂടുകയും പൊതുനിരത്തിനരികിൽ ഓട നിർമ്മിച്ച് മലിന ജലനിർഗമനത്തിന് മാർഗ്ഗം സൃഷ്ടിക്കുകയും വേണം.

4 മേനംകുളം പ്രദേശത്തെ കുടിവെള്ളക്ഷാമത്തിന് പരിഹാരം ഉണ്ടാക്കുന്നതിനായി സമഗ്രകുടിനീർ വിതരണപദ്ധതിയുമായി സംയോജിപ്പിച്ച് ആ പ്രദേശത്ത് ഒരു Water Tank സ്ഥാപിക്കേണ്ടതാണ്.

5. പഞ്ചായത്ത് കനാലുകൾ കുളങ്ങൾ ഇവ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ശക്തി പ്പെടുത്തുകയും അവയിലെ അനധികൃത മണലൂറ്റ് തടയുകയും വേണം. തോടുകളിലും, ആറുകളിലും നടക്കുന്ന ക്രമാതീതമായ മണലൂറ്റ് തീരപ്രദേശ ങ്ങളിൽ ലവണജലവും ഓരും കടന്നു കയറുന്നതിന് (Saline water Intrusion) കാരണ മായിതീരുന്നു.

6. സമഗ്ര കുടിനീർ പദ്ധതി നടപ്പിലാക്കിയിട്ടുള്ള ഭാഗങ്ങളിൽ വേണ്ടത്ര ടാപ്പുകൾ സ്ഥാപിക്കുകയും ഉപയോഗശൂന്യമായ കേടുപാടുകൾ തീർത്ത് പുനഃസ്ഥാപിക്കുകയും ചെയ്യുക.

7. പാർവതീപുത്തനാർ മലിനവിമുക്തമാക്കുന്നതിനും ഗതാഗത യോഗ്യമാക്കുന്നതിനും ഒരു സമഗ്രപദ്ധതി സർക്കാർതലത്തിൽ നടപ്പിലാക്കുക.

## പൊതുജനാരോഗ്യം

ആരോഗ്യരംഗത്ത് കഴിഞ്ഞ ദശകങ്ങളിലുണ്ടായ പുരോഗതി മരണനിരക്ക് കുറയ്ക്കുന്നതിന് സഹായകമായിട്ടുണ്ട്. മരണനിരക്ക് കുറഞ്ഞിട്ടു ണ്ടെങ്കിലും രോഗാതുരതയുടെ നിരക്ക് കൂടുകയാണ്. ജീവിതശൈലിയിൽ വന്നിട്ടുള്ളമാറ്റം ഈ അവസ്ഥയെ ഒരു പരിധിവരെ സ്വാധീനിക്കുന്നുണ്ട്. ബോധ വൽക്കരണം അത്യാവശ്യമായ ഒരു മേഖലയാണ്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണ് ഗ്രാമതലത്തിൽ ആരോഗ്യസംരക്ഷണത്തിന്റെ കേന്ദ്രബിന്ദുക്കൾ. പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയാണ് ഈ രംഗത്ത് നടപ്പിലാ ക്കാവുന്ന ഏറ്റവും ഫലപ്രദമായ പരിപാടി.

പഞ്ചായത്തിലെ പ്രധാന സർക്കാർ ആരോഗ്യകേന്ദ്രമായ പുത്തൻതോപ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 1995-96 വർഷത്തിൽ റിപ്പോർട്ടു ചെയ്ത രോഗികൾ 42,984 ആണ്. ഇതിൽ 80% സ്ത്രീകളും കുട്ടികളുമാണ്. പഞ്ചായത്തിനു പുറത്തുള്ള ആശുപത്രികളിൽ അഭയം തേടുന്നവരുടെ എണ്ണം ഇതിലും കൂടുതലാണ്. പഞ്ചായത്തിൽ 2 പ്രാഥമികാരോഗ്യകേന്ദ്രങ്ങളും അവയുടെ കീഴിൽ ആറ് സബ്സെന്ററുകളും പ്രവർത്തിക്കുന്നു. പുത്തൻതോപ്പ് പ്രാഥമികാരോഗ്യകേന്ദ്രം 18 കിടക്കകളുള്ള ഒരാശുപത്രിയാണ്. പുതുക്കുറുച്ചിപള്ളിവക 1 ഏക്കർ സ്ഥലം സംഭാവനയായി ലഭിച്ചിടത്താണ് പുതുക്കുറുച്ചി PHC പ്രവർത്തിക്കുന്നത്. ഇപ്പോൾ ഇവിടെ Residential Medical Officer-ോ, രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങളോ ഇല്ല. ഈ ആശുപത്രിയിലെ I.P വാർഡ് പ്രവർത്തിപ്പിച്ചു തുടങ്ങുകയും RMO യെ നിയമിക്കുകയും ചെയ്യേണ്ടതാണ്. ചേരമാൻ തുരുത്തിലും കഠിനം കുളത്തുമായി രണ്ട് സർക്കാർ ആയുർവേദ ഡിസ്പെൻസറികൾ ഉണ്ട്. സർക്കാർ ഹോമിയോ ഡിസ്പെൻസറി ഈ പഞ്ചായത്തിൽ നിലവിൽ വന്നിട്ടില്ല. ഒരു സർക്കാർ വെറ്റിനറി ആശുപത്രി പഞ്ചായത്തിലുണ്ട്.

## പരിസരശുചിത്വവും മലിനീകരണവും

പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ സ്ഥിതിയെ പ്രതികൂലമാക്കുന്ന ഒരു പ്രധാന ഘടകം സെപ്റ്റിക് ടാങ്കുകളുള്ള കക്കൂസുകളുടെ അഭാവമാണ്.

ഒന്നാം വാർഡും 4-ാം വാർഡും ജനസാന്ദ്രത കൂടുതലുള്ള വാർഡുകളാണ്. 1,2,4 വാർഡുകളിലാണ് ഏറ്റവും കൂടുതൽ കക്കൂസില്ലാത്ത വീടുകൾ ഉള്ളത്. കഴിഞ്ഞ അഞ്ചുകൊല്ലക്കാല ത്തിനിടയ്ക്ക് ഈ പ്രദേശങ്ങളിലെ താഴ്ന്ന വരുമാനക്കാർക്ക് പഞ്ചായത്തിലെ പരിധിയില്ലാ ഫണ്ട്. ഉപയോഗിച്ച് കക്കൂസുകൾ നിർമ്മിച്ച് നൽകുകയുണ്ടായി. ഈ രംഗത്ത് ബോധവല്ക്കരണം ആവശ്യമാണ്. പഞ്ചായത്തിന്റെ ജലസ്രോതസ്സുകളുടെ തീരങ്ങളിലുള്ള ജനങ്ങളുടെ പ്രാഥമികാവശ്യങ്ങളുടെ നിർവഹണം ജലജന്യരോഗങ്ങൾക്ക് കാരണമാകുന്നു.

കൊതുക്, ഈച്ച എന്നിവയെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. തന്മൂലം മഴക്കാലത്തും മറ്റും വയറിളക്കം, ഛർദ്ദി തുടങ്ങിയ രോഗങ്ങൾ പടർന്നു പിടിക്കുന്നു. അടുക്കളയിൽ പണിയെടുക്കുന്ന സ്ത്രീകളിൽ ശ്വാസകോശരോഗങ്ങൾ, വിളർച്ച, അലർജി മുതലായവയും കുട്ടികളിൽ ന്യൂമോണിയ, ശ്വാസകോശരോഗങ്ങൾ എന്നിവയ്ക്കും പുകയാണ് കാരണം എന്ന അറിവ് ഇല്ലാത്തതുകൊണ്ടായിരിക്കാം പഞ്ചായത്തിലെ തൊണ്ണൂറ് ശതമാനത്തിലേറെ വീടുകളിലും സാധാരണ വിറകടുപ്പാണ് ഉപയോഗിക്കുന്നത്. മദ്യപാനാസക്തി മറ്റൊരു ആരോഗ്യപ്രശ്നമാണ്. മയക്കുമരുന്നിനും മദ്യത്തിനുമെതിരെ ജനങ്ങളെ ബോധവല്ക്കരിക്കു ന്നതിന് സർക്കാർതലത്തിൽ ഒരു De-adiction centre ആരംഭിക്കേണ്ടതാണ്. ഈ രംഗത്ത് ഇന്ന് ഏറെ പ്രവർത്തനങ്ങൾ നടത്തുന്നത് സന്നദ്ധ സംഘടനകളും സ്വകാര്യസ്ഥാപനങ്ങളുമാണ്.

## പരിസ്ഥിതി

ജൈവ വൈവിധ്യസംരക്ഷണരംഗത്ത് നമ്മുടെ പൂർവികർക്കുണ്ടായിരുന്നത് ഒരു വിശാലമായ കാഴ്ചപ്പാടായിരുന്നു. നാശോൻമുഖമാകാൻ വിധിക്കപ്പെട്ട പല ജീവജാലങ്ങൾക്കും അവസാന കാലത്ത് ഒരു അത്താണിയായി വർത്തിച്ചിരുന്നത് കേരളത്തിലെ തീരപ്രദേശത്തും ഇടനാടിലുമു ണ്ടായിരുന്ന കാവുകളും കുളങ്ങളുമായിരുന്നു. ജനിതികവൈവിധ്യം നിലനിർത്തുന്നതിന് കാവുകൾ വഹിച്ചിരുന്ന പങ്ക് ശ്രദ്ധേയമാണ്. ഈ പഞ്ചായത്തിൽ പ്രധാനമായും രണ്ടു കാവുകളാണുള്ളത്. അവയുടെ സംരക്ഷണം ഗ്രാമസഭകളുടെ പ്രത്യേക ശ്രദ്ധയർഹിക്കുന്ന ഒന്നാണ്.

നാട്ടറിവുകൾ ശേഖരിക്കുവാനും അവ പ്രയോജനപ്പെടുത്തുവാനുമുള്ള പദ്ധതി ആവിഷ്ക രിക്കണം. പ്രാഥമികാരോഗ്യ സംരക്ഷണത്തെ ക്കുറിച്ച് ബോധവത്ക്കരണം, ഔഷധസസ്യങ്ങളുടെ പ്രാധാന്യം കണ്ടറിഞ്ഞ് അവയെ തിരിച്ചറിയൽ, അവയുടെ രോഗപ്രതിരോധ ശക്തി നിലനിർത്തൽ, എങ്ങനെ പ്രയോജനപ്പെടുത്താം, ആരോഗ്യദായകഗുണം എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാം, പ്രാഥമികാ രോഗ്യതലത്തിൽ സാധാരണ ഉണ്ടാകുന്ന ചെറിയ വിഷമങ്ങൾക്ക് പരിഹാരമായി എങ്ങനെ ഉപയോഗപ്പെടുത്താം, ഗ്രാമഗ്രാമാന്തരങ്ങളിലെ ഓരോ വീട്ടിലും ചെറിയ ഔഷധ തോട്ടനിർമ്മാണം പ്രോത്സാഹിപ്പിച്ച് ഔഷധസസ്യസംരക്ഷണം എങ്ങനെ സാധ്യമാക്കാം എന്നീ കാര്യങ്ങൾക്ക് ഊന്നൽ നൽകണം.

## സാധ്യതകൾ

1. കുടുംബക്ഷേമ കേന്ദ്രങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും ആഴ്ചയിൽ 3 ദിവസമെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും വേണം.
2. ആവശ്യത്തിന് മരുന്ന് ലഭ്യമാക്കുന്ന സംവിധാനം ഉണ്ടാകണം.
3. പുത്തൻതോപ്പ് പ്രാഥമികാരോഗ്യകേന്ദ്രം ഒരു Community Health Centre ആക്കി വികസിപ്പിക്കുക. ഇവിടെ Gynacology, Paediatrics, Medical, Surgical തുടങ്ങിയ Speciality കൾക്കുള്ള സൗകര്യവും X-ray ഉപകരണങ്ങളും സ്ഥാപിക്കുക. മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്കും, ഹൗസ്സർജൻ മാർക്കും ഗ്രാമീണ ചികിത്സാ പരിശീലനത്തിനുള്ള ഒരു കേന്ദ്രമായി ഈ സ്ഥാപനത്തെ ഉയർത്തണം. ആശുപത്രിയോടനുബന്ധിച്ച് ഒരു ആംബുലൻസ് സൗകര്യവും ഏർപ്പെടുത്തണം.

4. പുതുക്കുറുച്ചി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിർമ്മിച്ചിട്ടുള്ള 10 കിടക്കകളുള്ള വാർഡിൽ രോഗികളെ Admit ചെയ്യാനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക. ഇത്രയും കിടക്കകൾക്ക് ആവശ്യമായ ഡോക്ടർ, മറ്റു പാരാമെഡിക്കൽ ജീവനക്കാർ ഇവരെ നിയമിക്കുക.

5. പ്രാഥമികാരോഗ്യ കേന്ദ്രത്തിൻ കീഴിലുള്ള സബ്സെന്ററുകൾക്ക്, പുതുവൽ ഹരിജൻ കോളനി, മരിയനാട് കോളനി, തുമ്പ, അണക്കപ്പിള്ള, ചേരമാൻതുരുത്ത് എന്നീ സ്ഥലങ്ങളിൽ സ്വന്തമായ കെട്ടിടം നിർമ്മിക്കുക.

6. പഞ്ചായത്തിൽ പുതുതായി ഒരു ഹോമിയോ ആശുപത്രി നിർമ്മിക്കുക.

7. ചേരമാൻ തുരുത്ത്, കഠിനംകുളം എന്നിവിടങ്ങളിലുള്ള ആയുർവേദാശുപത്രികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുകയും ഇവയിലേതെങ്കിലും ഒരു ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സംവിധാനവും ആവശ്യം വേണ്ട ജീവനക്കാരെ നിയമിക്കുകയും വേണം.

8. പഞ്ചായത്തു പ്രദേശത്തുള്ള പാരമ്പര്യചികിത്സാ സൗകര്യം വിപുലപ്പെടുത്തുന്നതോടൊപ്പം തന്നെ കഠിനംകുളം പോലീസ് സ്റ്റേഷനുസമീപമുള്ള തീരത്ത് വിനോദസഞ്ചാരവികസനത്തിനു പ്രാധാന്യം നൽകിക്കൊണ്ട് ഒരു പ്രകൃതി ചികിത്സാകേന്ദ്രം സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കാവുന്നതാണ്.

9. പകർച്ചവ്യാധികൾ പരത്തുന്നതിനു സഹായിക്കുന്ന കൊതുക്, ഈച്ച മുതലായവയുടെ നിർമ്മാർജ്ജന പ്രക്രിയ കാലാകാലങ്ങളിൽ ശരിയായ രീതിയിൽ നടത്തണം. വേനൽക്കാലത്ത് ആരംഭിച്ച് മുതലപ്പൊഴി അടയുന്ന സമയത്ത് തീവ്രമാകുന്ന കൊതുകുശല്യത്തിന്റെ ഭീകരാവസ്ഥയിൽ നിന്ന് നാട്ടുകാരെ രക്ഷിക്കുന്നതിനാവശ്യമായ നടപടികളുടെ ഭാഗമായി മുതലപ്പൊഴി അഴിയിക്കാനുള്ള പദ്ധതി അടിയന്തിരമായി ചെയ്തു തീർക്കണം. ചിറയിൻകീഴ്, അഴൂർ, മംഗലാപുരം, അണ്ടൂർക്കോണം, ആറ്റിപ്ര എന്നീ പഞ്ചായത്തുകളുടെ ഏകോപന പ്രവർത്തനത്തിലൂടെമാത്രമേ ഈ പദ്ധതി സാദ്ധ്യമാകുകയുള്ളൂ.

10. കയർത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ എന്നിവർക്കുവേണ്ടി വാർഷിക മെഡിക്കൽ പരിശോധനാ സ്കീം ഏർപ്പെടുത്തണം.

11. കക്കൂസ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തിന് സൗജന്യമായി കക്കൂസ് നിർമ്മിച്ചുകൊടുക്കുകയും വേണം. ഭാവിയിൽ വീട് നിർമ്മിക്കുന്നതിനുള്ള ലൈസൻസ് നല്കുമ്പോൾ അവിടെ കക്കൂസ് നിർമ്മിക്കുന്നത് നിർബന്ധമാക്കുകയും ഒരു വ്യവസ്ഥയാക്കുകയും അർഹിക്കുന്നവർക്ക് വേണ്ട സാമ്പത്തികസഹായം നല്കുകയും ചെയ്യാവുന്നതാണ്.

12. മര്യനാട്, തുമ്പ, പുതുക്കുറുച്ചി എന്നീ കടപ്പുറങ്ങളിൽ മത്സ്യം ലേലം ചെയ്യുന്നതിന് Plat form കൾ നിർമ്മിക്കണം. കടൽപ്പുറത്ത് മാലിന്യങ്ങൾ കുന്നുകൂടുന്നത് തടയുവാൻ ഇത് സഹായകമാകും.

13. അഴുക്കുചാലുകൾ, കനാലുകൾ എന്നിവ ഉപയോഗ യോഗ്യമാക്കുകയും ജലമലിനീകരണം തടയുന്നതിലേക്കായി കനാലുകളുടെ തീരങ്ങളിൽ രാമച്ചം നട്ടുപിടിപ്പിക്കുവാനുള്ള ഒരു പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയും വേണം.



# സഹകരണ മേഖല:

ഭൂമിശാസ്ത്രപരമായി വളരെയധികം സവിശേഷതകൾ നിറഞ്ഞ പഞ്ചായത്താണിത്. പടിഞ്ഞാറ് ഭാഗം പൂർണ്ണമായി അറബിക്കടൽ സ്ഥിതിചെയ്യുന്നു. ഒന്നു മുതൽ ആറുവരെ വാർഡുകളുടെ കിഴക്കുഭാഗം കഠിനംകുളം കായലാണ്. ബാക്കിഭാഗം പാർവ്വതീപുത്തനാറിന്റേ ഇരു കരകളിലുമായി സ്ഥിതിചെയ്യുന്നു. നാളികേരമാണ് പ്രധാന കാർഷികവിള, നാളികേരത്തിന്റെ ഉപോല്പന്നമായ തൊണ്ടിനെ ആസ്പദമാക്കിയിട്ടുള്ള കയർ വ്യവസായവും തീരപ്രദേശത്തെ മത്സ്യബന്ധനവുമാണ് പ്രധാന തൊഴിൽ മേഖല. അതുകൊണ്ട്തന്നെ പഞ്ചായത്തിലെ സഹകരണപ്രസ്ഥാനം പ്രധാനമായും ഈ രണ്ട് മേഖലകളിലായി കേന്ദ്രീകരിച്ചിരിക്കുന്നു. സഹകരണമേഖലയെ വിലയിരിത്തുമ്പോൾ പഞ്ചായത്തിലെ ഒരു അപൂർവ്വ സവിശേഷത പരാമർശിക്കപ്പെടേണ്ടതുണ്ട്. നാലാം വാർഡിൽ മാത്രം അഞ്ച് സഹകരണസംഘങ്ങൾ താരതമ്യേന നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നുവെന്ന വസ്തുതയാണത്. ദേശീയതലത്തിൽ അംഗീകാരം നേടിയ സംഘവും ഇക്കൂട്ടത്തിലുണ്ട്. നമ്മുടെ തീരപ്രദേശത്തെ ക്രിസ്തീയജനവിഭാഗത്തെ ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനം ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. ഒരു പക്ഷേ അതിന്റെ സ്വാധീന ഫലമായിട്ടാകാം പഞ്ചായത്തിലെ ആദ്യത്തെ സഹകരണസംഘം പ്രവർത്തനം തുടങ്ങുന്നത് മത്സ്യത്തൊഴിലാളി രംഗത്താണ്. 1953ൽ പുത്തൻതോപ്പ് കേന്ദ്രീകരിച്ച് ശ്രീ. പത്രോസ് പരേരയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട മത്സ്യത്തൊഴിലാളി സംഘമാണത്.

### കയർ

സ്വകാര്യമുതലാളിമാരുടെ കൊടിയ ചൂഷണത്തിന് വിധേയമായി കടുത്ത ദുരിതമനുഭവിച്ചിരുന്ന തൊഴിലാളികൾ അമ്പതുകളുടെ അവസാനത്തിലാണ് സഹകരണാടിസ്ഥാനത്തിൽ സംഘടിക്കപ്പെട്ടത്. തിരുവിതാംകൂറിലെ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റേയും തൊഴിലാളിവർഗപ്രസ്ഥാനങ്ങളുടേയും പ്രവർത്തനഫലമായി ഉണ്ടായ ഉയർന്ന രാഷ്ട്രീയാവബോധമാണ് തൊഴിലാളികളെ ഇതിനു പ്രാപ്തരാക്കിയത്. കയർവ്യ

വസായ സഹകരണസംഘങ്ങളുടെ പ്രവർത്തനഫലമായി സംഘങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് താരതമ്യേന മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥകൾ നേടിയെടുക്കാൻ കഴിഞ്ഞു. സഹകരണപ്രസ്ഥാനത്തിന്റെ പിൻബലത്തിൽ ഉയർന്നുവന്ന പുത്തൻ ഐക്യബോധം, തൊഴിലാളികളെ കൂടുതൽ സംഘടിതരാകാനും സ്വകാര്യമുതലാളിമാരുമായി വിലപേശി കൂടുതൽ ആനുകൂല്യങ്ങൾ നേടിയെടുക്കാനും അവരെ സഹായിച്ചു. ഇത് യാഥാർത്ഥ്യത്തിന്റെ ഒരു വശം മാത്രമാണ്. പഞ്ചായത്തിലെ കയർതൊഴിലാളികളിൽ ഭൂരിപക്ഷവും സഹകരണമേഖലയ്ക്ക് പുറത്താണ് പണിയെടുക്കുന്നത്. പുതിയ തലമുറയിലെ തൊഴിലാളികളെ ആകർഷിക്കാൻ കഴിയാത്തവിധം തീർത്തും അപരിഷ്കൃതമായ സാഹചര്യങ്ങളിലാണ് ഈ വ്യവസായം ഇന്നും നടന്നുവരുന്നത്. മിനിമംകൂലി പോലും ലഭ്യമല്ലാത്ത തൊഴൽ വിഭാഗവും കയർതൊഴിലാളികൾ മാത്രമാണ്. പടിഞ്ഞാറ്റുമുക്ക് കേന്ദ്രീകരിച്ചാണ് പഞ്ചായത്തിലെ ആദ്യത്തെ കയർ സഹകരണസംഘം രൂപീകരിച്ചത് കഠിനംകുളം പഞ്ചായത്ത് കയർ വ്യവസായ സഹകരണസംഘം എന്ന പേരിൽ ഏറെ വൈകാതെ കഠിനംകുളം കയർ വ്യവസായ സഹകരണസംഘം കഠിനംകുളത്ത് പ്രവർത്തനം ആരംഭിച്ചു. പിന്നീട് പുതിക്കുറുച്ചി, ചാന്നാങ്കര, പള്ളിനട എന്നിവിടങ്ങളിലും കയർസംഘങ്ങൾ രൂപീകരിച്ചു.

**മത്സ്യം**

പഞ്ചായത്തിലെ സഹകരണപ്രസ്ഥാനം ആദ്യമായി രൂപപ്പെടുന്നത് മത്സ്യത്തൊഴിലാളിമേഖലയിലായിരുന്നുവെന്ന് നേരത്ത് സൂചിപ്പച്ചുവല്ലോ. ഇതര പരമ്പരാഗത തൊഴിൽ വിഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമായി വളരെ സവിശേഷമായ തൊഴിൽ ബന്ധങ്ങൾ നിലനില്ക്കുന്ന ഒരു സമൂഹമാണ് മത്സ്യത്തൊഴിലാളികളുടേത്. ചരിത്രപരമായ കാരണങ്ങളാൽ നിരക്ഷരതയിലും മതാടിമത്തത്തിലും ആണ്ടുകിടക്കുന്ന ഒരു വിഭാഗത്തെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയെന്നത് വളരെ ദുഷ്ക്കരമായ പ്രവൃത്തിയാണ്. അതുകൊണ്ടുതന്നെ പുത്തൻതോപ്പ്സംഘം പ്രവർത്തകർ ആദ്യകാലങ്ങളിൽ അഭിമുഖീകരിച്ച പ്രയാസങ്ങൾ നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. നോർവേ പോലുള്ള വിദേശരാഷ്ട്രങ്ങളിൽ നിന്ന് നൈലോൺവല, ചൂണ്ട തുടങ്ങിയ മത്സ്യബന്ധനോപകരണങ്ങൾ ഇറക്കുമതി ചെയ്ത് മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ആ സംഘം ഏറ്റെടുത്ത് നടത്തിയിരുന്നു. പക്ഷേ മത്സ്യത്തൊഴിലാളികളുടെ പിന്നോക്കാവസ്ഥയ്ക്കുള്ള യഥാർത്ഥകാരണങ്ങളുടെ വിരൽത്തുമ്പിൽ പോലും സ്പർശിക്കാതെയുള്ള കർമ്മപരിപാടികളും, ദീർഘവീക്ഷണമില്ലായ്മയും മൂലം ഏറെ വൈകാതെ ആ സംഘത്തിന്റെ പ്രവർത്തനം നിലച്ചുപോയി.

മത്സ്യത്തൊഴിലാളി മേഖലയിലെ സഹകരണപ്രസ്ഥാനത്തിന്റെ പിന്നീടുള്ള ചരിത്രത്തെ രൂപപ്പെടുത്തുന്നത് കാലാകാലങ്ങളിൽ ഭരണം നടത്തിയിട്ടുള്ള ഗവൺമെന്റുകൾ നടപ്പിലാക്കിയ നയപരിപാടികളാണെന്നു കാണാം. കഠിനംകുളത്തെ വിജനമായിരുന്ന തീരപ്രദേശത്ത് (ആളില്ലാത്തുറയെന്ന പഴയ സ്ഥലനാമം ഓർക്കുക) അറുപതുകളുടെ തുടക്കത്തിൽ ബിഷപ്പ് പീറ്റർ ബർണാഡ് പെരേര തിരുമേനിയുടെ നേതൃത്വത്തിൽ ജില്ലയുടെ തെക്കൻ പ്രദേശങ്ങളിൽനിന്ന് വിദഗ്ദ്ധരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംഘടിതമായി കൊണ്ടുവന്ന് കുടിയേറി പാർപ്പിക്കാൻ തുടങ്ങി. ഇങ്ങനെയാണ് മര്യനാട് ഗ്രാമം രൂപം കൊള്ളുന്നത്. കേരളത്തിലെ മലയോരപ്രദേശങ്ങളിലേക്കുള്ള കർഷകരുടെ കുടിയേറ്റജീവിതവുമായി ഇതിന് പലതരത്തിലുള്ള സമാനതകൾ കണ്ടെത്താൻ കഴിയും. ഇവരുടെ പാർപ്പിടാവശ്യങ്ങൾക്കുവേണ്ടിയാണ് അക്കാലത്ത് മര്യനാട് ഹൗസ് ബിൽഡിംങ്ങ് കോഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിച്ചത്. ഏതാണ്ടിതേ കാലയളിവിൽ സംസ്ഥാനവ്യാപകമായി മത്സ്യഉല്പാദക സഹകരണസംഘങ്ങൾ രൂപീകരിക്കാൻ സംസ്ഥാനസർക്കാർ തീരുമാനിച്ചു. ഇതിന്റെ ചുവടുപിടിച്ച് മര്യനാട് മത്സ്യഉല്പാദകസഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങി. മത്സ്യത്തൊഴിലാളികൾക്ക് വായ്പകൾ ലഭ്യമാക്കിയും മത്സ്യവിപണനത്തിൽ ഫലപ്രദമായി ഇടപെടുകയും ചെയ്തുകൊണ്ട്, ഈ മേഖലയെ കാലാകാലമായി അടക്കിവാണിരുന്ന ഇടത്തട്ടുകാരിൽനിന്നും മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കാൻ ഉല്പാദകസംഘത്തിന്റെ പ്രവർത്തനംകൊണ്ട് കഴിഞ്ഞു.

മര്യനാട് ആരംഭിച്ച ഈ മത്സ്യഹൗസിംങ്ങ് സഹകരണസംഘങ്ങൾക്ക് മതപരമായ പിൻബലവും അതിന്റേതായ സാമ്പത്തികാനുകൂല്യങ്ങളും ലഭിച്ചിരുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്.

സംസ്ഥാന വ്യാപകമായി ആരംഭിച്ച മത്സ്യ ഉല്പാദകസംഘങ്ങൾ പലേടങ്ങളിലും കാലക്രമേണ നിർജ്ജീവമായി. എന്നാൽ മര്യനാട് മത്സ്യ ഉല്പാദകസംഘം തുടർന്നുള്ള കാൽനൂറ്റാണ്ട്കാലം മര്യനാട് പോലെ വളരെയേറെ വൈരുദ്ധ്യങ്ങൾ നിറഞ്ഞ ഒരു മത്സ്യത്തൊഴിലാളി സമൂഹത്തെപോലും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ കഴിയുന്ന പ്രസ്ഥാനമായി നിലകൊണ്ടു എന്നത് അഭിമാനകരമാണ്. 1987 89 കാലഘട്ടത്തിൽ എൻ.സി.ഡി.സി യുടെ സഹായം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടി അന്നത്തെ സംസ്ഥാന സർക്കാർ 81 മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘങ്ങൾ രൂപീകരിച്ച് സർക്കാർ ധനസഹായം ആ സംഘങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയതോടെ മര്യനാട് മത്സ്യ ഉല്പാദക സംഘത്തിന്റെ പ്രതാപകാലം അസ്തമിക്കാൻ തുടങ്ങി. എങ്കിലും സർക്കാരിന്റെ പ്രത്യേക ധനസഹായമൊന്നും കൂടാതെ തന്നെ മര്യനാട് സംഘം ഇപ്പോഴും പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള വിരലിലെണ്ണാൻ കഴിയുന്ന മത്സ്യ ഉല്പാദക സംഘങ്ങളിൽ ഒന്നാണ് മര്യനാടിലേത്.

1989-ൽ പഞ്ചായത്തിൽ പുതുതായി രണ്ട് മത്സ്യത്തൊഴിലാളി വികസന ക്ഷേമസംഘങ്ങൾ രൂപീകരിച്ചു. പുത്തൻതോപ്പ് കേന്ദ്രമാക്കി പള്ളിത്തുറ വെട്ടുതുറ സംഘവും മര്യനാട് കേന്ദ്രമാക്കി മര്യനാട് പെരുമാതുറ സഹകരണസംഘവും. മര്യനാട് മത്സ്യഉല്പാദകസംഘം മര്യനാട് തുടങ്ങിവച്ച പ്രവർത്തനങ്ങൾ ഇപ്പോൾ ഫലപ്രദമായി പഞ്ചായത്തിലെ ഒന്നും രണ്ടും നാലും വാർഡുകളിൽ നടപ്പിലാക്കിവരുന്നത് മര്യനാട്പെരുമാതുറ സഹകരണസംഘമാണ്. കഴിഞ്ഞവർഷം ഈ സഹകരണസംഘം നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ ഉല്പാദനക്ഷമത അവാർഡ് രാഷ്ട്രപതിയിൽ നിന്ന് സ്വീകരിക്കുകയുണ്ടായി എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. പിന്നീട് 1992 കാലഘട്ടത്തിൽ അന്നത്തെ ഗവൺമെന്റിന്റെ തീരുമാനപ്രകാരം പുതിയ മത്സ്യത്തൊഴിലാളി ക്ഷേമസഹകരണസംഘങ്ങൾ തുമ്പ, പുത്തൻതോപ്പ്, മര്യനാട്, പുതുക്കുറുച്ചി എന്നിവിടങ്ങളിൽ രൂപീകരിക്കപ്പെട്ടു. പള്ളിത്തുറവെട്ടുതുറ സംഘത്തിന്റെ പ്രവർത്തനങ്ങൾ പ്രധാനമായും പുത്തൻതോപ്പ്, സെന്റാൻഡ്രൂസ്, വെട്ടുകാട് തുമ്പ തുടങ്ങിയ വാർഡുകൾ ലക്ഷ്യമാക്കിയാണ് നടത്തുന്നത്.

## ക്ഷീരം

പഞ്ചായത്തിൽ രണ്ട് ക്ഷീരസംഘങ്ങൾ രജിസ്റ്റർചെയ്ത് പ്രവർത്തിച്ചുവരുന്നു. ഒന്ന് മേനംകുളത്തും മറ്റൊന്ന് ചിറ്റാറ്റുമുക്കിലും. പഞ്ചായത്തിന്റെ തെക്കേ പകുതിയിലാണ് ഈ രണ്ട് സംഘങ്ങളും കേന്ദ്രീകരിച്ചിട്ടുണ്ട്.

## ഹൗസിംങ്ങ്

പഞ്ചായത്തിലെ ഏക ഹൗസിംങ്ങ് സംഘമാണ് മര്യനാട് ഹൗസിംങ്ങ് സഹകരണസംഘവും. ഹൗസിംങ്ങ് ഫെഡറേഷന്റെ വായ്പകൾ ലഭ്യമാക്കുന്ന ഏജൻസിയായി ഈ സംഘം പ്രവർത്തിച്ചുവരുന്നു. വസ്തുക്കൾ വാങ്ങി അംഗങ്ങൾക്ക് വില്ക്കുകയും കെട്ടിടനിർമ്മാണത്തിനും മറ്റും വായ്പകൾ നൽകുകയും ചെയ്തുവരുന്നു.

## ജോയിന്റ്ഫാമിംങ്ങ്

പുതുക്കുറിച്ചിയിൽ പ്രവർത്തിക്കുന്ന ഈ സംഘം വളരെയടുത്ത കാലത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയതാണ്.

## സർവ്വീസ്സംഘം

ഒരു പഞ്ചായത്തിന്റെ കാർഷിവ്യാവസായിക സമ്പദ്‌വ്യവസ്ഥയുടെ ജീവനാഡിയായി പ്രവർത്തിക്കേണ്ടത് സർവ്വീസ് സഹകരണസംഘമാണ്. കഠിനംകുളം പഞ്ചായത്ത് കേന്ദ്രമാക്കി പ്രവർത്തിച്ചുവന്ന സർവ്വീസ് സഹകരണസംഘം വർഷങ്ങൾക്കുമുമ്പേ പ്രവർത്തനം നിലച്ചുപോയി. ഇതുകാരണം ജില്ലാസഹകരണ ബാങ്കിന്റെ യാതൊരു ആനുകൂല്യങ്ങളും പഞ്ചായത്തിലുള്ളവർക്കു ലഭിക്കുന്നില്ല. നമ്മുടെ കാർഷികവ്യാവസായിക മേഖലയുടെ മുരടിപ്പിന് ഒരു പ്രധാ

നകാരണം സർവ്വീസ് സഹകരണസംഘത്തിന്റെ അസാന്നിദ്ധ്യമാണ്.

അവലോകനംനിർദ്ദേശങ്ങൾ

പഞ്ചായത്തിലെ കയർ വ്യവസായ സഹകരണസംഘങ്ങൾ ഒരു കടുത്ത പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. കയർ വ്യവസായം സംസ്ഥാനമൊട്ടാകെ പ്രതിസന്ധിയെ നേരിടുന്നുണ്ട്. കയർ വിപണിയുടെ കുത്തക അനുഭവിച്ചിരുന്ന കേരളത്തിന് ഇന്ന് ആ പദവി നഷ്ടമായിരിക്കുന്നു. തമിഴ്നാട് പോലുള്ള ഇതരസംസ്ഥാനങ്ങളും ശ്രീലങ്ക തുടങ്ങിയ വിദേശ രാജ്യങ്ങളും കൂടുതൽ ഗുണമേന്മയുള്ള കയർ കുറഞ്ഞനിരക്കിൽ ഉല്പാദിപ്പിച്ചുകൊണ്ട് വിപണി കൈയടക്കിയിരിക്കുകയാണ്. നമ്മുടെ ഉല്പന്നങ്ങളുടെ ഗുണമേന്മയും ആഭ്യന്തര ഉപഭോഗവും വർദ്ധിപ്പിച്ചുകൊണ്ടുമാത്രമേ കയർ വ്യവസായത്തിന് ഇനി മുന്നോട്ടുപോകാൻ കഴിയൂ.

കയർവ്യവസായം നവീകരിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള സംയോജിത കയർവികസനപദ്ധതി പഞ്ചായത്തിലെ കഠിനംകുളംസംഘം ഒഴിച്ചുള്ള നാലു സംഘങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. ഫലത്തിൽ കടുത്ത സാമ്പത്തിക ബാദ്ധ്യത സംഘങ്ങളുടെ മേൽ അടിച്ചേല്പിക്കാൻ മാത്രമാണ് ഇത് സഹായിച്ചിട്ടുള്ളത്. ഒന്നാമതായി പലസംഘങ്ങളിലും യന്ത്രറാട്ടുകൾ സ്ഥാപിച്ചിട്ടുള്ളതല്ലാതെ ഇതേവരെ ഉല്പാദനം തുടങ്ങിയിട്ടില്ല. ആവശ്യമായ വൈദ്യുത കണക്ഷൻ ലഭിക്കാത്തതാണ് കാരണമായി പറയുന്നത്. രണ്ടാമതായി നിലവിലുള്ള ട്രിഡിൽ റാട്ടുകളിൽ ഉല്പാദിപ്പിക്കുന്ന കയറിന് പരമ്പരാഗതറാട്ടുകളിലെ കയറിന്റെപോലും ഗുണമേന്മയില്ലാത്തതിനാൽ വിപണിയിൽ വില്ക്കാൻ കഴിയാത്ത സ്ഥിതി വന്നു ചേരും. മൂന്നാമതായി ഇന്ന് പരമ്പരാഗത റാട്ടുകളിൽ ഉല്പാദിപ്പിക്കുന്ന കയർപോലും വിപണികണ്ടെത്താൻ കഴിയാതെ ഗോഡൗണുകളിൽ കെട്ടിക്കിടക്കുകയാണ്. ഈയവസ്ഥയിൽ യന്ത്രറാട്ടുകളിൽ നിന്നും വർദ്ധിച്ച ഉല്പാദനമുണ്ടാകുമ്പോൾ അങ്ങനെ ഉല്പാദിപ്പിക്കുന്ന കയർ എങ്ങനെ വിറ്റഴിക്കും എന്നത് പ്രസക്തമായ ചോദ്യമാണ്.

അഞ്ച് കയർസംഘങ്ങളിൽ മൂന്നെണ്ണവും ലാഭത്തിൽ പ്രവർത്തിക്കുന്നുവെന്ന് ഇതോടൊപ്പമുള്ള സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ ബോധ്യമാകും. (പട്ടിക 1 കാണുക) പള്ളിനടസംഘം ലാഭമോ നഷ്ടമോ എന്ന് വെളിപ്പെടുത്തിയിട്ടില്ല. ഏറ്റവും കൂടുതൽ റാട്ടുകൾ പ്രവർത്തിക്കുകയും ഏറ്റവുംകൂടുതൽ വിറ്റുവരവ് രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ള കഠിനംകുളം പഞ്ചായത്ത് കയർ സംഘം മാത്രമാണ് നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നത്. ഈ വൈരുദ്ധ്യം വിശദമായ പരിശോധന അർഹിക്കുന്നു.

(1) ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന കയർവ്യവസായത്തിന് സർക്കാരിൽ നിന്ന് ലഭിക്കുന്ന സാമ്പത്തിക സഹായം, ഇതര വ്യവസായമേഖലകളിൽ അവിടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണവുമായി ബന്ധപ്പെടുത്തി പരിശോധിക്കുമ്പോൾ തുലോം തിരുത്തിയേ പറ്റൂ. സഹകരണസംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയറിന് ഉല്പാദന ചെലവുമായി ബന്ധപ്പെടുത്തി വില ലഭ്യമാക്കുകയോ ആവശ്യമായ സബ്സിഡി നൽകി സഹകരണസംഘങ്ങളെ സംരക്ഷിക്കുകയോ ചെയ്യുക, നിലവിൽ സ്ഥാപിച്ചിട്ടുള്ള ട്രിഡിൽ റാട്ടുകൾ ഗുണമേന്മയുള്ള കയർ ഉല്പാദിപ്പിക്കാൻ കഴിയുംവണ്ണം നവീകരിക്കുക തുടങ്ങിയ കാര്യങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തിരമായി നടപ്പിലാക്കേണ്ടതുണ്ട്.

(2) ഇതനുസരിച്ചുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നപക്ഷം പഞ്ചായത്തിലെ മുഴുവൻ കയർ സംഘങ്ങളും ശക്തിപ്പെടുത്താനും മുഴുവൻ കയർ തൊഴിലാളികളെയും സഹകരണമേഖലയിൽ കൊണ്ടുവരാനും കൂടുതൽ തൊഴിൽദിനങ്ങൾ നൽകാനും സാധിക്കും.

(3) പഞ്ചായത്തിലെ പ്രധാന ഉല്പന്നമായ കയർ അസംസ്കൃതവസ്തുവായി ഉപയോഗിക്കാൻ കഴിയുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ഇവിടെ നല്ല സാദ്ധ്യതാണുള്ളത്. ഇത്തരമൊരു സ്ഥാപനം സഹകരണമേഖലയിൽ പുതിതായി ആരംഭിക്കുകയോ, നിലവിലുള്ള കയർ സംഘങ്ങളിൽ വേണ്ടത്ര പ്രവർത്തനശേഷിയും സ്ഥലസൗകര്യവുമുള്ള ഏതെങ്കിലും ഒന്നിന് ഇത് തുടങ്ങാനാവശ്യമായ മൂലധനം സർക്കാർ നൽകുകയോ വേണം.

1989ന് ശേഷം മാത്രം തുടങ്ങിയവയാണ് പഞ്ചായത്തിലെ നിലവിലുള്ള മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ. എല്ലാ സംഘങ്ങൾക്കും ലാഭത്തിൽ പ്രവർത്തിക്കുവാൻ കഴിയുന്ന സാഹചര്യം ഇന്നുണ്ട്. ഗൾഫിന്റെ സ്വാധീനത്തിനിടയിലും വലിയൊരു വിഭാഗം ജനങ്ങൾ മത്സ്യബന്ധനത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന പ്രദേശമാണ് തുമ്പ. ഇവിടത്തെ സഹകരണ സംഘം നിർജ്ജീവമായിപ്പോയത് നിലവിലുണ്ടായിരുന്ന ഭരണസമിതിയുടെ കെടുകാര്യസ്ഥത കൊണ്ടുമാത്രമാണ്. ഈ അവസ്ഥയിൽനിന്നും അതിനെ മോചിപ്പിക്കാൻ അടിയന്തിര നടപടികളുണ്ടാവണം.

പരമ്പരാഗത തൊഴിൽബന്ധങ്ങളാണ് തീരപ്രദേശങ്ങളിലാകെ നിലനില്ക്കുന്നത്. ഇത് കാലാനുസൃതമായി പരിഷ്കരിക്കാനും തീരദേശമേഖല സമ്പ്രദായം ശക്തിപ്പെടുത്താനും സഹകരണസംഘങ്ങൾക്ക് കഴിയണം. കമ്പവല, കട്ടമരം തുടങ്ങി പരമ്പരാഗത മാർഗ്ഗങ്ങളിലൂടെയുള്ള മത്സ്യബന്ധനത്തെ മാത്രം ആശ്രയിച്ച് ഇനി മത്സ്യത്തൊഴിലാളികൾക്ക് മുന്നോട്ട് പോകാൻ കഴിയില്ല. യന്ത്രവൽകൃതപ്ലൈവുഡ്പവള്ളങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള മത്സ്യബന്ധനം പഞ്ചായത്തിലുടനീളം പ്രചാരത്തിലെത്തിയിട്ടുണ്ട്. മര്യനാട് കേന്ദ്രമാക്കി മാത്രം ഇത്തരത്തിലുള്ള 250ഓളം വള്ളങ്ങൾ മത്സ്യബന്ധനം നടത്തിവരുന്നു. മറ്റ് പ്രദേശങ്ങളിലും യന്ത്രവൽകൃതവള്ളങ്ങൾസാധാരണമായിട്ടുണ്ട്. ഈ പ്രക്രിയത്വരിതപ്പെടുത്താൻ സഹകരണസംഘങ്ങൾക്ക് കഴിയും. പരമ്പരാഗത് ശൈലിയിൽ നിന്ന് യന്ത്രവല്ക്കരണത്തിലേക്കുള്ള മാറ്റം വൻതോതിലുള്ള മൂലധനനിക്ഷേപം ആവശ്യപ്പെടുന്നുണ്ട്. നിലവിലുള്ള അവസ്ഥയിൽ സർക്കാരിനോ, പഞ്ചായത്തിനോ പ്രാഥമിക സംഘങ്ങൾക്കോ ഇക്കാര്യത്തിൽ വലുതായൊന്നും ചെയ്യാൻ കഴിയില്ല. എന്നാൽ പഞ്ചായത്തിലെ എട്ട് തീരദേശവാർഡുകളിലായി നാല് ദേശസാൽകൃത ബാങ്കുകളുടെ ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ വിദേശ മലയാളികളും അല്ലാത്തവരുമായവരുടെ നിക്ഷേപം വൻതോതിൽ ഈ ബാങ്കുകൾ സ്വരൂപിക്കുന്നുണ്ട്. ഇങ്ങനെ സമാഹരിക്കുന്ന നിക്ഷേപത്തിന്റെ ഒരു ഭാഗമെങ്കിലും ഈ പഞ്ചായത്തിലെ ജനങ്ങളുടെ വികസനപദ്ധതികൾക്ക് ഉപയോഗപ്പെടുത്തേണ്ട ധാർമ്മിക ബാദ്ധ്യത ആ ബാങ്കുകൾക്കുണ്ട്. മത്സ്യത്തൊഴിലാളികളുടെ വികസന പ്രവർത്തനങ്ങൾക്കും നമുക്ക് ബാങ്കുകളെ ആശ്രയിക്കാവുന്നതേയുള്ളൂ.

മത്സ്യത്തൊഴിലാളികൾക്ക് വായ്പ നൽകിയാൽ തിരിച്ചു പിടിക്കാൻ വിഷമമാണെന്ന ശരിയോ തെറ്റോ ആയ ഒരു വിശ്വാസം ബാങ്കുകൾക്കുണ്ട്. ആ ധാരണ തിരുത്താൻ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾക്ക് കഴിയും. മര്യനാട്പെരുമാതുറ മത്സ്യത്തൊഴിലാളി സഹകരണസംഘത്തിന്റെ അനുഭവങ്ങൾ ഇത് തെളിയിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ പുതുക്കുറിച്ചിശാഖ കഴിഞ്ഞ രണ്ടു വർഷങ്ങൾക്കുള്ളിൽ ഈ സംഘം മുഖേന മര്യനാടിലേയും പുതുക്കുറിച്ചിയിലേയും മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ യന്ത്രവല്കരിക്കുന്നതിന് അറുപത് ലക്ഷം രൂപ വായ്പ നൽകിക്കഴിഞ്ഞു. തീരദേശ മത്സ്യ മേഖലസമ്പ്രദായം ശക്തിപ്പെടുത്തി വായ്പതിരിച്ചടവിന്റെ ഉത്തരവാദിത്വം സംഘം തന്നെ ഏറ്റെടുത്തതിലൂടെയാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. ഈ മാതൃക മറ്റ് സഹകരണസംഘങ്ങൾക്കും അനുകരിക്കാവുന്നതേയുള്ളൂ.

മത്സ്യമേഖലയിലെ സ്ത്രീകളുടെ കാര്യത്തിൽ സഹകരണസംഘങ്ങൾ പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്. മത്സ്യകച്ചവടക്കാരായസ്ത്രീകൾ തങ്ങളുടെ കൃത്യനിർവ്വഹണത്തിനായുള്ള യാത്രാവേളകളിൽ ഇതര ജനവിഭാഗങ്ങളിൽ നിന്നും വളരെയേറെ അവമതിപ്പ് നേരിടുന്നുണ്ട്. തീർത്തും വൃത്തിഹീനമായ ചുറ്റുപാടുകളിലുള്ള മത്സ്യകച്ചവടസമ്പ്രദായമാണ് ഇതിന് ഒരു കാരണം. ഇത് പരിഹരിക്കുന്നതിന് പരീക്ഷണാടിസ്ഥാനത്തിൽ ചില കാര്യങ്ങൾ ചെയ്യാൻ സഹകരണസംഘങ്ങൾക്ക് കഴിയും. നമ്മുടേതു പോലുള്ള ഗ്രാമപ്രദേശങ്ങളിൽപ്പോലും സ്ത്രീകൾ ഇരുചക്രവാഹനങ്ങൾ ഉപയോഗിച്ചുവരുന്ന ഇന്നത്തെ കാലഘട്ടത്തിൽ, മത്സ്യക്കച്ചവടക്കാരായ സ്ത്രീകളിലെ തെരഞ്ഞെടുക്കപ്പെട്ട യുവതികൾക്ക് ശ്രമം സ്ക്കൂട്ടർ വാങ്ങി കൊടുക്കുന്നതിന് സംഘങ്ങൾക്ക് കഴിയും. അപ്രായോഗികമെന്ന് തോന്നിയേക്കാമെങ്കിലും വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതിയാണിത്. അതുപോലെ ഉണക്കമീൻ, മീൻ അച്ചാർ, ഗാർമെന്റ്സ് തുടങ്ങിയവ നിർമ്മിക്കുന്ന

യൂണിറ്റുകൾ സംഘങ്ങൾക്കു കീഴിൽ കൊണ്ടുവരാൻ കഴിയും. മത്സ്യത്തൊഴിലാളി വിഭാഗത്തിലെ സ്ത്രീകളുടെ സാമ്പത്തിക സുരക്ഷിതത്വമാണ് കുടുംബത്തിന്റെയാകെ സാമ്പത്തിക സുരക്ഷിതത്വത്തിന്റെ ആണിക്കല്ല് എന്ന യാഥാർത്ഥ്യം മനസ്സിലാക്കി സ്ത്രീകൾക്കായി ആകർഷകമായ ചെറുകിട നിക്ഷേപ പദ്ധതികളും സംഘങ്ങൾക്ക് തുടങ്ങാൻ കഴിയും. സമീപ ഭാവിൽ പ്രവർത്തനം തുടങ്ങാനി രിക്കുന്ന വനിതാ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ ഈ വിഷയങ്ങൾ സജീവമായ പരിഗണനയ്ക്ക് വിധേയമാക്കേണ്ടതാണ്.

മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളുടെ അപ്പക്സ് ഫെഡറേഷൻ എന്ന നിലയിൽ മത്സ്യഫെഡിന്റെ പ്രവർത്തനങ്ങളിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്താൻ സംസ്ഥാനസർക്കാർ തയ്യാറാകണം. പ്രാഥമിക സംഘങ്ങളുടെ വിറ്റുവരവിന്റെ ഒരു ശതമാനം മത്സ്യഫെഡിന് നൽകണമെന്ന വ്യവസ്ഥ പ്രാഥമികസംഘങ്ങളുടെ നട്ടെല്ല് തകർക്കാൻ മാത്രമേ സഹായിക്കൂ. ഇതര പരമ്പരാഗത തൊഴിൽ വിഭാഗങ്ങളുടെ സഹകരണ ഫെഡറേഷനുകൾക്കൊന്നുമില്ലാത്ത ഈ വ്യവസ്ഥ കാലഹരണപ്പെട്ടതാണ്. മത്സ്യമേഖലയിൽ നിന്ന് ഇടത്തട്ടുകാരെ ഒഴിവാക്കാനാണ് സഹകരണ സംഘങ്ങൾ രൂപീകരിച്ചത്. ഈ ലക്ഷ്യം ഇന്നും സാധിതപ്രായമായിട്ടില്ല. ഒരു വായ്പവിതരണ ഏജൻസി എന്ന നിലയിൽ നിന്നും മത്സ്യവിപണന രംഗത്ത് ഫലപ്രദമായി ഇടപെടാൻ കഴിയുന്ന ഒരു പ്രസ്ഥാനം എന്ന നിലയിൽ മത്സ്യഫെഡിന് രൂപ പരിണാമം ഉണ്ടായാൽ മാത്രമേ ഈ ലക്ഷ്യം നേടിയെടുക്കാനാവൂ.

ഔട്ട് ബോർഡ് എഞ്ചിനുകൾ ഉപയോഗിക്കുന്ന മത്സ്യത്തൊഴിലാളികൾ ഇന്ന് അനുഭവിക്കുന്ന പ്രധാന പ്രശ്നം മണ്ണെണ്ണയുടെ ദൗർലഭ്യമാണ്. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം ചെയ്യുന്ന സ്റ്റോറുകളും മത്സ്യബന്ധനോപകരണങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്ന സ്റ്റോറുകളും സഹകരണസംഘങ്ങൾക്ക് നേരിട്ട് ആരംഭിക്കാൻ കഴിയും.

ചിറ്റാറ്റുമുക്ക് ക്ഷീരവ്യവസായ സഹകരണ സംഘം ആ നിലവാരത്തിൽപ്പെട്ട ഇതരസംഘങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ പഞ്ചായത്തിന്റെ വടക്കൻ പ്രദേശങ്ങളിൽ ഒരു ക്ഷീരസഹകരണസംഘത്തിന്റെ അഭാവം വ്യക്തമായി നിഴലിക്കുന്നുണ്ട്. മൃഗസംരക്ഷണവകുപ്പിന്റേയും ബാങ്കുകളുടേയും സഹായത്തോടെ കന്നുകാലി വളർത്തലിലേക്ക് കൂടുതൽ ജനവിഭാഗങ്ങളെ ആകർഷിക്കുന്നതിനും അതുവഴി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സഹകരണ സംഘങ്ങൾ തയ്യാറാകണം. അതുപോലെ തന്നെ ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരോല്പാദകർക്ക് ലഭ്യമാക്കാനും തരിശുഭൂമികളിൽ തീറ്റപ്പുൽകൃഷിവികസിപ്പിക്കാനുമുള്ള പ്രവർത്തനങ്ങളും സഹകരണസംഘങ്ങൾക്ക് ആസൂത്രണം ചെയ്യാൻ കഴിയും.

പഞ്ചായത്തിലെ തൊഴിൽ രഹിതരായ വനിതകളെ സംഘടിപ്പിച്ച് ഒരു വനിതാസഹകരണസംഘം രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നല്ല സാദ്ധ്യതകൾ കാണുന്നു. ഗാർമെന്റ്സ്, പാലുല്പന്നങ്ങൾ, മത്സ്യോല്പന്നങ്ങൾ, അച്ചാറുകൾ, ബേക്കറിയുല്പന്നങ്ങൾ എന്നിവ ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കാനുള്ള കൂട്ടായ പരിശ്രമം നടത്താൻ ഇത്തരമൊരു സംഘത്തിന് കഴിയും. തൊഴിൽ രഹിതരായ കുറെ സ്ത്രീകൾക്കെങ്കിലും സ്വന്തമായ വരുമാന മാർഗ്ഗമുണ്ടാക്കാൻ ഇതുമൂലം സാധിക്കും.

മര്യനാട് ഹൗസ് ബിൽഡിംങ് സൊസൈറ്റി പഞ്ചായത്ത് മേഖല മുഴുവൻ പരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആ നിലവാരത്തിലുള്ള പ്രവർത്തനം ഇനിയും വളർന്നു വന്നിട്ടില്ല. ഈ വിഷയത്തിൽ സമീപവർഷങ്ങളിൽ ചെറിയൊരു മാറ്റം ദൃശ്യമായി എങ്കിലും പഞ്ചായത്തിലെ വലിയൊരു വിഭാഗം ജനങ്ങളും ഇത്തരമൊരു സംഘത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് അജ്ഞരാണെന്നതാണ് യാഥാർത്ഥ്യം. മര്യനാട് പ്രദേശത്തുള്ളവരെ മാത്രം ഉദ്ദേശിച്ച് വസ്തുക്കൾ വാങ്ങുകയും വില്ക്കുകയും ചെയ്യുന്ന സമ്പ്രദായം ഉപേക്ഷിക്കുകയും പഞ്ചായത്തിന്റെ ഇതരഭാഗങ്ങളിലേക്ക് കൂടി ഈ പ്രവർത്തനം വ്യാപിപ്പിക്കുകയും വേണം. നിലവിൽ സംഘം ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതോടൊപ്പം തന്നെ, കെട്ടിട നിർമ്മാണസാമഗ്രികൾ ന്യായവിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാ

കുന്നതിനു വേണ്ടിയുള്ള സ്റ്റോറുകൾ ആരംഭിക്കാൻ സംഘത്തിന് കഴിയും ആ വഴിക്കുള്ള പരിശ്രമങ്ങൾ കൂടി നടത്തേണ്ടതാണ്.

പ്രവർത്തനം നിലച്ചുപോയ സർവ്വീസ് സഹകരണ സംഘം പുനരുജ്ജീവിപ്പിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് നേതൃത്വം കൊടുക്കാൻ ആ സംഘത്തിന് കഴിയുമെന്നത് ഒരു പരമാർത്ഥമാണ്.

നമ്മുടെ ഗ്രാമസഭാ യോഗങ്ങളിൽ പുതിയ സഹകരണസംഘങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് നിരവധി നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. അതിൽ പ്രധാനമായവ ചുവടെചേർക്കുന്നു.

1. ഒന്നുമുതൽ ആറുവരെ വാർഡുകൾ പ്രവർത്തന മേഖലയാക്കി ഒരു ക്ഷീരസംഘം
2. പഞ്ചായത്ത് മുഴുവൻ പ്രവർത്തന മേഖലയുള്ള ഒരു വനിതാ സഹകരണസംഘം.
3. ഒന്നുമുതൽ ആറുവരെ വാർഡുകളിലെ ഹരിജനങ്ങൾക്കുവേണ്ടി മുണ്ടൻചിറ കേന്ദ്രീകരിച്ചും ഏഴുമുതൽ പതിനാല് വരെ വാർഡുകളിലെ ഹരിജനങ്ങൾക്കുവേണ്ടി ചിറയ്ക്കൽ കേന്ദ്രീകരിച്ചും രണ്ട് ഹരിജൻ സഹകരണ സംഘങ്ങൾ.
4. പുതുവൽ കോളനിയിലെ കായൽ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഒരു ഉൾനാടൻ മത്സ്യസഹകരണ സംഘം.
5. മേനംകുളം കേന്ദ്രമാക്കി ഒരു ഹൗസിങ്ങ് സഹകരണസംഘം.
6. പുതുകുറിച്ചി കേന്ദ്രമാക്കി ഒരു ഫിഷർമെൻ വ്യവസായ സഹകരണ സംഘം
7. ഒരു ഉപഭോക്തൃ സഹകരണസംഘം.
8. ഒരു കൊപ്രാ സംസ്ക്കരണ സഹകരണസംഘം

ഇവ നടപ്പാലാക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ചുരുക്കത്തിൽ സഹകരണപ്രസ്ഥാനത്തിന് വളർന്ന് വികസിക്കാൻ അനുയോജ്യമായ എല്ലാ സാദ്ധ്യതകളും പഞ്ചായത്തിലുണ്ട്. പതിനാറോളം സഹകരണസംഘങ്ങൾ ഇപ്പോൾ തന്നെ ഇവിടെ പ്രവർത്തിച്ചു വരുന്നു. പുതുവൽ കേന്ദ്രമാക്കി ഹരിജൻ കയർ വ്യവസായസഹകരണ സംഘം, തീരപ്രദേശത്ത് രണ്ടോ മൂന്നോ വനിതാ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ എന്നിവ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കാൻ പോവുകയാണ്. കഴക്കൂട്ടം ബ്ലോക്കിനകത്ത് സഹകരണ പ്രസ്ഥാനത്തിന് ഇത്രയധികം വേരോട്ടമുള്ള മറ്റൊരു പ്രദേശമുണ്ടാകുമോ എന്ന കാര്യം സംശയമാണ്. സഹകരണ മേഖലയിൽ നിന്ന് കക്ഷി രാഷ്ട്രീയ മാത്സര്യങ്ങൾ ഒഴിവാക്കാൻ കഴിയില്ലെങ്കിൽ പോലും മത്സരം തെരഞ്ഞെടുപ്പ് രംഗത്ത് മാത്രമായി ഒതുക്കി നിർത്തുകയും സഹകരണ മേഖലയുടേയും നാടിന്റേയും വികസനരംഗത്ത് കക്ഷിരാഷ്ട്രീയത്തിനതീതമായ വിശാലമായ വികസന ബോധം ഉയർന്നു വരികയും ചെയ്യേണ്ടതുണ്ട്.



## പട്ടിക 1

## മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ

| സ്ഥാപനത്തിന്റെ പേര് | അംഗങ്ങൾ ജീവനക്കാർ | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം (ലക്ഷത്തിൽ) | നൽകിയിട്ടുള്ള വായ്പകളുടെ എണ്ണം | ആകെ നൽകിയ വായ്പതുക (ലക്ഷത്തിൽ) | വിറ്റുവരവ് (ലക്ഷത്തിൽ) | ലാഭം/നഷ്ടം | പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1. മര്യനാട്-പെരുമാതുറ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘം 1988 | 1000/0 | 2 | 750 | 27 | 200 | ലാഭം | സംഘാംഗങ്ങൾ പിടിക്കുന്ന മത്സ്യം [illegible] വിറ്റഴിക്കുന്നു. മത്സ്യഫെഡ്, [illegible] എന്നീ സ്ഥാപനങ്ങളിൽ നിന്ന് അംഗങ്ങൾക്ക് [illegible] ലഭിക്കുകയും ചെയ്യുന്നു. സംഘത്തിന്റെ [illegible] ഒരു [illegible] പ്രവർത്തിച്ചുവരുന്നു. [illegible] ഓഫീസ് കെട്ടിടമുണ്ട്. അംഗങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഇൻഷുറൻസ് പരിരക്ഷയും നൽകിവരുന്നു. |
| 2. മര്യനാട് മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘം DFT 23/92 1993 | 400/6 | 0.20 | 36 | 3.24 | | ലാഭം | സംഘാംഗങ്ങൾ പിടിക്കുന്ന മത്സ്യം [illegible] വിറ്റഴിക്കുന്നു. അംഗങ്ങൾക്ക് മത്സ്യഫെഡ്, [illegible] ഏജൻസികളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നു. |
| 3. പുതുക്കുറിച്ചി മത്സ്യത്തൊഴിലാളി വികസനക്ഷേമസഹകരണ സംഘം | | | | | | | |
| 4. പള്ളിത്തുറ വെട്ടുതുറ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം | | | | | | | |
| 5. പുത്തൻതോപ്പ് മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണസംഘം | | | | | | | |
| 6. തുമ്പ മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘം | | | | | | | |
| 7. മര്യനാട് മത്സ്യ ഉല്പാദന സഹകരണ സംഘം | | | | | | | |

പട്ടിക 2

## കയർ വ്യവസായ സഹകരണസംഘങ്ങൾ

| സ്ഥാപനത്തിന്റെ പേര് | അംഗങ്ങൾ/ ജീവനക്കാർ | ഓഹരിമൂലധനം (ലക്ഷത്തിൽ) | സർക്കാർ ഓഹരി | റാട്ടുകളുടെ എണ്ണം പരമ്പരാഗതം | യന്ത്രം | തൊഴിലാളികൾ | വിറ്റുവരവ് (ലക്ഷത്തിൽ) | ലാഭം/നഷ്ടം | ആസ്തി |
|---|---|---|---|---|---|---|---|---|---|
| 1. കഠിനംകുളം കയർ വ്യവസായ സഹകരണ സംഘം (1956) | 1143/2 | 10.96 | 73999 | 55 | 100 | 200 | 17 | നഷ്ടം | ഓഫീസ് കെട്ടിടം, ഗോഡൗൺ (24 ലക്ഷം) |
| 2. പള്ളിനട കയർ വ്യവസായ സഹകരണ സംഘം 1988 | 576/1 | 3.97 | 326900 | 42 | | 150 | 5.73 | | ഓഫീസ് കെട്ടിടം (26.300 ലക്ഷം) |
| 3. ചാന്നാങ്കര വെസ്റ്റ് കയർ സഹകരണ സംഘം 1979 | 759/2 | | 494490 | 90 | 100 | 293 | 1.81 | ലാഭം | ഓഫീസ് കെട്ടിടം |
| 4. പുതുക്കുറിച്ചി കയർ വ്യവസായ സഹകരണ സംഘം 1978 | 700/1 | | | 13 | 100 | 84 | 6 | ലാഭം | 8 സെന്റ് വസ്തു, സ്വന്തമായി ഓഫീസ് കെട്ടിടം |
| 5. കഠിനംകുളം കയർവ്യവസായ സഹകരണസംഘം 1959 | | | 197740 | 40 | ഇല്ല | 190 | | | ഓഫീസ് കെട്ടിടം ഗോഡൗൺ 10 ലക്ഷം |

പട്ടിക 3 ഇതര സഹകരണസംഘങ്ങൾ

| സ്ഥാപനത്തിന്റെ പേര് | അംഗങ്ങൾ/ ജീവനക്കാർ | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം (ലക്ഷത്തിൽ) | സർക്കാർ ഓഹരി (ലക്ഷത്തിൽ) | ആസ്തി | മുഖ്യപ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| 1. മര്യനാട് ഭവനനിർമ്മാണ സഹകരണസംഘം 1961 | 1264/2 | 2.48 | | 5.50 ഏക്കർ വസ്തു | ഭൂമി മൊത്തമായി വാങ്ങി അംഗങ്ങൾക്കു ന്യായവിലയ്ക്കു നൽകുന്നു. ഹൗസ് ഫെഡിൽ നിന്ന് 53 അംഗങ്ങൾക്ക് 6 ലക്ഷം രൂപയുടെ വായ്പ ലഭ്യമാക്കി. സംഘം ഫണ്ടിൽ നിന്ന് വീടുനിർമ്മാണ ആവശ്യങ്ങൾക്ക് പതിനായിരം രൂപവരെയുള്ള വായ്പ 234 അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. സ്വന്തമായി ഓഫീസ് കെട്ടിടമുണ്ട് |
| 2. പുതുക്കുറിച്ചി ജോയിന്റ് ഫാമിങ് സഹകരണസംഘം 1993 | 151/2 | | ഇല്ല | ഇല്ല | ജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിച്ച് അംഗങ്ങൾക്ക് കാർഷികവായ്പ നൽകുന്നു |
| 3. ചിറ്റാറ്റുമുക്ക് ക്ഷീരവ്യവസായ സഹകരണ സംഘം 1956 | 699/13 | | ഇല്ല | 7.50 | |
| 4. മേനംകുളം ക്ഷീര വ്യവസായ സഹകരണ സംഘം 1959 | 206 | | | | |

# വ്യവസായം

കഠിനംകുളം പഞ്ചായത്തിന്റെ വ്യാവസായിക വികസന ശ്രമങ്ങൾക്ക് ഒരു ദശകത്തിന്റെ പ്രായമേയുള്ളൂ. ഈ രംഗത്ത് പൊതു മേഖലയും സ്വകാര്യമേഖലയും ഒരുപോലെ പ്രവർത്തിക്കുന്നുണ്ട്. എൺപതുകളിൽ ആണ് പൊതുമേഖലയിൽ പഞ്ചായത്തിൽ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നത്. മേനംകുളത്തെ ഭാരത് പെട്രോളിയം കമ്പനി, കേരള സ്റ്റേറ്റ് സാലിസിലിക്കേറ്റ് ആന്റ് കെമിക്കൽസ് എന്നിവയാണ് ഇതിൽ പ്രാധാന്യം അർഹിക്കുന്നത്. 1988-ൽ ആരംഭിച്ച ഭാരത് പെട്രോളിയം കമ്പനി എൽ.പി.ഗ്യാസ്, സിലിണ്ടറുകളിൽ നിറച്ച് കേരളത്തിലുടനീളം വിതരണം ചെയ്യുന്ന ഒരു പ്രമുഖസ്ഥാപനമായി വളർന്നുകഴിഞ്ഞു. പ്രത്യക്ഷമായും പരോക്ഷമായും പഞ്ചായത്തിലെ അൻപതോളം കുടുംബങ്ങൾ പ്രസ്തുത സ്ഥാപനം കൊണ്ടുള്ള വരുമാനത്തെ ആശ്രയിച്ചുകഴിയുന്നു.

എന്നാൽ ഇതേ കാലയളവിൽ തന്നെ മേനംകുളത്ത് ആരംഭിച്ച കേരള സ്റ്റേറ്റ് സാലിസിലിക്കേറ്റ് ആന്റ് കെമിക്കൽസ് ലി: ഇന്ന് അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുന്നു. മൊത്തം 254 സ്ഥിരം ജോലിക്കാർ ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും നിലവിൽ 86 തൊഴിലാളികളും മറ്റ് ഓഫീസ് ജീവനക്കാരും മാത്രമേ ഉള്ളൂ. ഈ വ്യവസായ ശാലയുടെ പ്രവർത്തനത്തിനായി സർക്കാർ 628 ലക്ഷം രൂപയും IFC, IDBI എന്നീ ധനകാര്യ സ്ഥാപനങ്ങൾ 679.99 ലക്ഷം രൂപയും ബാങ്കുകൾ 311.66 ലക്ഷം രൂപയും വായ്പയായി നൽകിയിരിക്കുന്നു. ഇവിടത്തെ ആസ്പിരിൻ പ്ലാന്റ്, സാലിസിലിക് ആസിഡ് പ്ലാന്റ്, സോഡിയം സാലിസിലേറ്റ്സ് പ്ലാന്റ് എന്നിവ രണ്ടു വർഷത്തിലേ

റെയായി പ്രവർത്തന രഹിതമായി കിടക്കുകയാണ്. യന്ത്രസാമഗ്രികളുടെ ക്ഷമതയില്ലായ്മ, പ്രവർത്തന മൂലധനത്തിന്റെ ദൗർലഭ്യം, ഉൽപന്നങ്ങൾക്ക് പൊതു വിപണിയിലെ വിലനിയന്ത്രണം എന്നിവ മൂലം ഉൽപാദനം ലക്ഷ്യത്തിന്റെ 10%ൽ താഴെ മാത്രമേ നടന്നിട്ടുള്ളൂ.

ഇന്ത്യക്കകത്തും പുറത്തും ആസ്പിരിന് വളരെയധികം ഡിമാന്റ് ഉണ്ടെങ്കിലും കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രിത വില നിയമം ലാഭകരമായി ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് പ്രതിബന്ധമായി നിൽക്കുന്നു. ആസ്പിരിൻ ഉൽപാദനത്തിന് ആവശ്യമായ സാലിസിലിക് ആസിഡ് ഇവിടെ തന്നെ ഇൽപാദിപ്പിക്കുക, ദിനം പ്രതി മൂന്നു ടൺ സാലിസിലിക് ആസിഡ് ഉൽപാദിപ്പിക്കാനുള്ള യന്ത്രനവീകരണം, അവശ്യ അസംസ്കൃത വസ്തുക്കളും, പ്രവർത്തന മൂലധനവും ലഭ്യമാക്കുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ഈ സ്ഥാപനം ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയും.

വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ ആരംഭിച്ച മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വ്യവസായ സ്ഥാപനങ്ങൾ പരിതാപകരമായ അവസ്ഥയിലാണ്. തുടക്കത്തിൽ ഏഴിൽ പരം സ്ഥാപനങ്ങൾ ഉണ്ടായിരുന്ന എസ്റ്റേറ്റിൽ ഇപ്പോൾ മൂന്നു യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്. ഹവായ്ചപ്പൽ ഷീറ്റ്, ക്ലേ, പ്ലംബിംഗ് തുടങ്ങിയ ഉൽപാദന യൂണിറ്റുകളിൽ 10-ൽ താഴെ തൊഴിലാളികൾ മാത്രമേ പണിയെടുക്കുന്നുള്ളൂ. ബാക്കിയുള്ള സ്ഥാപനങ്ങളുടെ സാങ്കേതിക വൈഷമ്യങ്ങൾ പരിഹരിച്ച് ഊർജ്ജ ലഭ്യത, സാമ്പത്തിക സാങ്കേതിക സഹായം എന്നിവ നൽകി ഉൽപാദന രംഗത്തേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിന് വ്യവസായ വകുപ്പിന്റെ പ്രത്യേകം ശ്രദ്ധ ആവശ്യമാണ്.

കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപറേഷന്റെ ആഭിമുഖ്യത്തിൽ കഠിനംകുളം പഞ്ചായത്തിൽ രണ്ടു പ്രോജക്ടുകൾ നടപ്പിലാക്കി വരികയാണ്. കിൻഫ്രാ അപ്പാരൽ പാർക്കും കിൻഫ്രാ ചെറുകിട വ്യവസായ യൂണിറ്റും. മേനംകുളത്ത് 85 ഏക്കർ സ്ഥലത്താണ് ഇവ ആരംഭിക്കുന്നത്. ഇതിൽ 45 ഏക്കർ സ്ഥലത്ത് അപ്പാരൽ പാർക്കിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടന്നു വരികയാണ്. 1572 ലക്ഷം രൂപ സംസ്ഥാനസർക്കാർ ധനസഹായം നൽകുന്ന ഈ സ്ഥാപനത്തിന്റെ പ്രധാനലക്ഷ്യം റെഡിമെയ്ഡ് വസ്ത്രങ്ങളുടെ ഇൽപാദനവും കയറ്റുമതിയും ആണ്. 36 വ്യത്യസ്ത യൂണിറ്റുകളിലാണ് ഇവിടെ ഇൽപാദനം നടക്കുക. 3000 മുതൽ 5000 പേർക്കുവരെ ഈ പ്രോജക്ടിൽ തൊഴിൽ ലഭ്യത ഉറപ്പുവരുത്താൻ കഴിയും.

ബാക്കിയുള്ള 40 ഏക്കർ സ്ഥലത്താണ് കിൻഫ്രാ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നത്. ഇതിന്റെ മേൽനോട്ടവും നിയന്ത്രണവും ഇന്റർനാഷണൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് സെന്റർ എന്ന സ്ഥാപനത്തിനാണ്. 612 ലക്ഷം രൂപയാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചേർന്ന് ഇതിന് ചെലവഴിക്കുന്നത്. 97 ജനുവരിയോടെ പ്രവർത്തനം ആരംഭിക്കത്തക്ക രീതിയിൽ നിർമ്മാണ് നടന്നുകൊണ്ടിരിക്കുന്ന രണ്ടു പ്രോജക്ടുകളിൽ ആകെ 15,000 ഓളം വിദഗ്ദ്ധ തൊഴിലാളികൾക്ക് ജോലി സാദ്ധ്യതയുണ്ട്. ഇത് പഞ്ചായത്തിന്റെ തൊഴിലില്ലായ്മ രൂക്ഷത കുറയ്ക്കുവാനും വ്യാവസായിക മുന്നേറ്റത്തിന് തുടക്കം കുറിയ്ക്കുന്നതിനും സഹായിക്കും എന്ന് പ്രതീക്ഷിക്കാം.

പഞ്ചായത്തിൽ സ്വകാര്യമേഖലയിലും തൃപ്തികരമായ വിധത്തിൽ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള സാദ്ധ്യതകൾ ഉപയോഗിച്ചുകൊണ്ട് വ്യത്യസ്ത സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിയും.

നാളികേരം, കയർ, മത്സ്യം, കാലിസമ്പത്ത് തുടങ്ങിയ അസംസ്കൃത വസ്തുക്കളുടെ വർദ്ധിച്ച തോതിലുള്ള ലഭ്യത, ഉയർന്ന മാനവശേഷി, വിദേശ മലയാളികൾ വഴി സ്വരൂപിക്കുന്ന മൂലധനം, ജനങ്ങളുടെ ഉയർന്ന ഉപയോഗനിലവാരം, വാർത്താ വിനിമയ ഗതാഗത സൗകര്യങ്ങൾ, സാക്ഷരരു ഉയർന്ന ആരോഗ്യപരിരക്ഷയുമുള്ള ജനങ്ങൾ എന്നിങ്ങനെ ചെറുകിട വ്യവസായങ്ങളുടെ വളർച്ചയ്ക്കാവശ്യമായ എല്ലാ വിധ ഭൗതികസാഹചര്യങ്ങളും പഞ്ചായത്തിനുണ്ട്. ഈ അനുകൂല ഘടകങ്ങൾ ചൂഷണം ചെയ്ത് വ്യവസായ രംഗത്ത് ഫലപ്രദമായ ചുവടുവയ്പുകൾ നടത്താൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല. ഇതിനുള്ള കാരണങ്ങൾ പലതാണ്.

1. പ്രാദേശികമായി ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ വ്യാവസായികമായി ഉപയോഗപ്പെടുത്തുന്നില്ല.

2. വ്യവസായ മേഖലയിൽ മുതൽമുടക്കുന്നതിനുള്ള ജനങ്ങളുടെ താല്പര്യക്കുറവ്.

3. വോൾട്ടേജ് ക്ഷാമം.

4. സാങ്കേതിക പരിജ്ഞാനമില്ലായ്മ

5. വ്യവസായ മേഖലയുമായുള്ള സമ്പർക്കമില്ലായ്മ

6. വ്യവസായ മേഖലയിലെ കുറഞ്ഞകൂലി നിരക്ക്

7. അഭ്യസ്ത വിദ്യർക്ക് വെള്ളക്കോളർ ജോലിയോടുള്ള ആഭിമുഖ്യം

വ്യവസായ മേഖലയിലെ ഈ സ്തംഭനാവസ്ഥ മറികടന്ന് കാര്യമായ മുന്നേറ്റം, ഈ രംഗത്ത് നേടിയെടുക്കാൻ ദീർഘകാലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന കർമ്മപരിപാടികൾ നടപ്പിലാക്കേണ്ടതുണ്ട്.

1. കയർവ്യവസായം ഇന്ന് നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ അടിയന്തിര നടപടികളുണ്ടാവണം. നിലവിലുള്ള യന്ത്രവൽകൃത റാട്ടുകൾ ഗുണമേന്മയുള്ള കയർ ഉല്പാദിക്കാൻ കഴിയുംവണ്ണം നവീകരിക്കുകയും അതിന്റെ വിപണി ഉറപ്പുവരുത്തുകയും വേണം.

2. നവീന രീതിയിലുള്ള തൊണ്ടഴുക്കൽ സമ്പ്രദായം നടപ്പിലാക്കുകയും തൊണ്ടിന്റെ വില വർദ്ധനവ് തടയുകയും ചെയ്യുക.

3. കയർ അസംസ്കൃത വസ്തുവായി ഉപയോഗിക്കാൻ കഴിയുന്ന വ്യവസായിക സംരംഭങ്ങൾ സഹകരണ മേഖലയിൽ ആരംഭിക്കുക.

4. നാളികേരം അടിസ്ഥാനമാക്കിയുള്ള വിവിധ തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ പ്രേരിപ്പിക്കുക. കേര ഫെഡുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

5. ക്ഷീരോല്പന്നങ്ങൾ, ബേക്കറി ഉല്പന്നങ്ങൾ, ഭക്ഷ്യധാന്യസംസ്കരണം, പഴവർഗ സംസ്ക രണം, അച്ചാർ, ഉണക്കമീൻ പാക്കിംഗ്, ഗാർമെന്റ് മേക്കിംഗ്, തുടങ്ങിയ ചെറുകിട യൂണിറ്റുകൾ വനിതകളുടെ മുൻകയ്യിൽ ആരംഭിക്കുക. വനിതാ വികസന കോർപ്പറേഷൻ, മിൽമ, മത്സ്യഫെഡ് തുടങ്ങിയ സ്ഥാപ നങ്ങളുടെ സേവനം ഈ മേഖലയിൽ ലഭ്യ മാക്കണം.

6. വ്യവസായ വികസനത്തിനാവശ്യമയ വൈദ്യു തിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി എല്ലാ single phase ലൈനുകളും Three Phase ലൈനുകളായി മാറ്റുക.

7. ദേശസാൽകൃത ബാങ്കുകൾ പഞ്ചായത്തിൽ നിന്ന് സമാഹരിക്കുന്ന നിക്ഷേപം ഇവിടത്തെ വ്യവസായിക വളർച്ചയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ബാങ്കുകളുടെ വായ്പാനയം ഉദാ രമാക്കാൻ ആവശ്യമായ സമ്മർദ്ദം ചെലുത്തു ക.

8. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുന്ന യൂണിറ്റു കൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപ ടികൾ സ്വീകരിക്കുക.

9. പഞ്ചായത്തിലെ വിവിധ വ്യവസായങ്ങളുടെ നടത്തിപ്പും പ്രവർത്തനവും വിലയിരുത്തുന്ന തിനും ഏകോപിപ്പിക്കുന്നതിനും സ്ഥിരമായ ഒരു മോണിറ്ററിംഗ് സംവിധാനം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക

10. വിദേശങ്ങളിൽ നിന്ന് തിരിച്ചുവരുന്ന മലയാ ളികളേയും അഭ്യസ്തവിദ്യരായ തൊഴിൽ രഹി തരേയും വ്യവസായരംഗത്തേക്ക് ആകർഷിക്കു ന്നതിനാവശ്യമായ ബോധവല്കരണ പ്രവർത്ത നങ്ങൾ നടത്തുക.

സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന വ്യവ സായ യൂണിറ്റുകളുടെ വിവരം ഇനിപറയുന്ന പട്ടികയിൽ നിന്നു മനസിലാക്കാവുന്നതാണ്.



| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | ഉൽപാദനം/പ്രവർത്തനം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1. | തിരുവനന്തപുരം ഫ്ലവർ മിൽ, മേനംകുളം | ഭക്ഷ്യധാന്യങ്ങൾ ഗോതമ്പ് എന്നിവ പൊടിച്ച് വിതരണം ചെയ്യുന്നു. | 40 |
| 2. | യൂറോ മറൈൻ പ്രോഡക്ടസ് പുത്തൻ തോപ്പ് | മത്സ്യസംസ്കരണം, സമുദ്രോൽപന്ന കയറ്റുമതി | 45 |
| 3 | ഒക്ടാ മാച്ച് ഫാക്ടറി പുതുക്കുറുച്ചി | തീപ്പെട്ടി കമ്പ് | 15 |
| 4 | റോഷ്നി & രജ്ഞിനി ചാന്നാങ്കര | ആണി ഉൽപന്നങ്ങൾ | 5 |
| 5 | കയർ മാർട്ടിംഗ് ഫാക്ടറി ശാന്തിപുരം, പടിഞ്ഞാറ്റുമുക്ക് | കയർ ഉൽപന്നങ്ങൾ | 40 |
| 6 | തൊണ്ട് തല്ല് മില്ലുകൾ പള്ളിനട, ചാന്നാങ്കര, കഠിനംകുളം | ചകിരി | 35 |
| 7 | ഹോളോ ബ്രിക്സ് പുതുക്കുറിച്ചി, വെട്ടുതുറ, കല്പന, മേനംകുളം, തുമ്പ | സിമെന്റ് ബ്ലോക്കുകൾ | 20 |
| 8 | വയർകട്ട് ബ്രിക്സ് ഫാക്ടറി, പള്ളിനട | വയർക്കട്ട് ബ്രിക്സ് | 7 |
| 9 | തടിമില്ലുകൾ ചാന്നാങ്കര, ചിറ്റാറ്റുമുക്ക് സെന്റാൻഡ്രൂസ് | തടി | 15 |

| | | | |
|---|---|---|---|
| 10 | ഓയിൽമിൽ<br>പടിഞ്ഞാറ്റുമുക്ക്,<br>ചിറ്റാറ്റുമുക്ക്, മേനംകുളം | വെളിച്ചെണ്ണ | 3 |
| 11 | മത്സ്യ അച്ചാർ യൂണിറ്റ്<br>പഞ്ചായത്താഫീസ് ജംഗ്ഷൻ | ചെമ്മീൻ അച്ചാർ | 2 |
| 12 | അച്ചടിശാലകൾ<br>കഠിനംകുളം, ചിറ്റാറ്റുമുക്ക്,<br>മേനംകുളം | പ്രിന്റിംഗ് | 12 |
| 13 | പ്ലൈവുഡ് വള്ള നിർമ്മാണം<br>മര്യനാട്, പുതുക്കുറിച്ചി. | വള്ളനിർമ്മാണം | 22 |
| 14. | വെൽഡിംഗ് ലെയ്ത്ത്<br>ചിറ്റാറ്റുമുക്ക്,<br>സെന്റാൻഡ്രൂസ്, മേനംകുളം | വെൽഡിംഗ് ജോലി | 12 |
| 15 | ഹവായ് ചപ്പൽ യൂണിറ്റ്<br>ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്<br>സെന്റ് ആൻഡ്രൂസ് | ഹവായ് ചപ്പൽ<br>നിർമ്മാണത്തിനുള്ള<br>റബ്ബർ ഷീറ്റ് | 6 |



# വിദ്യാഭ്യാസം

തലസ്ഥാന നഗരമായ തിരുവനന്തപുരത്തിന്റെ പ്രാന്തപ്രദേശത്ത് ഉദ്ദേശം 16 കി.മീ അകലത്തിൽ സ്ഥിതിചെയ്യുന്ന കടലും കായലും അകമ്പടി സേവിക്കുന്ന ഒരു കടലോര പഞ്ചായത്താണ് കഠിനംകുളം ഗ്രാമപഞ്ചായത്ത്. തികച്ചും ഗ്രാമപ്രദേശമായിരുന്ന ഈ ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രം നമുക്കു പരിശോധിക്കാം.

ഉദ്ദേശം ഒന്നരനൂറ്റാണ്ടിനപ്പുറത്ത് ഈ ഗ്രാമ പ്രദേശത്ത് ജീവിച്ചിരുന്ന വിദ്യാസമ്പന്നരും സേവന തല്പരരുമായിരുന്ന ചുരുക്കം ചില വ്യക്തികളുടെ ശ്രമഫലമായിട്ടാണ് ഈ പ്രദേശത്ത് അവിടവിടെ പ്രാഥമിക വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടത്. അക്കാലത്ത് പ്രാഥമിക വിദ്യാലയങ്ങൾ മാത്രമേ ഈ പ്രദേശത്ത് ഉണ്ടായിരുന്നുള്ളു. അന്ന് പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ് തുടർന്നു പഠിക്കുവാൻ അയൽപ്രദേശത്തെ വിദ്യാലയങ്ങൾ മാത്രമാണ് ആശ്രയമായിട്ടുണ്ടായിരുന്നത്. സമ്പന്നവിഭാഗത്തിൽപെട്ടവർ പ്രത്യേകിച്ചും തീരദേശത്തുള്ളവർ തിരുവനന്തപുരം, നാഗർകോവിൽ എന്നിവിടങ്ങളിലാണ് ഉപരിപഠനം നടത്തിയിരുന്നത്. ഈ ഗ്രാമ പ്രദേശത്ത് അന്ന് സ്വകാര്യമേഖലയിൽ സ്ഥാപിക്കപ്പെട്ട പ്രാഥമിക വിദ്യാലയങ്ങളാണ് ഇന്ന് സർക്കാർ മേഖലയിൽ സ്ഥിതിചെയ്യുന്ന ഏഴുപ്രാഥമിക വിദ്യാലയങ്ങൾ. ഒരു പ്രാഥമിക വിദ്യാലയംമാത്രം സ്വകാര്യമേഖലയിൽ നിലനിൽക്കുന്നു.

ആയിരത്തിതൊള്ളായിരത്തിഇരുപതിൽ കഠിനംകുളത്ത് സ്വകാര്യമേഖലയിൽ ഒരു അപ്പർപ്രൈമറി വിദ്യാലയം സ്ഥാപിതമായി. അതിനുശേഷം സ്വാതന്ത്ര്യലബ്ധിക്കടുത്തകാലത്ത് പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കപ്പെട്ടു. ചിറ്റാറ്റുമുക്കിൽ തിരുവനന്തപുരം രൂപതയുടെ അധീനതയിലാരംഭിച്ച കണിയാപുരം സെന്റ് വിൻസന്റ്സ് ഹൈസ്ക്കൂൾ". ഇതാണ്

പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട ആദ്യത്തെ ഹൈസ്ക്കൂൾ. പ്രസ്തുതസ്ഥാപനം ഇന്നാട്ടിലെ വിദ്യാർഥികൾക്കും മംഗലപുരം, പോത്തൻകോട്, കഴക്കൂട്ടം, ആറ്റിപ്ര, കഠിനംകുളം, പെരുമാതുറ പുതുകുറച്ചി എന്നീ പ്രദേശങ്ങളിലെ വിദ്യാർഥികൾക്കും ഹൈസ്ക്കൂൾ പഠനത്തിന് സഹായകരമായിരുന്നു.

കഠിനകുളം പഞ്ചായത്ത് സാക്ഷരതയിൽ മുൻപന്തിയിലാണെങ്കിലും ചിലതീരദേശവാർഡുകൾ പിന്നിലാണ്. സാക്ഷരതാ പരിപാടിയുടെ രണ്ടാംഘട്ടം തുടർന്നിരുന്നെങ്കിൽ ഈ പഞ്ചായത്ത് അഭിമാനാർഹമായ നേട്ടം കൈവരിക്കുമായിരുന്നു.

കഠിനകുളം ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സൗകര്യത്തിൽ ഒട്ടും പിന്നിലല്ല. എങ്കിലും ചിലവാർഡുകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത അനുഭവപ്പെടുന്നുണ്ട്.

പഞ്ചായത്തിൽ ഇപ്പോൾ സ്വകാര്യമേഖലയിൽ ഒന്നും സർക്കാർമേഖലയിൽ ഏഴും ലോവർ പ്രൈമറി, സ്കൂളുകൾ ഉണ്ട്. ആകെ 8 എണ്ണം. സ്വകാര്യമേഖലയിൽ 3 സ്വതന്ത്ര അപ്പർ പ്രൈമറി സ്ക്കൂളുകളും ഹൈസ്ക്കൂളിനോടു ചേർന്നുള്ള മറ്റൊരു അപ്പർ പ്രൈമറിയും ഉണ്ട്. പഞ്ചായത്തിൽ സർക്കാർ മേഖലയിൽ അപ്പർപ്രൈമറി സ്ക്കൂളുകളോ ഹൈസ്ക്കൂളുകളോ ഇല്ല. സ്വകാര്യമേഖലയിൽ 2 എയിഡഡ് ഹൈസ്ക്കൂളുകളും 2 അൺ എയിഡഡ് (ഇംഗ്ലീഷ് മീഡിയം) ഹൈസ്ക്കൂളുകളുമുണ്ട്.

| സർക്കാർമേഖല | സ്വകാര്യമേഖല |
|---|---|
| LPS - 7 | LPS - 1 |
| UPS - NIL | UPS - 4 |
| H.S. - NIL | H.S. (aided) 2 |
| | H.S. (unaided) 2 |

പഞ്ചായത്തിൽ ഒരു ഫസ്റ്റുഗ്രേഡു കോളേജും മൂന്നു പാരലൽ കോളേജുകളും ഉണ്ട്.

പഞ്ചായത്തിനകത്ത് 8 ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങളുണ്ട്. എന്നാൽ I T I, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, മെഡിസിൻ പരിശീലന കേന്ദ്രങ്ങളില്ല.

പഞ്ചായത്തിനുള്ളിൽ അംഗീകൃത പ്രീപ്രൈമറി വിദ്യാലയങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ സന്നദ്ധ സംഘടനകൾ മതസംഘടനകൾ എന്നിവയുടെ അധീനതയിൽ നടത്തുന്ന അനവധി സ്വകാര്യ പ്രീ പ്രൈമറി വിദ്യാലയങ്ങൾ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലുമുണ്ട്. അവയെല്ലാം തന്നെ അശാസ്ത്രീയമായ അധ്യയനരീതിയും ഏകോപിതമല്ലാത്ത സിലബസ്സുമാണ് മാർഗ്ഗദർശകമായി സ്വീകരിച്ചു പോരുന്നത്. രക്ഷാകർത്താക്കൾക്ക് അമിതമായ സാമ്പത്തിക ബാധ്യതയും അനുഭവപ്പെടുന്നു. ഇത് പഞ്ചായത്തിന്റെ പല വാർഡുകളിലും അംഗീകൃത പ്രീ പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നു.

പഞ്ചായത്തിന്റെ ചില സ്ഥലങ്ങളിൽ പ്രവർത്തിച്ചുപോരുന്ന അനധികൃത പ്രാഥമിക വിദ്യാലയങ്ങൾ തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന സർക്കാർ മേഖലയിലെ പ്രാഥമിക വിദ്യാലയങ്ങൾക്ക് ഗുരുതരമായ ഭീഷണിയായിത്തീർന്നിട്ടുണ്ട്. ഇത് ഗൗരവതരമായ വസ്തുതയായി കണക്കിലെടുക്കേണ്ടിയിരിക്കുന്നു.

40,000- ത്തിലധികം ജനസംഖ്യയുള്ള പഞ്ചായത്തിലെ മൊത്തം സ്കൂളുകളിൽ വിദ്യാർഥികൾ അധ്യയനം നടത്തുന്നു. അദ്ധ്യാപകരുടെ എണ്ണം.

<u>പട്ടിക 1.</u>

## അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

| | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റ് സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കെട്ടിടം | | ഫർണിച്ചർ | |
| സ്കൂളുകൾ | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| HS | 24 | 36 | 60 | 247 | 313 | 560 | 2 | NIL | 2 | nIL |
| UPS | 9 | 13 | 21 | 211 | 228 | 439 | 2 | Nil | 2 | Nil |
| LPS | 19 | 31 | 50 | 814 | 793 | 1607 | 4 | 3 | Nil | 7 |
| Pre Primary | Nil | Nil | Nil | Nil | Nil | Nil | Nil | Nil | Nil | Nil |
| ആകെ | 52 | 80 | 131 | 1272 | 1334 | 2606 | 8 | 3 | 4 | 7 |

പഞ്ചായത്തിലെ 14 ഗ്രാമ സഭകളിലും വിദ്യാഭ്യാസ ഗ്രൂപ്പ് ചർച്ചകളിൽ പൊന്തിവരുന്നത് അധ്യയന നിലവാരം മെച്ചപ്പെടുത്തൽ, വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത എന്നിവയാണ്. ഇവയെ അടിസ്ഥാനമാക്കിയാണ് പൊതു വിദ്യാഭ്യാസത്തെ വിലയിരുത്തിയത്. അക്കാഡമിക് നിലവാരത്തകർച്ച, സമരം, മറ്റുകാരണങ്ങൾ എന്നിവയാലുണ്ടാകുന്ന അധ്യയനദിനനഷ്ടം, പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കാനുള്ള കാലതാമസം, അധ്യാപകനിയമനത്തിൽ വരുന്ന കാലതാമസം അധ്യാപക വിദ്യാർത്ഥി അനുപാതം, ഭൗതികസാഹചര്യങ്ങളുടെ ലഭ്യത, അധ്യാപക രക്ഷാകർത്തൃസമിതികളുടെ കാര്യക്ഷമത, ഉച്ചക്കഞ്ഞിവിതരണം, പുതിയ സ്കൂളുകളുടെ ആവശ്യകത, സ്കൂളുകളുടെ അപ്ഗ്രഡേഷൻ, അധ്യാപകരുടെ പുനഃപരിശീലനം നിലവിലുള്ള പ്രമോഷൻ സമ്പ്രദായത്തിന്റെ അപാകത, അതാതുഡ, വിദ്യജ്യോതി തുടങ്ങിയവയുടെ സേവനലഭ്യത, മാസാന്ത്യപരീക്ഷകൾ, ഓരോ ടേമിന്റെയും മധ്യത്തിൽ പരീക്ഷനടത്തൽ, മൂല്യനിർണ്ണയം, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിത്യാദിവിഷയങ്ങൾ സജീവമായി ചർച്ച ചെയ്യുകയുണ്ടായി.

അക്കാഡമിക് സൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കേണ്ട് പരമപ്രധാനമാണെന്ന നിഗമനത്തിലാണ് ചർച്ചകൾ എത്തിച്ചേർന്നത്. ഇടുങ്ങിയ ക്ലാസ്സുമുറികൾ ആവശ്യമായ ബഞ്ചോ

ഡസ്കോ മറ്റു ഫർണിച്ചറുകളോ വൃത്തിയും വെടിപ്പുമുള്ള ബ്ലാക് ബോർഡുകളോ ലൈബ്രറികളോ, ലാബറട്ടറികളോ ഇല്ലാത്ത അവസ്ഥ എന്നിവ വിദ്യാലയത്തിന്റെ യോഗ്യതാ ചിഹ്നങ്ങളായി പരിഗണിക്കപ്പെടുന്നു. ഇവിടത്തെ വിദ്യാലയസൗകര്യങ്ങളുടെ പരിമിതി വെളിപ്പെടുത്തുന്ന പട്ടിക ഇതോടൊപ്പമുണ്ട്.

സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ ചെറിയൊരു ശതമാനം കുട്ടികൾ ഇടയ്ക്കുവച്ച് പഠനം നിർത്തികൊഴിഞ്ഞുപോകുന്നു. ഈ അവസ്ഥ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഒരേ നിലവാരത്തിലല്ല. മത്സ്യത്തൊഴിലാളികളും കയർത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ചേരമാൻതുരുത്ത്, കഠിനംകുളം എന്നിവിടങ്ങളിലെ പ്രാഥമിക വിദ്യാലയങ്ങളിൽ കൂടുതലായി ഇതനുഭവപ്പെടുന്നു. അവിടെ അധ്യാപക രക്ഷാകർത്തൃസമിതി, വിദ്യാലയസംരക്ഷണസമിതി, മാതൃസംഗമം തുടങ്ങിയവയുടെ ഏകോപിതമായ രീതിയിൽ രക്ഷാകർത്താക്കൾക്കിടയിലുള്ള ബോധവൽക്കരണത്തിന്റെ ആവശ്യകത വിളിച്ചറിയിക്കുന്നു.

പഞ്ചായത്തിലെ എയിഡഡ് മേഖലയിലുള്ള ഹൈസ്ക്കൂളുകളിലെ S.S.L.C. വിജയശതമാനം അത്രമെച്ചമല്ല. പ്രസ്തുത പരീക്ഷാ വിജയികളുടെ മാർക്ക്നിലവാരം താഴ്ന്നതാകയാൽ എല്ലാവർക്കും കോളേജ് പ്രവേശനം ലഭിക്കുന്നില്ല. വിജയശതമാനം മെച്ചപ്പെടുത്തണം.

പഞ്ചായത്തിലെ പ്രൈമറി വിദ്യാലയങ്ങളിലെ അധ്യയന നിലവാരം മെച്ചപ്പെടുത്തിയാൽ S.S.L.C. വിജയശതമാനം വർദ്ധിപ്പിക്കാം. അതിന് ഇന്ന് നിലവിലുള്ള സേവനപദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു.

വിദ്യാലയങ്ങളിലെ പഠന നിലവാരം ആശാവഹമല്ല. കഴിഞ്ഞവർഷത്തെ S.S.L.C. വിജയശതമാനം പട്ടികയായി ചേർത്തിരിക്കുന്നു.

| വർഷം | സ്കൂളിന്റെ പേര് | |
|---|---|---|
| | സെന്റ് മൈക്കിൾസ് | സെന്റ് വിൻസെന്റ് |
| 91-92 | 20% | 21.2% |
| 92-93 | 18% | 28.6% |
| 93-94 | 16% | 38% |
| 94-95 | 15.5% | 37.5% |
| 95-96 | 21% | 31.5% |

### പഞ്ചായത്തിലെ സ്കൂളുകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളും പരിഹാരങ്ങളും

(a) കഠിനംകുളം ഗ്രാമ പഞ്ചായത്തിലുള്ള എല്ലാ പ്രാഥമിക വിദ്യാലയങ്ങളോടമനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീ പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കുക. വിദ്യാലയങ്ങളില്ലാത്ത വാർഡുകളിലും ആവശ്യമുള്ളിടത്തും പ്രീ പ്രൈമറി വിദ്യാലയങ്ങൾ അനുവദിക്കുക.

(b) പഞ്ചായത്തിലെ താഴെ പറയുന്ന പ്രാഥമിക വിദ്യാലയങ്ങളിൽ നിലവിലുള്ള ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കാൻ ആവശ്യമായ നടപടികൾ കൈകൊള്ളണം.

കഠിനംകുളം LPs

ചാന്നാങ്കര LPs

സെന്റ് ആൻഡ്രൂസ് UPs- ലെ LPs വിഭാഗം

(c) പ്രാഥമിക വിദ്യാലയങ്ങളിൽ പല കെട്ടിടങ്ങളും സുരക്ഷിതമല്ല. അത്തരം വിദ്യാലയങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിച്ചു നൽകുക. മേനംകുളം LPs, ചാന്നാങ്കര LPs, ചേരമാൻ തുരുത്ത് LPs, കഠിനകുളംLPs എന്നിവ ഉദാഹരണം.

(d) പഞ്ചായത്തിലെ XIV-ാം വാർഡിൽ ഒരു ലോവർ പ്രൈമറിസ്ക്കൂൾ സ്ഥാപിക്കുക. പ്രസ്തുത വാർഡിലെ കുട്ടികൾ കഴക്കൂട്ടം H.S, LPs, പള്ളിത്തുറ H.S.LPs, മേനംകുളം LPs എന്നിവിടങ്ങളിലാണ് പഠിച്ചുവരുന്നത്. 2 കി: മീറ്ററിലധികം പിഞ്ചുകുട്ടികൾ നടക്കേണ്ടിവരുന്നു.

(e) XIാം വാർഡിലെ മേനംകുളം ഗവ:LPs അപ്ഗ്രേഡ് ചെയ്ത് അപ്പർ പ്രൈമറി സ്ക്കൂളാക്കി ഉയർത്തുക. XIാം വാർഡിലെ മേനംകുളം LPsൽ നിന്നും നാലാം ക്ലാസ്സിൽ പാസ്സാകുന്ന കുട്ടികൾ കണിയാപുരം UPs, മുസ്ലീംഹൈസ്ക്കൂൾ, സെന്റ് ആൻഡ്രൂസ് UPs, പുത്തൻതോപ്പ് സെന്റ് ഇഗ്നേഷ്യസ് UPs എന്നിടങ്ങളിലാണ് ഉപരിപഠനം നടത്തുന്നത്. മേൽ പറഞ്ഞ വിദ്യാലയങ്ങളെല്ലാം വളരെ അകലെയാണ് സ്ഥിതിചെയ്യുന്നത്. പ്രസ്തുത വിദ്യാലയം അപ്ഗ്രേഡ് ചെയ്യുന്നതിന് മുൻഗണന നൽകണം.

(f) IV-ാം വാർഡിൽ സ്ഥിതിചെയ്യുന്ന SKV LPs അപ്ഗ്രേഡ്ചെയ്ത് ഹൈസ്ക്കൂളാക്കി ഉയർത്തുക.

(g) വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളും അധ്യാപകരും സമയാസമയങ്ങളിൽ എത്തിച്ചേരുന്നതിനും തിരിയെ പോകുന്നതിനും വേണ്ട യാത്രാസൗകര്യം ഉണ്ടാക്കണം.

(h) പഞ്ചായത്തിലെ വിദ്യാലയങ്ങൾക്കാവശ്യമായ ഭൗതീകസാഹചര്യങ്ങൾ സൃഷ്ടിക്കുക. പഠനോപകരണങ്ങൾ, ഫർണിച്ചറുകൾ, ചുറ്റുമതിലുകൾ എന്നീ സൗകര്യങ്ങൾ ഉണ്ടാക്കുക.

(i) പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പ്രത്യേകിച്ച് പ്രാഥമിക വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്കൽ അവസാനിപ്പിക്കുക.

(j) അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

(k) സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.

(l) വിദ്യാലയങ്ങളിലെ PTA-കൾ കാര്യക്ഷമമാക്കുക. എല്ലാ വിദ്യാലയങ്ങളിലും മാതൃസംഗമങ്ങൾ ഊർജ്ജിതമാക്കുക. വിദ്യാലയ സംരക്ഷണ സമിതികൾ രൂപീകരിക്കുക. പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ ഉപദേശകസമിതി രൂപീകരിക്കുക.

അധ്യയന രീതി കാലോചിതമായി നവീകരിക്കുക. പഠനം രസകരമാക്കി വിദ്യാർത്ഥികൾക്കിടയിലെ വിരസത മാറ്റാനാവശ്യമായ നടപടികൾ ഉണ്ടാക്കുക. അധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ ആവശ്യമായ അധ്യാപകരുടെ ഒഴിവുകൾ നികത്തി വിദ്യാലയങ്ങളിലെ പ്രവർത്തനം കാര്യക്ഷമമാക്കുക.

അധ്യാപക രക്ഷാകർത്തൃ സമിതികൾ, വിദ്യാലയസംരക്ഷണസമിതികൾ, മാതൃസംഗമങ്ങൾ തുടങ്ങിയവയുടെ ഏകോപിത പ്രവർത്തനത്തിലൂടെ ഓരോ വിദ്യാലയത്തിന്റെയും അധ്യയന നിലവാരം മെച്ചപ്പെടുത്തി പഞ്ചായത്ത് പ്രദേശത്തെ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്താവുന്നതാണ്.

പരീക്ഷകൾ ചിട്ടപ്പെടുത്തുക

ഓരോ ടേമിന്റെയും മധ്യത്തായി പരീക്ഷകൾ നടത്തി വിദ്യാർത്ഥികളുടെ പഠനനിലവാരം നിർണ്ണയിച്ച് പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകി അവരെക്കൂടി മുൻപന്തിയിലെത്തിക്കാനാവശ്യമായ ക്രമീകരണങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ആവിഷ്ക്കരിക്കുക.

വിദ്യാഭ്യാസ ഓഫീസർമാരുടെ വിദ്യാലയ പരിശോധന കാര്യക്ഷമമാക്കുക. അദ്ധ്യാപകർക്ക് ആവശ്യമായ റിഫ്രഷർ കോഴ്സുകൾ സംഘടിപ്പിക്കുക.

പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക.

പഞ്ചായത്തിലെ കോളേജ് / ഹൈസ്ക്കൂളുകളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുവാൻ സത്വര നടപടികൾ എടുക്കുക.

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ സ്ഥാപിക്കുക. അവിടെ മത്സ്യബന്ധന വുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് ഊന്നൽ നൽകുക. അതിനുപുറമെ പ്രാദേശിക വിഭവങ്ങൾ (മത്സ്യം, ചകിരി, ചിരട്ട, കക്ക, നാളികേരം, പഴവർഗ്ഗങ്ങൾ) ഉപയോഗപ്പെടുത്തി ആരംഭിക്കാ വുന്ന ചെറുകിട വ്യവസായ പദ്ധതികൾക്ക് പരിശീലനം നൽകാൻ ഹ്രസ്വകാല കോഴ്സുകൾ നടത്താനാവശ്യമായ പോളിടെക്നിക് സ്ഥാപിക്കുക.

പഞ്ചായത്ത് പ്രദേശത്ത് രണ്ടു I.T.I കൾ സ്ഥാപിക്കുക. മത്സ്യത്തൊഴിലാളി കുട്ടികൾക്കും മറ്റു ദുർബല വിഭാഗത്തിലുംപെട്ട നിർദ്ധനരായ കുട്ടികൾക്കും പാഠപുസ്തകങ്ങൾ സൗജന്യമായി നൽകുക.

നിലവിലിരിക്കുന്ന പ്രമോഷൻ സമ്പ്രദായം പുനഃപരിശോധിക്കുക. വിദ്യാലയങ്ങളോടനു ബന്ധിച്ചുള്ള കളിസ്ഥലങ്ങൾ കാലാകാലങ്ങളിൽ മെച്ചപ്പെടുത്താനാവശ്യമായ സംവിധാന മേർപ്പെടുത്തുക.

സ്ക്കൂൾ ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുക.

പഞ്ചായത്ത് പ്രദേശത്തെ ഹൈസ്ക്കൂളു കളിലെ S.S.L.C. വിജയശതമാനം വില യിരുത്തുകയും അത് മെച്ചപ്പെടുത്താ നാവശ്യമായ നടപടികൾ ഉണ്ടാക്കുകയും ചെയ്യുക.

സ്ക്കൂൾ കോംപ്ലക്സ് പദ്ധതി ഊർജ്ജിതമാക്കുക. പഞ്ചായത്ത് പ്രദേശത്തെ വിദ്യാലയങ്ങളിൽ നിന്നും S.S.L.C. പരീക്ഷയിൽ പ്രശസ്ത വിജയം കൈവരിക്കുന്ന കുട്ടികൾക്ക് അവാർഡുകൾ നൽകി അനുമോദിക്കുക.

പഠനത്തിൽ സമർത്ഥരും നിർദ്ധനരുമായ കുട്ടികൾക്ക് ആവശ്യമായ സാമ്പത്തികസഹായം പഞ്ചായത്തിൽ നിന്നും നൽകുക.

പഞ്ചായത്തുതലത്തിൽ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിന്റെ അധീനതയിൽ പാരലൽകോളേജ് രീതിയിൽ കുറഞ്ഞ ഫീസുനിരക്കിൽ കൂടുതൽ സമയം പഠനസൗകര്യം വിദ്യാർത്ഥികൾക്ക് ലഭിക്കത്ത ക്കവിധം പഞ്ചായത്ത് പ്രദേശത്ത് ആവശ്യമായ സ്ഥാപനങ്ങൾ ആരംഭിക്കുക. ഇതിലൂടെ അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കാം. അതോടൊപ്പം വിദ്യാർത്ഥികളുടെ പഠനനിലവാരവും ഉയർത്താൻ കഴിയും. ഗ്രന്ഥശാലകൾ കേന്ദ്രമാക്കാവുന്നതുമാണ്.

പഞ്ചായത്തിലുള്ള വിദ്യാലയങ്ങളിൽ നിന്നും കായിക കലാ പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകാൻ പഞ്ചായത്തുതലത്തിൽ ഒരു പരിശീലനകേന്ദ്രം സ്ഥാപിച്ച് പ്രോത്സാഹനം നൽകാവുന്നതാണ്.

ആരോഗ്യ വിദ്യാഭ്യാസ പാരിസ്ഥിതിക നൈപുണ്യം കൈവരിക്കാനുതകുന്ന ഹ്രസ്വകാല കോഴ്സുകൾ ജനപങ്കാളിത്തത്തോടെ ലൈബ്രറികൾ കേന്ദ്രമാക്കി ആരംഭിക്കുക.

സാക്ഷരതാ പദ്ധതി പുനരാരംഭിക്കുക. നിലവിലുള്ള തീരദേശസാക്ഷരതാപദ്ധതി ഊർജ്ജസ്വലമാക്കുക.

സാക്ഷരതാ ഇൻസ്ട്രക്ടർമാർക്ക് ആവശ്യമായ പ്രതിഫലവും ഉദ്യോഗലബ്ധിക്കാവശ്യമായ ആനുകൂല്യവും നൽകുക.

ജനവിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കുക. നിലവിലുള്ള ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.

പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളെയും ബന്ധപ്പെടുത്തി അനൗപചാരിക വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി ദൃശ്യശ്രാവ്യ സങ്കേതത്തിനുരൂപം നൽകുക.

**അന്തർദേശീയ ദ്രാവിഡഭാഷാ പഠനകേന്ദ്രം**

മുൻ തമിഴ് യൂണിവേഴ്സിറ്റി വൈസ് ചാൻസ്ലർ ശ്രീ വി.ഐ.സുബ്രഹ്മണ്യത്തിന്റെ മേൽ നോട്ടത്തിൽ മേനംകുളത്ത് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് അന്തർദേശിയ ദ്രാവിഡ ഭാഷാപഠനകേന്ദ്രം. ഈ സ്കൂൾ തിരു-കൊച്ചി ചാരിട്ടബിൾ സൊസൈറ്റി ആക്ടിൻ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. കേരളം, തമിഴ്നാട് ആന്ധ്രപ്രദേശ് കർണ്ണാടക എന്നീ തെന്നിന്ത്യൻ സംസ്ഥാനങ്ങളും പശ്ചിമ ബംഗാൾ ഗവൺമെന്റും ഇൻഡ്യാ ഗവൺമെന്റും ഈ സ്ഥാപനത്തിന് ധനസഹായം നൽകി വരുന്നു. ഭാഷ, സംസ്കാരം, ചരിത്രം, സംസാരവൈകല്യം തുടങ്ങിയവയിൽ ഗവേഷണം നടത്തുന്നതിനോടൊപ്പം ഏകദേശം എഴുപതിലേറെ പ്രസിദ്ധീകരണങ്ങളും ഈ സ്ഥാപനത്തിനുണ്ട്.

□ □ □







# പാർപ്പിടം സാമൂഹ്യക്ഷേമം

സമതലപ്രദേശങ്ങളും കായലും കടലുംചേർന്ന് കേരളത്തിന്റെ മൊത്തം ഭൂപ്രകൃതിഘടനയോട് സമാനമായ ഒരു ചിത്രമാണ് കഠിനംകുളം പഞ്ചായത്തിനുള്ളത്. ഏകദേശം 17.68 ചതുരശ്ര കിമി. വിസ്തൃതിയുള്ള നമ്മുടെ പഞ്ചായത്തിന്റെ വികസനരംഗത്ത് ഏറ്റവും രൂക്ഷമായിട്ടുള്ളത് പാർപ്പിടപ്രശ്നമാണ്. ആകെ 8861 വീടുകൾ ഉള്ളതിൽ 3000ന് പുറമേയുള്ള വീടുകൾ വാസയോഗ്യമല്ല എന്നുള്ളത് പാർപ്പിട രംഗത്തെ രൂക്ഷത വിളിച്ചുപറയുന്നു.

മത്സ്യബന്ധനം, കയർമേഖല, കൃഷി, കൂലിവേല തുടങ്ങിയ വ്യത്യസ്ത ജീവിത മാർഗ്ഗങ്ങളാണ് ഭൂരിഭാഗം കുടുംബത്തിനുള്ളത്. അതുകൊണ്ടുതന്നെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളും ഒട്ടനവധിയുണ്ട്. I.R.D.P. സർവ്വേലിസ്റ്റിൽ ഉൾപ്പെട്ട 2513 കുടുംബങ്ങളുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആകെ 7476 കുടുംബങ്ങളുള്ള പഞ്ചായത്തിൽ ഭവനരഹിതമായി കഴിയുന്ന 3100 ഓളം കുടുംബങ്ങളുണ്ട്. പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളും തീരദേശവുമായി ബന്ധപ്പെട്ടു കിടക്കുകയാണ്. മത്സ്യമേഖലയുമായി ബന്ധപ്പെട്ട എല്ലാ കുടുംബങ്ങളും തീരദേശത്താണ് താമസം എന്നിരിക്കെ പുതിയ തീരദേശ സംരക്ഷണനിയമം നമ്മുടെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം ഒന്നുകൂടി രൂക്ഷമാകാൻ സാദ്ധ്യതയുണ്ട് എന്ന സത്യം മുൻകൂട്ടി കാണുന്നു. കേരളത്തിന് തികച്ചും അപ്രായോഗികമായ ഈ നിയമം പിൻവലിക്കുന്നതിന് സംഘടിതശ്രമം ആവശ്യമാണ്. കടലാക്രമണം മൂലം ഭവനരഹിതരാകുന്നവരുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ വർഷംതോറും വർദ്ധിച്ചു വരുന്നതായാണ് മനസ്സിലാകുന്നത്. പഞ്ചായത്തിലെ പുതുക്കുറിച്ചി, ഒറ്റപ്പന, മര്യനാട്, തുമ്പ, സെന്റ് ആൻഡ്രൂസ് എന്നീ തീരദേശങ്ങളിലാണ് ഇങ്ങനെ ഭവനനാശം കൂടുതലും സംഭവിക്കുന്നത്. ആയതിനാൽ ഇതിനും ഒരു ശാശ്വത പരിഹാരം കാണേണ്ടതുണ്ട്. പഞ്ചായത്ത് വക ഭൂമികളിൽ ഈ മേഖലയിലെ കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുവാനുള്ള സാദ്ധ്യതകൾ ഉള്ളതായി കാണുന്നു. മേൽകുടുംബത്തിന് കെട്ടിട പുനരുദ്ധാരണത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനു

ള്ള സാദ്ധ്യമായ മാർഗ്ഗങ്ങളും ആരായേണ്ടതാണ്.

പാർപ്പിടരംഗം രൂക്ഷമാക്കുന്ന മറ്റൊരു പ്രധാന ഘടകം നിലവിലുള്ള ലക്ഷംവീട് ഹരിജൻ കോളനി പ്രദേശങ്ങളിൽ സൗജന്യമായി നിർമ്മിച്ചു നൽകിയ വീടുകളുടെ പുനരുദ്ധാരണമാണ്. ലക്ഷംവീട് പദ്ധതിയിൽ ഉൾപ്പെടുത്തി ഏകദേശം നൂറോളം വീടുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. കാലപ്പഴക്കം കൊണ്ടും യഥാസമയങ്ങളിൽ അറ്റകുറ്റപണി നടത്താത്തതുകൊണ്ടും ഇവയിൽ പലതും താമസക്കാരുടെ ജീവനുതന്നെ ഭീഷണിയായി ഏതു നിമിഷവും തകരും എന്ന സ്ഥിതിയിലാണ്. വളരെകാലപ്പഴക്കമുള്ള ഒരു ചുവരിൽ രണ്ടു കുടുംബങ്ങൾ താമസിക്കുന്ന വീടുകൾക്ക് പകരം നാലു സെന്റിൽ (4 സെന്റ്) ഒരു കുടുംബത്തിന് ഒരു വീട് കൊടുക്കാൻ സംവിധാനം ഏർപ്പെടുത്തണം. പുതിയ പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിനുളള പ്രാധാന്യം നിലവിലുള്ളവയുടെ പുനരുദ്ധാരണത്തിനും നൽകേണ്ടതാണ്.

പഞ്ചായത്ത്, ബ്ലോക്ക്, സന്നദ്ധസംഘടനകൾ, പട്ടികജാതി വികസനവകുപ്പ് തുടങ്ങിയവവഴിയാണ് പഞ്ചായത്തിലെ ഇപ്പോൾ പാർപ്പിട സൗകര്യം ലഭ്യമാകുന്നത്. കഴിഞ്ഞ പഞ്ചവൽസരപദ്ധതിക്കാലത്ത് അനുവദിച്ചുനൽകിയ വീടുകളുടെ വിവരം താഴെ പറയുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

| വർഷം | 1AY | MWS | SC/ST | പഞ്ചായത്ത് | മറ്റ്സംഘടനകൾ |
|---|---|---|---|---|---|
| 92-93 | 4 | 8 | 4 | 12 | - |
| 93-94 | 6 | 9 | 6 | 10 | - |
| 94-95 | 12 | 2 | 10 | 10 | 12 |
| 95-96 | 21 | 9 | 12 | 8 | 20 |
| 96-97 | 14 | - | - | - | - |
| ആകെ | 57 | 28 | 32 | 40 | 32 |

പ്രസ്തുത പട്ടികയുടെ വിശകലനത്തിൽ ഓരോ വർഷവും അനുവദിച്ചുനൽകുന്ന വീടുകളുടെ എണ്ണം ആവശ്യക്കാരുടെ എണ്ണത്തെ അപേക്ഷിച്ച് വളരെ പരിമിതമാണ്. മാത്രമല്ല സൗജന്യ വീടിന് നൽകുന്ന ഗ്രാന്റ്തുക കെട്ടിട നിർമ്മാണത്തിന് ഒട്ടും പര്യാപ്തമല്ല എന്നുള്ളതും ഒരു നഗ്നസത്യമാണ്. കെട്ടിടനിർമ്മാണം കൃത്യമായി പൂർത്തീകരിക്കുന്നതിന് പരിഹാരമായി ഗ്രാന്റുതുകയിൽ അനുയോജ്യമായ വർദ്ധനവ് ഉണ്ടായേതീരൂ. മാത്രവുമല്ല വർഷംതോറും അനുവദിക്കുന്ന വീടുകളുടെ ഭൗതികലക്ഷ്യത്തിന്റെ എണ്ണത്തിലും സാരമായ വർദ്ധനവ് ഉണ്ടാകാനുള്ള നടപടികളും സ്വീകരിക്കണം.

പാർപ്പിടരംഗത്ത് സാരമായ പുരോഗതി ഉണ്ടാക്കുന്നതിന് ഭവന നിർമ്മാണ ബോർഡിന്റെ സേവനങ്ങളും കാര്യക്ഷമമായി ഉപയോഗിക്കാവുന്നതാണ്. എല്ലാ ജനവിഭാഗങ്ങൾക്കും പാർപ്പിടസൗകര്യം നൽകുന്നതിനുള്ള ബോർഡിന്റെ പദ്ധതികൾ പഞ്ചായത്തുതലത്തിൽ ലഭ്യമാക്കുന്നതിന് കൂട്ടായ ശ്രമങ്ങൾ നടത്തേണ്ടതാണ്. കൂടാതെ ഹൗസിംഗ് കോംപ്ലക്സുകളുടെ പുനരുദ്ധാരണത്തിനും മറ്റ് അത്യാവശ്യ സൗകര്യങ്ങൾ നിർമ്മിച്ചുനൽകുന്നതിനും ബോർഡിന്റെ സഹായം തേടാവുന്നതാണ്.

പുറമ്പോക്കിൽ കുടിയേറിപാർക്കുന്ന ആയിരത്തോളം കുടുംബങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. സ്വന്തമായി പട്ടയം കിട്ടാതെ കഴിയുന്ന കുടുംബങ്ങളും ഒട്ടനവധിയുണ്ട്. ഇത്തരം കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളും പഞ്ചായത്തുതലത്തിൽ സ്വീകരിക്കേണ്ടതാണ്.

പാർപ്പിട രംഗത്തെ മറ്റൊരു പ്രധാന പ്രതിസന്ധി നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വർദ്ധിച്ച വിലനിരക്കുമാണ്. 100 മുതൽ 150 രൂപ വരെ നിർമ്മാണതൊഴിലാളികൾക്കും വേതന വർദ്ധനവ് ഉണ്ടായിരിക്കുകയാണ്. നിർമ്മാണസാമഗ്രികൾ ഉൽപാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വ്യവസായയൂണിറ്റുകൾക്ക് രൂപം കൊടുത്തുകൊണ്ട് നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം പരിഹരിക്കാവുന്നതാണ്.

പാർപ്പിടരംഗത്തെ രൂക്ഷത ഒരു വശത്തുണ്ടെങ്കിലും പാവപ്പെട്ടവർക്ക് വീട് വച്ച് കൊടുക്കുന്നതിന് മുൻകൈ എടുത്ത് പ്രവർത്തിക്കുന്ന ക്രഎഐ പോലുള്ള സന്നദ്ധ സംഘടനകളുടെ സേവനങ്ങൾ പ്രശംസനീയമാണ്. കെട്ടിടനിർമ്മാണത്തിനു വേണ്ടി

വരുന്ന തുക ദീർഘകാല വായ്പപോലെ തിരിച്ചടക്കുന്ന പദ്ധതി പഞ്ചായത്തിൽ മറ്റ് തലങ്ങളിലും പ്രാവർത്തികമാക്കേണ്ടതാണ്. ഭവനനിർമ്മാണ രംഗത്ത് സേവന തൽപരരായ സന്നദ്ധസംഘടനകളെ പ്രത്യേകം പരിഗണന നൽകി പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ പങ്കാളികളാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിട നിർമ്മാണരംഗത്ത് സഹകരണ പ്രസ്ഥാനങ്ങളുടെ സേവനം പൂർണ്ണമായും സാദ്ധ്യമാക്കുന്നതിന് പഞ്ചായത്തുതലത്തിൽ ഒരു ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുന്നതിന് നടപടിയെടുക്കണം. ഈ സംഘത്തിന്റെ ഗുണഭോക്താക്കളാകാൻ അർഹതയുള്ള മുഴുവൻ വ്യക്തികളെയും ഉൾപ്പെടുത്തി നമ്മുടെ ചുറ്റുമുള്ള പ്രാദേശികവിഭവങ്ങളും മാനുഷിക അദ്ധ്വാനവും കൂട്ടിയിണക്കിക്കൊണ്ട് ഭവനനിർമ്മാണ രംഗത്ത് നമ്മുടേതായ സംഭാവനകൾ കൂടി നൽകാവുന്നതാണ്. പഞ്ചായത്ത് ഇപ്പോൾ അഭിമുഖീകരിക്കുന്ന സങ്കീർണ്ണമായ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇനി പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. തീരദേശത്ത് കടലിനോട് ചേർന്ന് ഭവനം നിർമ്മിക്കുന്നതിനെ കർശനമായി നിരോധിക്കുക
2. പഞ്ചായത്തുവക പുറമ്പോക്ക് ഭൂമികൾ അളന്ന് തിട്ടപ്പെടുത്തി അർഹതയുള്ള കുടുംബങ്ങൾക്ക് പതിച്ചുനൽകി ഭവന നിർമ്മാണത്തിന് സഹായങ്ങൾ ചെയ്തു നൽകുക. കൂടാതെ പഞ്ചായത്തുവക സ്ഥലങ്ങളിൽ ഹൗസിംഗ് കോംപ്ലക്സുകളോ ഫ്ലാറ്റുകളോ കെട്ടി പാർപ്പിട പ്രശ്നം പരിഹരിക്കാവുന്നതാണ്.
3. കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് പ്രോൽസാഹനം നൽകുക
4. കാർഷിക മേഖലയിലെ ഉൽപ്പാദനത്തെ കുറയ്ക്കുന്ന തരത്തിൽ പാടം നികത്തി കെട്ടിടം വയ്ക്കുന്നവർക്ക് എതിരെ ശിക്ഷണനടപടികൾ ഏർപ്പെടുത്തുക
5. ദരിദ്ര കുടുംബങ്ങൾക്ക് വർഷം തോറും വീട് ഓല മേയുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക
6. പഞ്ചായത്തുതലത്തിൽ ഒരു ഭവന നിർമ്മാണ സംഘം രൂപീകരിക്കുക
7. പഞ്ചായത്തിൽ ഉള്ള എല്ലാ പട്ടികജാതി കോളനികളും I.H.D.P. കോളനികളായി അംഗീകരിച്ച് അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
8. പഞ്ചായത്തിന്റെ ജനസംഖ്യാനുപാതം കണക്കിലെടുത്ത് അനുവദിക്കുന്ന തുകയുടെ 40%ശതമാനം പട്ടികജാതി വികസനത്തിനും 60% മറ്റു വിഭാഗക്കാരുടെ വികസനത്തിനുമായി വകയിരുത്തുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുക
9. നിലവിലുള്ള ലക്ഷംവീട് കോളനികൾ പുനരുദ്ധരിക്കുക
10. പ്രകൃതിക്ഷോഭത്തിന് ഇടയാകുന്നവരുടെ പുനരധിവാസത്തിന് പുതിയ പദ്ധതികൾ രൂപീകരിക്കുക
11. സൗജന്യ ഭവനസഹായത്തിന് അർഹതയുള്ളവരുടെ ലിസ്റ്റ് മുൻഗണനാക്രമത്തിൽ തയ്യാറാക്കുകയും സേവനങ്ങൾ നൽകുമ്പോൾ ഇത് പൂർണ്ണമായി പ്രയോജനപ്പെടുത്തുകയും ചെയ്യുക.
12. ജനസാന്ദ്രത കൂടിയ സ്ഥലങ്ങളിൽ കെട്ടിടങ്ങളോടൊപ്പം തന്നെ ശുചിത്വമുള്ള കക്കൂസുകൾ നിർമ്മിക്കുന്നതിനും വ്യവസ്ഥകൾ ഉണ്ടാകണം.
13. പണിപൂർത്തിയാക്കുന്ന എല്ലാ വീടുകൾക്കും വൈദ്യുതികണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തുതലത്തിൽ ചെയ്യേണ്ടതാണ്.
14. മിച്ചഭൂമിയിൽ താമസിക്കുന്നവർക്ക് കൈവശാവകാശപ്പട്ടയം നൽകുന്നതിന് വേണ്ട നടപടിസ്വീകരിക്കുക

15. ഭവന നിർമ്മാണ രംഗത്ത് വാണിജ്യബാങ്കുകളുടെ വായ്പാസൗകര്യം ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ ആരാഞ്ഞ് പ്രവൃത്തി പഥത്തിൽ കൊണ്ടുവരുക.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളെ ഉദ്ധരിക്കുന്നതിനുള്ള വികസന ലക്ഷ്യങ്ങളാണ് സാമൂഹ്യക്ഷേമ പദ്ധതികൾ വഴി സാദ്ധ്യമാകുന്നത് വികസനത്തിന്റെ മുഖ്യധാരയിൽ മുഴുവൻ ജനവിഭാഗങ്ങളെയും ഒന്നിച്ച് ചേർക്കുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ ആവശ്യമാണ്. പട്ടികജാതി വികസനം, വനിതാക്ഷേമപ്രവർത്തനങ്ങൾ, തൊഴിലാളിക്ഷേമ പരിപാടികൾ, വിവിധ പെൻഷൻ പദ്ധതികൾ, പൊതുതാൽപര്യസംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ ലക്ഷ്യസാക്ഷാത്കരണത്തിന് അത്യന്താപേക്ഷിതമാണ്. ദരിദ്രകുടുംബങ്ങളുടെ എണ്ണത്തിന്റെ ഉയർന്ന തോത് കണക്കിലെടുത്ത് നമ്മുടെ പഞ്ചായത്തിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ തീവ്രത വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ തൊഴിൽ ശക്തിയിൽ സ്ത്രീകൾക്കു ഗണ്യമായ സ്ഥാനമാണുള്ളത്. ഇവരുടെ സംഘടനാശേഷി വർദ്ധിപ്പിക്കുന്നതിനും വികസനരംഗത്തേയ്ക്ക് ആവശ്യമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പ്രത്യേകശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ പ്രധാനപരമ്പരാഗതമായ വ്യവസായങ്ങളിൽ ഒന്നായ കയർമേഖലയിലെ തൊഴിലാളികളിൽ തൊണ്ണൂറ് ശതമാനം പേർ സ്ത്രീകളാണ്. മത്സ്യവിപണനരംഗത്തും സ്ത്രീകളുടെ സംഭാവന ചെറുതല്ല. പക്ഷെ ഈ തൊഴിൽശക്തി സംഘടിതമായി ഉപയോഗിച്ചാൽ പഞ്ചായത്തിൽ തന്നെ വരുമാനാജനകമായ പല വ്യവസായ യൂണിറ്റുകൾക്കും രൂപം കൊടുക്കുവാൻസാധിക്കും. സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന DWCRA, WIP തുടങ്ങിയ പദ്ധതികളിലൂടെ കൃഷി, വ്യവസായ യൂണിറ്റുകൾക്ക് രൂപം നൽകി സ്ത്രീകൾക്കു വരുമാനമാർഗ്ഗം ഉണ്ടാക്കാൻ കഴിയും.

ഗ്രാമീണ വനിതകളുടെ ആരോഗ്യവിദ്യാഭ്യാസ സാംസ്കാരിക പുരോഗതിയെ സാദ്ധ്യമാക്കുന്നതിന് മഹിളാസമാജങ്ങളുടെ പ്രവർത്തനവും കാര്യക്ഷമമാക്കേണ്ടതുണ്ട്. പഞ്ചായത്തിൽ നിലവിൽ അഞ്ച് മഹിളാസമാജങ്ങൾ ഉണ്ടെങ്കിലും പ്രവർത്തനങ്ങൾ നാമമാത്രമമായാണ് നടക്കുന്നത്. ആരോഗ്യരക്ഷ, ശുചിത്വം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണക്യാമ്പുകൾ നടത്തിക്കുന്നതിന് സമാജങ്ങളെ കാര്യക്ഷമമായി ഉപയോഗിക്കാം. ആരോഗ്യകേന്ദ്രങ്ങളെയും ഗ്രാമീണജനതയെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള ഒരു കണ്ണിയായും

പെൻഷൻ പദ്ധതികളുടെ അവലോകനം
95 - 96

| | വിധവാ പെൻഷൻ | വാർദ്ധക്യ പെൻഷൻ | വികലാംഗ പെൻഷൻ | അഗതി പെൻഷൻ | കർഷകതൊഴിലാളി പെൻഷൻ | മത്സ്യതൊഴിലാളി പെൻഷൻ |
|---|---|---|---|---|---|---|
| ഇപ്പോൾ ലഭിക്കുന്നത് | 35 | 45 | 17 | 21 | 18 | 387 |
| അപേക്ഷകർ | 210 | 560 | 242 | 74 | 146 | 694 |

പ്രവർത്തിക്കാവുന്ന മഹിളാസമാജങ്ങൾ ഒരു വാർഡിൽ കുറഞ്ഞത് ഒന്ന്വച്ചെങ്കിലും രൂപം കൊടുക്കുവാൻ തീരുമാനമുണ്ടാകണം.

കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള ആരോഗ്യരക്ഷാ സേവനങ്ങൾ നൽകാൻ കഴിയുന്ന സന്നദ്ധസംഘങ്ങളെയും വാർത്തെടുക്കുന്നതിന് ശ്രമങ്ങളുണ്ടാകണം. I.C.D.S.ന്റെ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ സാദ്ധ്യമായ എല്ലാ സ്ഥലങ്ങളിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടക്കത്തിലേ സ്വീകരിക്കേണ്ടതാണ്.

## ശുചിത്വപരിപാലനം

ജനസംഖ്യാവർദ്ധനവ് രൂക്ഷമാകുന്നതോടൊപ്പം തകരാറിലാക്കുന്നത് പരിസരശുചിത്വമാണ്. ശുചിത്വപരിപാലനത്തിന്റെ ശ്രദ്ധക്കുറവ്മൂലം ഉണ്ടാകാനിടയുള്ള രോഗങ്ങളിൽ നിന്നും നമ്മുടെ ജനതയെ സംരക്ഷിക്കേണ്ടത് പ്രധാനകടമകളിൽ ഒന്നാണ്. ശുചിത്വപൂർണ്ണമായി അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിന്റെയും ശാസ്ത്രീയ രീതിയിലുള്ള കക്കൂസുകൾ നിർമ്മിക്കേണ്ടതിന്റെ പ്രാധാന്യം അവരെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും തീരദേശങ്ങളിലും കക്കൂസ് നിർമ്മിച്ച് നൽകുന്നതിനും ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിനുമുള്ള സേവനങ്ങളും പഞ്ചായത്തു തലത്തിൽ അടിയന്തിരമായി നൽകേണ്ടതാണ്.

കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ ഐ.ആർ.ഡി.പി വായ്പാപദ്ധതി ശ്രദ്ധേയമായ പങ്ക് വഹിക്കുന്നു. കുടുംബത്തിന്റെ അഭിരുചിക്കനുസരിച്ചുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് വായ്പയും സബ്സിഡിയും നൽകിവരുന്നു. പഞ്ചായത്തിലെ രണ്ട് വി.ഇ.ഓ. സർക്കിളുകൾ വഴിയാണ് ബ്ലോക്കിലെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. കൂടാതെ ഗ്രാമീണ കൈതൊഴിലാളികളുടെ വിതരണം, C.R.S.P. കക്കൂസ് സൗജന്യവീടുകൾ, ഭക്ഷ്യഎആശ പദ്ധതിയുടെ പ്രയോജനം എന്നിവയും പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. പക്ഷേ ഇവയുടെ പ്രയോജനം പൂർണ്ണമായി വിനിയോഗിക്കുന്നതിന് ജനകീയ സമിതികളുടെ സേവനം അത്യന്താപേക്ഷിതമാണ്. അനർഹരെ ഒഴിവാക്കുന്നതിനും അർഹതയുള്ളവരെ കണ്ട്പിടിച്ച് പദ്ധതി ഗുണഭോക്താക്കളാക്കുന്നതിനും പഞ്ചായത്ത് സമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

സർക്കാർ തലത്തിൽ സാമൂഹ്യക്ഷേമം ലക്ഷ്യമാക്കി വിവിധതരത്തിലുള്ള പെൻഷൻ പദ്ധതികളും ക്ഷേമനിധികളും നടത്തുന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം ലഭിക്കുന്നവർ നമ്മുടെ പഞ്ചായത്തിൽ അർഹതയുള്ളവരിൽ ഒരു ചെറിയ ശതമാനം മാത്രമാണ്. കയർമേഖല, മത്സ്യബന്ധനമേഖല തുടങ്ങിയവയിലെ തൊഴിലാളികളുടെ സമഗ്രവികസനത്തിന് മേൽപറഞ്ഞ രീതിയിലുള്ള പദ്ധതികൾ കാര്യക്ഷമമായി വിനിയോഗിക്കേണ്ടതാണ്. മത്സ്യബന്ധനമേഖലയിലെ തൊഴിലാളികുടുംബങ്ങളുടെ സമ്പൂർണ്ണ സംരക്ഷണം ലക്ഷ്യമാക്കി അവർക്കായി ഒരു Community Insurance Schemeനെപ്പറ്റിയും ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. വിധവപെൻഷൻ, കയർതൊഴിലാളി പെൻഷൻ തുടങ്ങിയ പദ്ധതികൾക്കു അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ തന്നെ ഒരു ശ്രമം നടത്തേണ്ടതാണ്. വാർദ്ധക്യകാല പെൻഷനുള്ള അർഹത കിട്ടുന്നതിനുള്ള പ്രായപരിധി കുറക്കേണ്ടതാണ്.

വിലക്കയറ്റം കാര്യക്ഷമമായി തടയുന്നതിനു സാധാരണക്കാർക്കു ആവശ്യമായ ആവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനും പൊതുവിതരണശൃംഖല ശക്തിപ്പെടുത്തേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ ആകെ 24 റേഷൻകടകളുണ്ട്. പ്രാദേശികഘടന മനസ്സിലാക്കി കൂടുതൽ മാവേലിസ്റ്റോറുകൾ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ പല കാരണങ്ങളാലും റേഷൻകാർഡ് ലഭിക്കാതെ നിരവധി കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തുതലത്തിൽ കാർഡ് വിതരണം നടത്തുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച്കൊണ്ട് ഇത്തരം ബുദ്ധിമുട്ടു ഒഴിവാക്കാവുന്നതാണ്. കൂടാതെ സഹകരണമാവേലിസ്റ്റോറുകളും ഉപഭോക്തൃസംഘങ്ങളും പഞ്ചായത്ത് മേഖലയിൽ രൂപികരിക്കാനുള്ള സത്വരനടപടികൾ സ്വീകരിച്ച് വിലക്കയറ്റക്കെടുതിയിൽ നിന്നും ജനങ്ങളെ രക്ഷിക്കാവുന്നതാണ്.

സാമൂഹ്യക്ഷേമത്തിനായി ഇനി പറയുന്ന നടപടികളും സ്വീകരിക്കേണ്ടതാണ്.

1. സ്ത്രീകൾക്കുനേരെയുള്ള ഉപദ്രവങ്ങൾ ഇല്ലാതാക്കുന്നതിനു സാമൂഹ്യദ്രോഹികളുടെമേൽ കർശനനടപടിസ്വീകരിക്കുക.

2. വ്യാജവാറ്റ് എന്ന സാമൂഹ്യവിപത്ത് കർശനമായി തടഞ്ഞുകൊണ്ട് മദ്യനിരോധനം നടപ്പിലാക്കുക.

3. പുതിയ അംഗൻവാടികളും ബാലവാടികളും എല്ലാ ഗ്രാമത്തിലും ആരംഭിക്കുക.

4. ഒരു പൊതുസ്മശാനവും പൊതുഅറവുശാലയും നിർമ്മിക്കുക.

5. കൂടുതൽ സ്ഥലങ്ങളിൽ പൊതു ടെലഫോൺ ബൂത്തുകൾ സ്ഥാപിക്കുക.

6. എല്ലാ മേഖലകളിലും തെരുവുവിളക്കുകൾ കത്തിക്കുന്നതിനുള്ള സത്വരനടപടികളെടുക്കുക.

7. തീരാവ്യാധികൾ പിടിപെട്ടു ചികിൽസയിൽകഴിയുന്ന നിർദ്ധനരായ ആളുകൾക്കു സാമ്പത്തിക സഹായം ലഭ്യമാക്കുക.

8. ജനങ്ങളുടെ സംഘടനാശേഷിവർദ്ധിപ്പിക്കുന്നതിനും പൊതുപ്രാധാനമുള്ള പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിച്ചു നൽകുക.

9. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടിസ്വീകരിക്കുക.

10. വിവിധ പെൻഷൻ വിതരണച്ചുമതലകൾ പഞ്ചായത്ത് ഏറ്റെടുക്കുക.

11. പട്ടികജാതി വിദ്യാർഥികളുടെ വിദ്യാഭ്യാസത്തിന് ആവശ്യമായ അനുകൂലസാഹചര്യങ്ങൾ സൃഷ്ടിക്കുക.

12. വിവിധക്ഷേമപദ്ധതികളുടെ പ്രയോജനം അർഹരായവർക്ക് ലഭ്യമാക്കുന്നതിനു നടപടികളെടുക്കുക.

13. തെരുനായ്ക്കളെ നശിപ്പിക്കുന്നതിന് നടപടിയെടുക്കുക.

14. പഞ്ചായത്തുമേഖലയിൽ ഗ്രന്ഥശാലകളും സാംസ്കാരിക നിലയങ്ങളും സാക്ഷരതകേന്ദ്രങ്ങളും ആരംഭിക്കുക.

15. കായികക്ഷമതയിൽമുന്നിട്ടു നിൽക്കുന്ന വാർഡുകളിൽ യുവജനങ്ങൾക്കു കായികവികസനത്തിനായി കളിക്കളങ്ങൾ സ്ഥാപിക്കുക.



# ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഏതൊരു പ്രദേശത്തിന്റേയും സാമ്പത്തിക സാമൂഹിക പുരോഗതിയെ സ്വാധീനിക്കുന്ന പ്രധാന ഘടകമാണ് ആ പ്രദേശത്തെ സുഗമവും സുലഭവുമായ ഗതാഗതസൗകര്യങ്ങൾ. കഠിനംകുളം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം, മറ്റ് പ്രദേശങ്ങളിൽ നിന്നും പഞ്ചായത്തിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ വളരെക്കുറവാണെന്നതാണ് വസ്തുത. എന്നാൽ പഞ്ചായത്തിനുള്ളിൽ, (ഒരു പക്ഷേ തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ റോഡുകളുടെ ഒരു ശൃംഖലതന്നെയുണ്ട്. ടാറിട്ടതും 70 കി.മി ദൈർഘ്യമുള്ളതുമായ റോഡുകൾ പഞ്ചായത്തിനുള്ളിൽ ഉണ്ട്. താഴെപ്പറയുന്ന പട്ടികയിൽ ഇന്നും ഇത് മനസിലാക്കാം.

### പഞ്ചായത്തിലെ ടാർ റോഡുകൾ

**PWD ഉടമസ്ഥതയിൽ ഉള്ളവ**

| റോഡിന്റെ പേര് | നീളം |
|---|---|
| വേളി പെരുമാതുറ | 11 കി.മി |
| മേനംകുളം പുതുക്കുറിച്ചി | 11 കി.മി |
| കഴക്കൂട്ടം ആറാട്ടുവഴി | 3 കി.മി |
| വെട്ടുറോഡ് സെന്റാൻഡ്രൂസ് | 3 കി.മി |
| കണിയാപുരം പുത്തൻതോപ്പ് | 4 കി.മി |
| പുതുക്കുറിച്ചി ചേരമാൻതുരുത്ത് | 1 കി.മി |
| കണിയാപുരം പടിഞ്ഞാറ്റുമുക്ക് | 2 കി.മി |
| കാവോട്ടുമുക്ക് മലമേൽപറമ്പ് | 2 കി.മി. |
| ആകെ | 37 കി.മി. |

പഞ്ചായത്ത് ഉടമയിൽ ഉള്ളവ

| | |
|---|---|
| മേനംകുളം വിളയിക്കുളം | 2കി.മി |
| കല്പന ആറാട്ടുവഴി | 2.5കി.മി |
| പ്രിയദർശിനി റോഡ് | 7കി.മി |
| പഞ്ചായത്താഫീസ് PHC റോഡ് | 1കി.മി. |
| ജയ്ഹിന്ദ് വായനശാല റോഡ് | 2കി.മി. |
| അണക്കപ്പിള്ള പുത്തൻതോപ്പ് | 2കി.മി. |
| പരുത്തി ഏലാ റോഡ് | 1.5കി.മി. |
| ചാന്നാങ്കര S.K.V. L.P.S. റോഡ് | 2കി.മി |
| പുതുവൽ റോഡ് | 1കി.മി |
| കഠിനംകുളം ആറാട്ടു റോഡ് | 1.5കി.മി. |
| സെന്റ് മൈക്കിൾസ് റോഡ് | 2കി.മി |
| മര്യനാട് കോളനി റോഡ് | 1കി.മി. |
| മര്യനാട് ബീച്ച് റോഡ് | 0.5കി.മി. |
| ജ്യോതിനിലയം റോഡ് | 1കി.മി. |
| പള്ളിനട അണക്കപ്പിള്ള റോഡ് | 2കി.മി |
| ആകെ | 30.കി.മി. |

ഇപ്പോൾ ടാറിംഗ് പണി നടന്നുകൊണ്ടിരിക്കുന്ന പഞ്ചായത്ത് റോഡുകൾ

| | | |
|---|---|---|
| 1. | പ്രിയദർശിനി - ജയ്ഹിന്ദ് വായനശാല | 2കി.മി. |
| 2. | പടിഞ്ഞാറ്റുമുക്ക് ചിറക്കൽ റോഡ് | 1കി.മി. |
| | ആകെ | 3കി.മി. |
| | ഒട്ടാകെ | 70 കി.മി. |

എഴുപത് കി.മീറ്റർ ടാർറോഡ് സൗകര്യമുള്ള പഞ്ചായത്തിൽ 20 കി.മീറ്ററിൽ താഴെ മാത്രമേ ബസ് സൗകര്യം ഉള്ളൂ എന്നത് ഗ്രാമസഭകളിൽ ഏറ്റവും കൂടുതൽ ചർച്ചാവിഷയമായി

ടാർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുള്ള റോഡുകൾ

| | | |
|---|---|---|
| 1. | ആറാന്തല മുണ്ടൻചിറ റോഡ് | 2കി.മി. |
| 2. | തോണിക്കടവ് മുണ്ടൻചിറ റോഡ് | 0.5കി.മി. |
| 3. | കഠിനംകുളം ബീച്ച് റോഡ് | 0.5കി.മി. |
| 4. | തയ്ക്കാമുക്ക് മൈവള്ളി റോഡ് | 1കി.മി. |
| 5. | അണക്കപ്പിള്ള ചാന്നാങ്കര റോഡ് | 1കി.മി. |
| 6 | ചിറക്കൽ ജൻമിമുക്കു റോഡ് | 2കി.മി. |
| 7 | വലിയ ഏലാ റോഡ് | 2കി.മി. |
| 8 | മേനംകുളം റയിൽവേ സ്റ്റേഷൻ റോഡ് | 2കി.മി. |
| 9 | സെന്റ് ഡൊമിനിക് വെട്ടുകാട് റോഡ് | 2കി.മി. |
| 10 | തുമ്പ പുന്നമൂട് റോഡ് | 1കി.മി. |
| 11 | കരിഞ്ഞവയൽ റോഡ് | 1കി.മി. |
| | ആകെ | 15കി.മി. |

പുതിയതായി നിർമ്മിക്കുവാനുദ്ദേശിക്കുന്ന റോഡുകൾ

| | | |
|---|---|---|
| 1. | കാവുവിള കൈപ്പള്ളി റോഡ് | 2കി.മി. |
| 2 | വിളയിക്കുളം ധന്യാനഗർ റോഡ് | 1കി.മി. |
| 3 | മുണ്ടൂരി ഏലാ റോഡ് | 1കി.മി. |
| | ആകെ | 4കി.മി. |

ഗ്രാമസഭകളിൽ ഏറ്റവും കൂടുതൽ ചർച്ചാവിഷയമായ ഗതാഗതത്തിൽ പ്രധാനമായും ഉന്നയിച്ച പ്രശ്നങ്ങൾ താഴെപ്പറയുന്നു.

1. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ബസ് സർവ്വീസ് ഇല്ല.
2. ബസ് സർവീസ് ഉള്ള റൂട്ടുകളിൽ തന്നെ വേണ്ടത്ര ബസ്സുകൾ ഇല്ലാത്തത് ഓഫീസ് - സ്കൂൾ സമയങ്ങളിൽ യാത്ര നരകതുല്ല്യമാക്കുന്നു.

3. ശരിയായ രീതിയിൽ വെള്ളം ഒലിച്ചുപോകുന്നതിന് ഒരു റോഡിലും ഓടകൾ ഇല്ല.

4. യഥാസമയം അറ്റകുറ്റപ്പണികൾ നടത്താതിരിക്കുക

5. കോൺട്രാക്ടർമാരുടെ ലാഭേച്ഛയും അദ്യോഗസ്ഥൻമാരുടെ 'അഴിമതിക്ക് കൂട്ട് നിൽക്കലും'

സാദ്ധ്യതകൾ

കണിയാപുരം സബ്ഡിപ്പോ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയും പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും ബസ് റൂട്ടുകൾ അനുവദിക്കുകയും ചെയ്യുക

റോഡ് നിർമ്മാണത്തിലും അറ്റകുറ്റപ്പണികളുലും കോൺട്രാക്ടർമാരെ പരമാവധി ഒഴിവാക്കുകയും പകരം ജനകീയ സമിതികൾ പണികൾ ഏറ്റെടുത്ത് നടത്തുകയും ചെയ്യുക

റോഡുകളുടെ നിർമ്മാണത്തിൽ ഓടകൾ ഒരു അത്യാവശ്യഘടകമായി മാറ്റുക

ഇപ്പോൾ പുത്തൻ തോപ്പ് വരെ വന്നു പോകുന്ന സിറ്റിബസ്സുകൾ കഠിനംകുളം വരെയെങ്കിലും നീട്ടുകയും പ്രധാന ആഫീസുകളെ ബന്ധിപ്പിച്ചു കൊണ്ട് കണിയാപുരത്തുനിന്നും, വികാസ് ഭവൻ, കിഴക്കേക്കോട്ട തമ്പാനൂർ എന്നിവിടങ്ങളിൽ നിന്നും സർക്കുലർ ബസുകൾ അനുവദിക്കുകയും ചെയ്യുക.

ഇപ്പോൾ KSRTCക്ക് ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന മേനംകുളം വഴിയുള്ള ബസ്സർവ്വീസുകളുടെ എണ്ണം കൂട്ടുകയും കൂടുതൽ ബസ്സുകൾ ഇത് വഴി ഓടിക്കുകയും ചെയ്യുക

ചിറ്റാറ്റുമുക്ക് മാർക്കറ്റിനുസമീപം വെള്ളം കെട്ടി നിന്ന് ഗതാഗത തടസ്സം ഉണ്ടാകുന്നത് ഒഴിവാക്കാൻ എത്രയും വേഗം ആ ഭാഗത്ത് ഓട കെട്ടി സംരക്ഷിക്കുക.

ഗതാഗതത്തെക്കുറിച്ച് ചർച്ച ചെയ്യവേ പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർ ഒരേസ്വരത്തിൽ പ്രകടിപ്പിച്ച ഒരു കാര്യം ഓർക്കാതെ വയ്യ. "പണ്ട് ആന്റമാനിലേക്ക് നാടുകടത്തിയിരുന്നതുപോലെയാണ് കഠിനംകുളത്തേക്ക് സ്ഥലം മാറിവരുന്നത്". ശരിയാണ്, പഞ്ചായത്താഫീസ്, വില്ലേജാഫീസ്, പോലീസ് സ്റ്റേഷൻ, പ്രാഥമികാരോഗ്യകേന്ദ്രം, സ്കൂളുകൾ എന്നിവിടങ്ങളിലിലൊക്കെ ആകെയുള്ളതിൻന്റെ 50 ശതമാനം തസ്തികകളും ഒഴിഞ്ഞുകിടക്കാറാണ് പതിവ്. കാരണം മറ്റൊന്നുമല്ല. എത്താൻ വാഹനമോ വന്നെത്തിയാൽ തിരിച്ചു പോകാനോ കഴിയാത്ത അവസ്ഥ. ഇത് മാറണം, ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ ഇത് സാധ്യമാകും എന്ന് പ്രതീക്ഷിക്കാം.

ഊർജ്ജം

കേരള സംസ്ഥാനത്തോടൊപ്പം നമ്മുടെ പഞ്ചായത്തും ഇന്ന് നേരിടുന്ന പ്രധാനപ്രശ്നം ഊർജ്ജപ്രതിസന്ധിയാണ്. കഠിനംകുളം പഞ്ചായത്തിന് ആവശ്യമായ വൈദ്യുതി പ്രധാനമായും അണ്ടൂർകോണം 110KV സബ് സ്റ്റേഷനിൽനിന്നുമാണ് എത്തുന്നത് മംഗലപുരം കഴക്കൂട്ടം എന്നീ മേജർ സെക്ഷനുകളുടെ കീഴിൽ കണിയാപുരം കഴക്കൂട്ടം എന്നീ സെക്ഷനുകളിലും പുതുക്കുറിച്ചി സബ് എൻജിനിയർ ആഫീസിലൂമായി ഈ പഞ്ചായത്തിന്റെ വൈദ്യുതി വിതരണ സമ്പ്രദായം ബന്ധപ്പെട്ടിരിക്കുന്നു.

ഗാർഹികാവശ്യങ്ങൾക്കുവേണ്ടിയാണ് പ്രധാനമായും വൈദ്യുതി ഉപയോഗിക്കുന്നതെങ്കിലും കാർഷികാവശ്യങ്ങൾക്കും വ്യാവസായിക ആവശ്യങ്ങൾക്കുമുള്ള ഉപയോഗം ഒട്ടും കുറവല്ല. ഗ്രാമസഭകളിൽ ഏറ്റവും കൂടുതൽ ചർച്ചാവിഷയമായ ഒരു വിഷയം എന്ന നിലയിൽ പ്രത്യേകപരിഗണന അർഹിക്കുന്ന ഒരു വിഭാഗമായി ഈ മേഖലയെ കാണേണ്ടിയിരിക്കുന്നു. ഈ രംഗത്തെ പ്രധാനപ്രശ്നങ്ങൾ ചുവടെചേർക്കുന്നു.

പഞ്ചായത്തിന്റെ ഒരു വാർഡിലും പൂർണ്ണമായി വൈദ്യുതി എത്തിയിട്ടില്ല.

കണിയാപുരം കഴക്കൂട്ടം എന്നീ സെക്ഷനുകളുടേയും പൂതുക്കുറിച്ചി സബ് എൻജിനിയർ ആഫീസിന്റേയും കീഴിൽ വരുന്നതിനാൽ വൈദ്യുതി സംബന്ധമായി ഉണ്ടാകുന്ന പ്രശ്നങ്ങൾ പെട്ടെന്ന് പരിഹരിക്കുന്നതിനോ പൊതു പ്രവർത്തകർക്കും ജനപ്രതിനിധികൾക്കും ഫലപ്രദമായി ഇടപെടുന്നതിനോ കഴിയുന്നില്ല.

പ്രേഷണ വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ്. അതായത് മരച്ചില്ലകൾ യഥാസമയം മുറിക്കാതിരിക്കുക, വൈദ്യുതി ബന്ധം നിലച്ചാൽ യഥാസമയം ശരിയാക്കാതിരിക്കുക, അപ്രഖ്യാപിത കട്ടിംഗുകൾ, നൈറ്റ് ഡ്യൂട്ടിക്ക് ആളില്ലാതിരിക്കുക എന്നിവ.

പ്രസരണനഷ്ടം വൈദ്യുതികൂടുതൽ ഉപയോഗിക്കുക. അതേസമയം മീറ്ററുകൾ പ്രവർത്തിക്കാതിരിക്കുക

സമ്പന്ന കുടുംബങ്ങളിലെ സ്റ്റെപ്പ് അപ്പ് ഉപയോഗം ആഡംബര വസ്തുക്കൾ കൂടുതലായി ഉപയോഗിക്കുക തുടങ്ങിയവ

ഹരിജൻ കോളനികളും ലക്ഷംവീടുകളും പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടില്ല.

കടലോര പഞ്ചായത്തായതിനാൽ മത്സ്യതൊഴിലാളികൾക്ക് ദിക്ക് അറിയുന്നതിനുള്ള സർച്ച് ലാമ്പുകൾ സ്ഥാപിക്കുക.

ബോർഡ് ജീവനക്കാരുടെ തികഞ്ഞ അനാസ്ഥ

കഠിനംകുളം ഗ്രാമപഞ്ചായത്തിലെ ഊർജ്ജ മേഖല പൊതുവേ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അതുവഴി സാധ്യമായവയെല്ലാം ചെയ്യുന്നതിനുമായി നിരവധി നിർദ്ദേശങ്ങൾ രൂപപ്പെട്ടു. അവ,

വൈദ്യുതി റിക്കാർഡുകളിൽ ഉള്ളതിനേക്കാൾ വളരെ കൂടുതലായ ഉപഭോഗം കുറക്കുന്നതിന് മീറ്റർ റീഡിംഗ് കാര്യക്ഷമമാക്കുക. സ്ലാബ് സമ്പ്രദായത്തിനു പകരം മീറ്റർ റീഡിംഗ് രീതിയിലായാൽ ഉപഭോഗം പരമാവധി കുറക്കുന്നതിന് കഴിയും.

സമ്പന്ന കുടുംബങ്ങളിലെ അമിതമായ വൈദ്യുത ഉപയോഗം കുറക്കുന്നതിന് ഒരു പരിധികഴിഞ്ഞുള്ള ഉപയോഗത്തിന് കൂടിയ നിരക്കിൽ ചാർജ് ഈടാക്കുക

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പ്രധാനസ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക

ദക്ഷ കൂടിയ അടുപ്പുകൾ (പുകയില്ലാത്ത അടുപ്പുകൾ) ഉപയോഗിക്കുന്നതു കൊണ്ടുള്ള ഗുണങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതരത്തിൽ ബോധവൽക്കരണവും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

ഇനിയും നാം കടന്നു ചെന്നിട്ടില്ലാത്ത സൗരോർജ മേഖലയെക്കുറിച്ച് വ്യാപകമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

ഒരു കാലത്ത് പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ആരംഭിച്ചതും ഇപ്പോൾ മുടങ്ങിക്കിടക്കുന്നതുമായ ഗോബർ ഗ്യാസ് പ്ലാന്റുകൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക

ഗ്രാമസഭകളിൽ ഏറ്റവും കൂടുതൽ ചർച്ചാവിഷയമായ ഊർജ മേഖലയിൽ ഉടനടി ചെയ്യേണ്ട വൈദ്യുതവർക്കുകളുടെ ഒരു നീണ്ട ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

### മാർക്കറ്റ്

തീരദേശഗ്രാമമായ കഠിനംകുളം കാർഷികവിളകളുടെ കാര്യത്തിൽ പിന്നോക്കമാണ്. അതുകൊണ്ട് തന്നെ അവയുടെ വിപണന സാധ്യതയും കുറവാണ്. മുഖ്യകാർഷികോൽപന്നമായ തേങ്ങയുടെ കാര്യം ഒഴിച്ചാൽ മറ്റൊന്നും തന്നെ ഇവിടെ കാര്യമായി ഉൽപ്പാദിപ്പിക്കുകയോ വിൽക്കുകയോ ചെയ്യുന്നില്ല. വളരെക്കുറച്ച് വ്യാപാരസ്ഥാപനങ്ങൾ മാത്രമേ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു. അതുകൊണ്ട് തന്നെ തൊട്ടടുത്ത പ്രദേശങ്ങളായ കണിയാപുരം കഴക്കൂട്ടം എന്നീ സ്ഥലങ്ങളെയാണ് ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത്.

ഒരേ ഒരു അംഗീകൃത മാർക്കറ്റാണ് കഠിനംകുളം ഗ്രാമപഞ്ചായത്തിലുള്ളത്. ചിറ്റാറ്റുമുക്ക് പബ്ലിക് മാർക്കറ്റ് കഠിനംകുളത്തും പള്ളിനടയിലും രണ്ട് സ്വകാര്യമാർക്കറ്റുകളും പ്രവർത്തിക്കുന്നു. കൂടാതെ മേനംകുളം, സെന്റാൻഡ്രൂസ് എന്നിവിടങ്ങളിൽ വഴിയോര ചന്തകളും നിലവിലുണ്ട്. ചിറ്റാറ്റുമുക്ക് പബ്ലിക് മാർക്കറ്റ് കഴിഞ്ഞ 12 വർഷമായി പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിനകത്തും പുറത്തുനിന്നുമായി നിരവധി ആളുകൾ ഇവിടെ വന്നുപോകുന്നു.

ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന ചില പ്രധാന പ്രശ്നങ്ങളും സാധ്യതകളും താഴെചേർക്കുന്നു

1. ഏറ്റവും കൂടുതൽ ഉല്പാദനം നടക്കുന്ന നാളികേരത്തിന് ഒരു പൊതു മാർക്കറ്റോ മാർക്കറ്റിംഗ് സൊസൈറ്റിയോ ഇല്ല.

2. പ്രതിവർഷം എട്ടു കോടി രൂപയുടെ മത്സ്യ ഉല്പാദനം നടക്കുന്ന പഞ്ചായത്തിൽ ഒരു മത്സ്യ മാർക്കറ്റ് ഇല്ല.

3. കയർ മേഖലയിൽ 5 സഹകരണ സംഘങ്ങളും നിരവധി സ്വകാര്യ സ്ഥാപനങ്ങളും ഉണ്ടെങ്കിലും ഇവിടെ ഉല്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾ ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ കൊണ്ട് ചെന്ന് വില്പന നടത്തേണ്ടിവരുന്നു. ഇത് ഒഴിവാക്കുന്നതിനായി പഞ്ചായത്തിൽ കേന്ദ്രീകൃതമായ രീതിയിൽ കയർ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും വിറ്റഴിക്കുന്നതിനുമായി ഒരു മാർക്കറ്റ് ഉണ്ടാകണം.

ഇപ്പോൾ നിലവിലുള്ള ചിറ്റാറ്റുമുക്ക് പബ്ലിക് മാർക്കറ്റിൽ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടുകയും അവിടെ പഞ്ചായത്തിലെ മുഴുവൻ വിഭവങ്ങളും വിറ്റഴിക്കുവാൻ കഴിയുന്ന രീതിയിൽ സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വിഭവസമാഹരണത്തിലും ഗണ്യമായ മാറ്റമുണ്ടാകും. കൂടാതെ മേനംകുളത്ത് ഒരു മത്സ്യമാർക്കറ്റും കഠിനംകുളത്ത് ഒരു പൊതു മാർക്കറ്റും ആരംഭിക്കേണ്ടത് അത്യാവശ്യമാണെന്ന് ഗ്രാമസഭകൾ ചൂണ്ടിക്കാട്ടുന്നു.



# പട്ടികജാതി പട്ടികവർഗ്ഗമേഖല

ഈ പഞ്ചായത്തിൽ പുലയ, തണ്ടാൻ, സാംബവർ, പരവ, കുറവ എന്നനീ സമുദായങ്ങളിൽപ്പെടുന്ന വിവിധ പട്ടിക ജാതി വിഭാഗങ്ങൾ കുടുംബങ്ങളിലായി 1874 പുരുഷൻമാരും 1955 സ്ത്രീകളും അടങ്ങുന്നു. ഇവയിൽ ഭൂരിഭാഗവും പഞ്ചായത്തിലെ വിവിധ അംഗീകൃത പട്ടികജാതി സങ്കേതങ്ങളിൽ ആണ് വസിക്കുന്നത്. കോളനിയെ സംബന്ധിച്ച വിവരങ്ങൾ പട്ടികയായി ചേർക്കുന്നു.

ഈ പഞ്ചായത്തിലെ പട്ടികജാതിക്കാരിൽ കൂടുതലും കയർ മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവർ ആണ്. മറ്റ് തൊഴിൽ മേഖലകൾ -കാർഷിക-നിർമ്മാണ കൂലിപ്പണിക്കാർ, മത്സ്യതൊഴിലാളികൾ-ചല്ലിയടി, വളരെക്കുറച്ചുപേർ കച്ചവടം.

## പാർപ്പിടം-പുനരധിവാസം

മത്സ്യകുടുംബത്തെ ആശ്രയിച്ച് ജീവിതം നയിക്കുന്ന 248 കുടുംബങ്ങൾ ഉള്ളതിൽ  പേരെ സ്ഥലം നൽകിയും 117 പേരെ അധിവാസയോഗ്യമായ വീട് വച്ചും പുനരധിവസിപ്പിക്കേണ്ടതുണ്ട് അതോടൊപ്പം പഞ്ചായത്ത് പുതുവൽ, പഴഞ്ചിറ കല്ലറ ആറാട്ടുവഴി എന്നിവിടങ്ങളിലായി പുനരധിവസിപ്പിച്ചിരിക്കുന്ന എല്ലാ പട്ടികജാതികുടുംബങ്ങൾക്കുമായി 131 വീടും നൽകണം.

## ശുദ്ധജലം

കടലിന്റെ സമീപത്ത് കിടക്കുന്ന ഭൂഭാഗമായതിനാൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു ഈ പ്രദേശത്തെ സങ്കേതങ്ങളിൽ പൈപ്പ്ലൈൻ കൂടുതലായി സ്ഥാപിച്ച് ജലക്ഷാമം പരിഹരിക്കേണ്ടതുണ്ട്. ശുദ്ധജലം കിട്ടാൻ സാധ്യതയുള്ള ലഭ്യമാകുന്നു 7 സങ്കേതങ്ങളിൽ 8 പൊതു കിണറുകൾ കുഴിക്കാവുന്നതാണ്. ശുദ്ധജല ലഭ്യതയും/പൊതുകിണറുകൾ/പൈപ്പ് ഇവയുടെ വിവരവും പുതിയതായി വേണ്ടവയുടെ വിവരവും പട്ടികയിൽ നൽകിയിട്ടുണ്ട്.

## ആരോഗ്യം ശുചിത്വം

കടലിന്റേയും കായലിന്റേയും സാമീപ്യമുള്ള സ്ഥലമായതിനാൽ ആരോഗ്യപ്രശ്നങ്ങൾക്ക് സാധ്യത യേറെയുള്ള സങ്കേതങ്ങളിൽ കൊതുക് ശുദ്ധജല ക്ഷാമം എന്നിവമൂലവും സാമ്പത്തിക ക്ലേശം നിമിത്തം പോഷകാഹാരക്കുറവിനാലും സങ്കേതങ്ങളിൽ പകർച്ച വ്യാധികളും മറ്റ് ആരോഗ്യ പ്രശ്നങ്ങളും തടയാൻ ആ വശ്യമയി മുൻകരുതലുകൾ എടുക്കുന്നതിന്റെ ഭാഗ മായി പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന പുതുവൽ, കല്പന വാർഡുകൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ആരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ട് അത്യന്താ പേക്ഷിതമാണ്. അതേസമയം സങ്കേതനിവാസികളുടെ സാഹചര്യത്തിന് അനുസരിച്ച് ചെയ്യാൻ കഴിയുന്ന ശുചീകരണ ആരോഗ്യശീലങ്ങളെപ്പറ്റിയും മറ്റും കുറേ ക്കാലത്തേക്ക് നിരന്തരമായ ബോധവൽക്കരണം, സെമി നാറുകൾ, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയിലൂടെ നടത്തേണ്ടതുണ്ട്. ഇങ്ങനെ വളരെയേറെ രോഗങ്ങ ളെയും ആരോഗ്യകരമല്ലാത്ത ശീലങ്ങളേയും അകറ്റിനി ർത്തുന്നതുമൂലം കൂടുതൽ ക്ഷേമകരമായ ഒരു ജീവിത രീതി, നിലവിലുള്ള സാഹചര്യങ്ങളുടെ അടിസ്ഥാന ത്തിലുള്ള ജീവിതരീതികളുടെ പുനക്രമീകരണങ്ങൾ എന്നിവകൊണ്ട് സാധ്യമാക്കുന്നതാണ്.

സങ്കേതങ്ങളിലും അല്ലാതെയുമായി 600 ഓളം വീടുകൾക്ക് കക്കൂസുകൾ ആവശ്യമായിട്ടുണ്ട്. വീടി ല്ലാത്തതും (പഞ്ചായത്ത് നൽകിയതുൾപ്പടെ അതേസ മയം സ്വന്തമായി സ്ഥലമുള്ളതുമായ പട്ടികജാതി കുടുംബങ്ങൾക്കെല്ലാം കക്കൂസുകൾ അടിയന്തിരമായി നൽകേണ്ടതുണ്ട്.

## കൃഷി

പട്ടികജാതി കുടുംബങ്ങളെ സംബന്ധിച്ചിട ത്തോളം സ്വന്തമായി കൃഷിയിടങ്ങളുള്ളവർ വളരെ ക്കുറച്ചുമാത്രമാണുള്ളത്. തീരദേശപ്രദേശത്ത് ഉപയു ക്തമായ കൃഷികൾക്കുതന്നെ ആവശ്യമായ പ്രാധാന്യം ഈ വിഭാഗം നൽകിക്കാണുന്നില്ല. ഇവർക്ക് കൃഷി യിൽ പ്രകടമായ താല്പര്യം ഉണ്ടാകുന്നത് ലക്ഷ്യമിട്ട് തുണ്ട് തുണ്ട് ഭൂമികളിലായി കിടക്കുന്ന ഇവരുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രാധാന്യം നൽകുന്ന ഒരു കാർഷിക സമീപനം ഉണ്ടാകണം. ഇതിന് സഹാ യിക്കുന്നവിധം കുറഞ്ഞ ഭൂമിയുള്ളവരെ ലക്ഷ്യമിട്ട് കാർഷിക ബോധവൽക്കരണ സെമിനാറുകൾ സംഘ ടിപ്പിക്കണം. അവർക്കാവശ്യമായ വളങ്ങളും വിത്തുകളും അതിലുമേറെ പ്രാധാന്യമുള്ള ചെറു ചെറു കാർഷിക പ്രവർത്തനങ്ങളിലൂടെ ചെറുതെങ്കിലും ചില നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയും എന്നും അത് തങ്ങളുടെ ജീവി തനിലവാരം ഉയർത്താൻ ഉപയുക്തമാകും എന്ന ധാരണ ഉണ്ടാക്കാൻ കഴിയുന്നതുവരെ നിരന്തരമായി നൽകുന്ന കാർഷിക ഉപദേശങ്ങളും മറ്റും നൽകു ന്നത് ലക്ഷ്യമിട്ടുള്ള സെമിനാറുകൾ സംഘടിപ്പിക്കണം.

## തൊഴിൽ-സഹകരണം-വ്യവസായം

പരമ്പരാഗതമായി കയർ മേഖലയിൽ തൊഴി ലെടുക്കുന്നവരിൽ പട്ടികജാതി സ്ത്രീകൾ വളരെക്കൂടു തൽ ആണ്. കയർ മേഖലയിലെ തൊഴിലിനെ സംബ ന്ധിച്ച് പറയുമ്പോൾ തൊഴിലാളികൾക്കു കിട്ടുന്ന വേതനം വളരെ തുച്ഛമാണ് എന്ന് പറയാതിരിക്കു വാൻ കഴിയില്ല. ജീവൻ നിലനിർത്തുന്നതുകൊണ്ട് മാത്രം വീണ്ടും ഇതേ ജോലിയ്ക്കു പോകാൻ നിർബ ന്ധിതരായിരിക്കുന്നവരാണിവർ. മറ്റ് തൊഴിലുകൾ ഒന്നും ചെയ്ത് പരിചയമില്ലായ്മയും മറ്റ് ജോലികൾ ഇവർക്ക് ചേർന്നതല്ല എന്ന ധാരണ ഇവരിലുണ്ടാക്കുന്ന സമീ പനവും ഇവരെ സ്ഥിരമായി രക്ഷപ്പെടുത്തുന്നതിന് ഒരുവസ്ഥയുണ്ടാക്കുന്നതിനു തടസ്സമായിരിക്കുകയാണ്.

കയർ തൊഴിലാളികൾക്ക് അവർക്ക് മറ്റ് മേഖ ലയിലെ മികച്ച സേവനത്തിന് ലഭിക്കുന്ന തരത്തിൽ വേതനം ലഭിക്കാൻ ഉപയോകുന്ന വിധം സ്വതന്ത്രമായി പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ സ്ഥാപിച്ച് വിവിധ കയർ/ചകിരി ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ വേണ്ട പരിശീലനം നൽകി സ്വദേശ/വിദേശ മാർക്ക റ്റുകളിൽ ഇവരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ വിറ്റഴിക്കാൻ പറ്റുന്ന സാഹചര്യം ഉണ്ടാക്കണം. എങ്കിൽ മാത്രമേ സമഗ്ര വികസനത്തിന് അതിന്റെ സങ്കല്പവു മായി ചേർച്ചയുണ്ടാകു.

മത്സ്യ ബന്ധനമേഖലയെക്കുറിച്ച് ഗ്രാമസഭ കൾക്ക് ഏറെപ്പറയുവാനുണ്ട്. പരമ്പരാഗതമായിതന്നെ ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതി തൊഴിലാളികൾ ഇന്നും ദാരിദ്ര്യത്തിൽ ആണ്. അതേ സമയം ഇടനിലക്കാർ വളർന്നു വന്നിട്ടുണ്ട് എന്നത്

വസ്തുതയാണ്. വരുമാനത്തിലുള്ള ഈ അന്തരം ഒരു വിഭാഗം നിത്യദാരിദ്ര്യത്തിലും മറ്റൊരുവിഭാഗം വളരെ ചെറുതെങ്കിലും സുഭിക്ഷതയിലും ആർഭാടത്തിലും കഴിയുന്നത് നമ്മുടെ വികസന സങ്കല്പം മാറ്റേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നു. പട്ടികജാതി മത്സ്യതൊഴിലാളികൾക്ക് ആവശ്യമായ എല്ലാ പരിശീലനവും നൽകിക്കൊണ്ട് അവർക്കു വേണ്ടി ഒരു മത്സ്യ സംസ്കാരിക വിപണന കയറ്റുമതി സംരംഭം ആരംഭിക്കണം. മറ്റിടനിലക്കാരെ ആശ്രയിക്കാതെ തന്നെ സ്വതന്ത്രമായി ഈ സംരംഭത്തിനു പ്രവർത്തിക്കാൻ കഴിയണം. വിദേശ/സ്വദേശ വിപണികളിൽ മത്സ്യവും മത്സ്യ ഉൽപ്പന്നങ്ങളും നേരിട്ടെത്തിച്ച് വിപണനം നടത്താൻ വേണ്ട സാഹചര്യം ഉണ്ടാക്കണം. അതിനൊന്നും അവർക്ക് കഴിവില്ലയെന്നു ധാരണയുണ്ടെങ്കിൽ അത് പാടേ മാറ്റണം.

കാർഷിക മേഖലയിൽ കൂലിപ്പണിയെടുക്കുന്ന പട്ടികജാതിക്കാരുടെ ക്ഷേമവും വികസനവും ലക്ഷ്യമാക്കി ആരോഗ്യസംരക്ഷികങ്ങളായ മുൻകരുതലുകളും ബോധവൽക്കരണവും ലഭ്യമാക്കാൻ ഉപയുക്തങ്ങളായ പണി ആയുധസാമഗ്രികൾ ലഭ്യമാക്കുകയും നിർമ്മാണ മേഖലകളിൽ പണി എടുക്കുന്നവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയും അവരുടെ ജോലി ഉറപ്പാക്കുന്നതിനും മറ്റുമായി പഞ്ചായത്തിൽ ഗൃഹനിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്ന ഒരു കേന്ദ്രം ആരംഭിക്കുകയും വേണം. അങ്ങനെ വ്യവസായികമായ പുരോഗതി ഉണ്ടാക്കുന്നതിനനുകൂലമായ വികസന സമീപനം ഉണ്ടാകണം.

കഠിനംകുളം കായൽ പഞ്ചായത്തിന്റെ ഒരനുഗ്രഹമാണ്. ടൂറിസം വികസനത്തിന് അനന്തസാദ്ധ്യതകളുള്ള ഇവിടെ ടൂറിസവുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകൾ ആരംഭിക്കാൻ സൗകര്യം ഉണ്ടാക്കണം. വിവിധ സ്ഥലങ്ങളിൽ നിന്നെത്തുന്ന ടൂറിസ്റ്റുകളെക്കൊണ്ടുവരുന്നതിന് കണിയാപുരം, കഴക്കൂട്ടം തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്നും ടൂറിസ്റ്റു വാഹനങ്ങൾ ലഭ്യമാക്കിയും, കായലിൽ ഉല്ലാസയാത്രക്ക് ബോട്ടുകളും സ്പീഡ് ബോട്ടുകളും, ലഭ്യമാക്കുകയും അതിനോടനുബന്ധിച്ച് കൂൾബാർ തുടങ്ങിയവയും മറ്റും സ്ഥാപിച്ചാൽ ഏകദേശം 100 കുടുംബങ്ങളെയെങ്കിലും ആവഴിക്ക് രക്ഷപ്പെടുത്താൻ കഴിയും

പട്ടികജാതി സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നതെന്നവകാശപ്പെടുന്ന സ്ഥാപനങ്ങൾ ഒന്നുകിൽ പ്രവർത്തനം മുൻപ് സൂചിപ്പിച്ച ലക്ഷ്യം നേടുന്നതിന് സഹായകമായവിധം പ്രവർത്തന സജ്ജമാക്കുകയോ പിരിച്ചുവിട്ട് പുതിയ സാഹചര്യത്തിന് അനുസൃതമായി പ്രവർത്തിക്കാൻ കഴിയുന്ന മറ്റ് സംഘങ്ങൾക്ക് വഴിയൊരുക്കുകയോ ചെയ്യണം.

നിത്യോപയോഗ സാധനങ്ങൾ പൊതിച്ചും അല്ലാതെയും വില്പന നടത്താൻ സഹകരണ സംരംഭങ്ങൾ സ്ഥാപിക്കണം. ഇങ്ങനെ എല്ലാത് പ്രതിപാദിയും ഉയർന്ന പ്രതിമാസവരുമാനം നേടിത്തരാൻ ഉതകുന്നതു മാത്രമായിരിക്കണം.

## വിദ്യാഭ്യാസം - ക്ഷേമം - സാംസ്ക്കാരികം

പട്ടികജാതി കുഞ്ഞുങ്ങൾ വളരെയേറെയുള്ള സ്ഥലങ്ങളിൽ ഡേകെയർസെന്റർ, ബാലവാടി അംഗൻവാടി നഴ്സറിസ്കൂൾ എന്നിവ തുടങ്ങണം. പട്ടികജാതി വിദ്യാർഥികൾക്കു വീട്ടിൽ പഠനത്തിനനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാക്കുന്നതിന് ഡിക്ഷനറികൾ, മറ്റ് പഠനോപകരണങ്ങൾ, മേശ, കസേര തുടങ്ങിയവ ലഭ്യമാക്കണം. ഇതിന് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണന നല്കാവുന്നതാണ്. തൊഴിലിലൂടെ ഉയർന്ന വരുമാനമുണ്ടായാൽ മാത്രമേ കുട്ടികളുടെ വിദ്യാഭാസത്തിൽ മാതാപിതാക്കൾക്ക് താല്പര്യം ഉണ്ടാകുകയുള്ളൂ. നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന ഈ വിഭാഗത്തിലെ മാതാപിതാക്കൾക്ക് അവരുടെ ഉത്തരവാദിത്വബോധം കൂട്ടുന്നതിലേക്ക് കഷ്ടപ്പാടിനിടയിലും കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും മറ്റും ബോധ്യപ്പെടുത്തുന്നതിന് ബോധവൽക്കരണം നടത്തണം.

ഇടയ്ക്കുവച്ച് പഠനംനിർത്തുന്ന കുട്ടികൾ ഈ വിഭാഗത്തിലുണ്ട്. ഇവരെയും ഇവരുടെ മാതാപിതാക്കളേയും ബോധവൽക്കരിച്ച് ഈ പ്രശ്നം പരിഹരിക്കണം. പഠനം തുടരാൻ ആവശ്യമായ എഡ്യുക്കേഷണൽ ഗൈഡൻസ് നൽകാൻ സംവിധാനം ഉണ്ടാകണം. പഠനത്തിൽ ഉണ്ടാവുന്ന മറ്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സംവിധാനം പ്രയോജനപ്പെടും.

സങ്കേതങ്ങളിൽ പട്ടികജാതി വിദ്യാർഥികൾക്ക് ട്യൂഷൻ നല്കാനും സംവിധാനം ഉണ്ടാകണം. പഠനത്തിൽ ഉണ്ടാകാവുന്ന മറ്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സംവിധാനം പ്രയോജനപ്പെടും. സങ്കേതങ്ങളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻ നല്കാനും സംവിധാനം ഉണ്ടാകണം.

- പഠനം നിർത്തിയ യുവാക്കൾ/വൃദ്ധർ എന്നിവർക്ക് യോജിച്ചതും പ്രയോഗികാവശ്യത്തിലൂന്നിയതുമായ തുടർവിദ്യാഭ്യാസം നൽകാൻ ശ്രമമുണ്ടാകണം.

- ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ അംഗങ്ങൾക്ക് മുഴുവൻ പ്രയോജനപ്പെടുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് സംവിധാനം നിലവിൽ വരുത്തണം.

60 വയസ് കഴിഞ്ഞ് നിർദ്ധനരായ എല്ലാവർക്കും വാർദ്ധക്യകാലപെൻഷനും വിധവകൾക്കും തീരാവ്യാധികൾ പിടിപ്പെട്ടവർക്കും ധനസഹായവും നൽകണം. പട്ടികജാതികുടുംബക്കാർക്ക് ഇനിയും റേഷൻകാർഡ് കിട്ടാനുണ്ട്. പട്ടയം നല്കേണ്ടതായ 100 ഓളം കുടുംബങ്ങൾ നിലവിലുണ്ട്.

- പട്ടികജാതിക്കാരുടെ ഇടയിലുള്ള നാടൻകമാത്രകൾ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വർഷത്തിലൊരിക്കലെങ്കിലും മേളകൾ സംഘടിപ്പിക്കുകയും അവരുടെ ഇടയിൽ കലാസാഹിത്യ സാംസ്കാരികമേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് പ്രോൽസാഹനം നല്കുകയും വേണം. ഇതിനെല്ലാം ഉതകുന്ന വിധത്തിൽ ഒരു ലൈബ്രറിയും റീഡിംഗ് റൂമും പുതുവൽ ചിറക്കൽ തുടങ്ങിയ സങ്കേതങ്ങളിൽ തുടങ്ങേണ്ടതുണ്ട്. മാത്രമല്ല കല്പനാ ഹരിജൻ സങ്കേതത്തിൽ ഒരു കമ്മ്യൂണിറ്റിഹാളും വേണ്ടതാണ്.

ഗതാഗതം.

പട്ടികജാതി സങ്കേതങ്ങളിൽ ഗതാഗതസൗകര്യം വർദ്ധിപ്പിക്കണം. വിവിധ കോളനികളിലായി 5 കി.മീ. റോഡ് മെറ്റലിട്ട് ടാർ ചെയ്യണം. 8 കി.മീ. റോഡ് സഞ്ചാരയോഗ്യമാക്കാനും ഉണ്ട്.

വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഒരു പരിധി വരെ മേൽ വിവരിച്ച നിർദ്ദേശങ്ങൾക്ക് കഴിയാം. സമഗ്രവികസന സങ്കല്പം എന്ന ആശയം സാർത്ഥകമാക്കാൻ ഇവയുടെ പരിഹാരം കൂടിയേ കഴിയൂ.



# വനിത

ഒരു രാജ്യത്തിന്റെ സമഗ്രവികസനത്തിൽ സ്ത്രീ ശക്തിയുടെ സംഭാവന വളരെ വലുതാണ്. ഈ സത്യം ഉൾക്കൊണ്ട്കൊണ്ടുതന്നെയാണ് നമ്മുടെ ഭരണഘടനയിൽ സ്ത്രീ പുരുഷസമത്വം ഉറപ്പു വരുത്തിയിരിക്കുന്നത്. എന്നിരുന്നാലും വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, സാക്ഷരത, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിലെല്ലാം സ്ത്രീകൾ വളരെ പുറകോട്ടുപോയിരിക്കുന്നു. സാമൂഹ്യപ്രതിബദ്ധത പുലർത്തുന്നതിനോ സാമൂഹ്യരാഷ്ട്രീയ രംഗത്തെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്നതിനോ സ്ത്രീകൾ പൊതുവേ വിമുഖതകാട്ടുന്നു. ഇത്തരം സാഹചര്യം മാറുന്നതിനും സ്ത്രീകൾക്ക് സമൂഹത്തിലുള്ള സ്ഥാനം ഉയർത്തികൊണ്ടുവരുന്നതിനും വനിത ക്ഷേമപ്രവർത്തനങ്ങൾ ഊർജിതമായി ആരംഭിക്കേണ്ടതാണ്.

കഠിനംകുളം പഞ്ചായത്തിലെ ആകെ ജനസംഖ്യ 40406 ആണ്. ഇതിൽ സ്ത്രീകളുടെ എണ്ണം 20655 ആണ്. അതായതു പുരുഷന്മാരെക്കാൾ 1000ത്തോളം സ്ത്രീകൾ കൂടുതലാണ്. അതുകൊണ്ട് തന്നെ ദരിദ്രകുടുംബങ്ങളിൽ കുടുംബത്തിനാവശ്യമായ വരുമാനം സമ്പാദിക്കുന്നതിൽ സ്ത്രീകൾ തന്നെയാണ് മുന്നിൽ എന്നുള്ളസത്യം നാം ഉൾക്കൊള്ളേണ്ടതാണ്.

## വിദ്യാഭ്യാസരംഗം

പഞ്ചായത്തിലെ ആകെ സാക്ഷരരിൽ 14340 പുരഷന്മാരും 13964 സ്ത്രീകളുമാണ്. ആകെ പുരുഷന്മാരിൽ 85% സാക്ഷരരാണ്. പക്ഷേ സ്ത്രീകളിൽ 70% മാത്രമാണ് സാക്ഷരതകൈവരിച്ചിരിക്കുന്നുത്. ഇതിൽനിന്നും വിദ്യാഭ്യാസരംഗങ്ങളിൽ സ്ത്രീകൾ പുറകിലാണ് എന്നുതെളിയുന്നു. പഠനസൗകര്യങ്ങൾ ഉള്ള കുടുംബത്തിലെ പെൺകുട്ടികൾ വിദ്യാഭ്യാസ രംഗത്തു മുന്നിൽ വരുന്നുണ്ടെങ്കിലും സാങ്കേതിക വിജ്ഞാന രംഗങ്ങളിൽ ഇവർ ഇനിയും മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. പലദരിദ്രകുടുംബങ്ങളിലും കുട്ടികളുടെ വിദ്യാഭ്യാസം സ്കൂൾതലത്തിൽപോലും എത്തുന്നില്ല എന്നാണ് മനസ്സിലാക്കുന്നത്. ഈ

ദുരവസ്ഥ പരിഹരിക്കുന്നതിനു നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

## തൊഴിൽരംഗം

### കാർഷികമേഖല

ഉൽപാദനമേഖലയിൽ നിന്നും കൃഷി അപ്രത്യക്ഷമായികൊണ്ടിരിക്കുന്ന സാഹചര്യമാണല്ലോ ഇന്നു നാം കാണുന്നത്. കഴിഞ്ഞകാലങ്ങളിൽ കാർഷികമേഖലയിൽ കൂടുതലും സ്ത്രീകളാണ് പണിയെടുത്തിരുന്നത്. അതുകൊണ്ടുതന്നെ കാർഷികമേഖലയിലെ മാന്ദ്യത്തിൽ തൊഴിൽ രഹിതരായവരിൽ കൂടുതലും സ്ത്രീകളാണ്. പഞ്ചായത്തു തലത്തിൽ പച്ചക്കറികൃഷി, കോഴിവളർത്തൽ, കന്നുകാലിവളർത്തൽ, മത്സ്യകൃഷി, തുടങ്ങിയവ സംഘടിതമായി ആരംഭിക്കുകയും സ്ത്രീതൊഴിലാളികളുടെ അധ്വാനശേഷി പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യാവുന്നതാണ്. ഗാർഹിക ആവശ്യങ്ങൾക്കായി അടുക്കളതോട്ടനിർമ്മാണം പ്രചരിപ്പിക്കുന്നതിനും അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ വിതരണം ചെയ്യുന്നതിനും പഞ്ചായത്തു തലത്തിൽ സന്നദ്ധസംഘടനകൾ രൂപീകരിക്കേണ്ടതാണ്. കൂടാതെ ഇത്തരം പദ്ധതികളുടെ വിജയകരമായ നിർവഹണത്തിന് ബോധവൽക്കരണ പ്രവർത്തനങ്ങളും നടക്കേണ്ടതാണ്.

### കയർമേഖല

പഞ്ചായത്തിലെ പ്രധാനവ്യവസായങ്ങളിലൊന്നാണ് കയർ. ഈ മേഖലയിലെ തൊഴിലാളികളിൽ 90% വും സ്ത്രീകളാണ്. പക്ഷെ ഈ രംഗത്തെ വേതനനിരക്ക് പുനഃപരിശോധിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കൂടുതൽ തൊഴിൽ സമയവും കുറഞ്ഞ വേതനനിരക്കുമാണ് നിലവിലുള്ളത്. ആരോഗ്യകരമല്ലാത്ത സാഹചര്യങ്ങളും തൊഴിലാളികളുടെ സാമൂഹ്യജീവിതത്തെ സാരമായി ബാധിക്കുന്നുണ്ട്. ശ്വാസകോശസംബന്ധമായ അസുഖങ്ങളും തുടർച്ചയായി ഇരുന്ന് തൊണ്ടുതല്ലുന്നതു വഴിയുണ്ടാകാവുന്ന ഗർഭാശയ സംബന്ധിയായ രോഗങ്ങളും കയർമേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകളിൽ സാധാരണമാണ്. തൊഴിലെടുക്കുന്ന സ്ത്രീകളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കാനുള്ള സംവിധാനങ്ങളും വളരെ കുറവാണ്. ഈ വ്യവസായം കൂടുതലായി നടക്കുന്ന മേഖലകളിൽ ബാലവാടികൾ നിർമ്മിച്ച് കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനും ഇവ സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിനാവശ്യമായ സേവനങ്ങൾ നൽകുന്ന താത്കാലിക ആരോഗ്യകേന്ദ്രങ്ങളുമായും ഉപയോഗിക്കാവുന്നതാണ്.

കുട്ടികളെ കൊണ്ട് തൊഴിൽ ചെയ്യിക്കുന്നതിനെതിരെ വ്യക്തമായി നിയമങ്ങളു ണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ കയർ മേഖലയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളാണ് കൂടുതലും പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നത്. ഈ ദുഃഖസത്യം ഓർത്തുകൊണ്ട് ഇവരെ വിദ്യാഭ്യാസ മേഖലകളിലേക്ക് തിരിച്ചുവിട്ട് സാക്ഷരരാക്കി ജീവിത നിലവാരം വർദ്ധിപ്പിക്കുവാനുള്ള സാമൂഹ്യകടമ നാം നിറവേറ്റതുണ്ട്. കയർ തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതികളിൽ അർഹരായ എല്ലാ പേരെയും അംഗങ്ങളായി ചേർക്കുവാനും പ്രയോജനം ലഭ്യമാക്കുവാനും ആത്മാർത്ഥ ശ്രമം ആവശ്യമാണ്. എന്നാൽ കൂടുതലും സ്വകാര്യമേഖലയിലായ തിനാൽ ഫലപ്രദമായി തൊഴിലാളി സംരക്ഷണനിയമങ്ങൾ നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയാണ്.

### മത്സ്യമേഖല

പഞ്ചായത്തിൽ മത്സ്യവിപണന രംഗത്ത് സ്ത്രീകൾ മുഖ്യപങ്കാണ് വഹിക്കുന്നത്. മത്സ്യ ചുമടേന്തി ദീർഘദൂരം നടന്ന് ചന്തകളിൽ എത്തി വിൽപന നടത്തുന്ന സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾ വിവരിക്കേണ്ടതില്ല. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് കച്ചവടത്തിനായി യാത്ര ചെയ്യുന്നതിന് പ്രത്യേകം ഗതാഗതസൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്. മാത്രമല്ല മാർക്കറ്റുകളിൽ മത്സ്യകച്ചവടം നടത്തുന്നതിന് പ്രത്യേകം ഷെഡുകളും നിർമ്മിക്കേണ്ടതുമാണ്. ചന്തയിൽ മത്സ്യം കൊണ്ടുവന്നു വിൽക്കുന്ന സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ നാൾക്കുനാൾ

ഏറിവരികയാണ് ഇതു തടയുന്നതിനുള്ള നിയമനടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ്.

### ഇതരമേഖലകൾ

പഞ്ചായത്തിൽ പാറപ്പണി, കെട്ടിടനിർമ്മാണം, തയ്യൽ തുടങ്ങിയവയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളും ധാരാളമുണ്ട്. അനേകം പെൺകുട്ടികൾ തയ്യൽ പഠിച്ച് സ്വന്തമായി തൊഴിൽ യൂണിറ്റ് തുടങ്ങാനുള്ള സാമ്പത്തിക സഹായം കിട്ടാതെ ബുദ്ധിമുട്ടുന്നുണ്ട്. ഇവർക്ക് സ്വാശ്രയത്വം കൈവരിക്കുന്നതിന് സഹായകരമായ രീതിയിൽ പല പദ്ധതികളും പ്രയോജനപ്പെടുത്താവുന്നവയായുണ്ട്. ആർ.എം.കെ.എ, വനിതാവികസനകോർപ്പറേഷൻ, ഖാദിബോർഡ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് സഹകരണത്തോടി സ്ഥാനത്തിൽ വനിതകൾക്ക് തൊഴിൽ യൂണിറ്റുകൾ തുടങ്ങാനും കഴിയും. പട്ടികജാതി/വർഗ്ഗത്തിൽ ഉൾപ്പെടുന്ന വനിതകൾക്കായുള്ള പ്രത്യേകക്ഷേമ പദ്ധതികളും ഉപയോഗപ്പെടുത്താവുന്നതാണ്.

**Chart 1**

| വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന വനിതാ തൊഴിലാളികൾ | |
|---|---|
| കയർ മേഖല | 4894 |
| മത്സ്യ മേഖല | 3649 |
| കാർഷിക മേഖല | 1345 |
| പാറപ്പണി | 374 |
| കെട്ടിടനിർമ്മാണം | 617 |
| സർക്കാർ അർദ്ധസർക്കാർ സ്വകാര്യ സ്ഥാപനങ്ങൾ | 452 |
| മറ്റുള്ളവ | 903 |

### സാംസ്കാരം

കേരളത്തിലെ സാംസ്കാരികമേഖലയിൽ സ്ത്രീകൾക്ക് മാതൃതുല്യമായ സ്ഥാനമാണ് നൽകിയിട്ടുള്ളത്. പക്ഷേ കാലംകഴിയും തോറും സ്ത്രീപീഡനം ഒരു ഫാഷനായി മാറുന്നതായി കാണുന്നു. മാദ്ധ്യമങ്ങളിൽ സ്ത്രീപീഡനം ഒരു സാധാരണസംഭവമായി മാറുന്നു. സാഹിത്യരംഗത്തു പോലും പെണ്ണെഴുത്ത് എന്ന വേർതിരിവ് ഉണ്ടായിരിക്കുന്നു. സ്ത്രീസൗന്ദര്യം കച്ചവടച്ചരക്കായി മാറ്റാനുള്ള പ്രവണതകൾ സിനിമാ ടി.വി. തുടങ്ങിയ പ്രചരണമാദ്ധ്യമത്തിലും ശക്തമായിരിക്കുന്നു. പഞ്ചായത്തുമേഖലയിലും അശ്ലീലചിത്രങ്ങളോടുകൂടിയ സിനിമാപോസ്റ്ററുകൾ വ്യാപകമായി പതിച്ചുകാണുന്നു. ഇതിനെതിരെ ശക്തമായ പ്രതിഷേധം പ്രകടിപ്പിക്കുന്നതിന് പഞ്ചായത്തു തലത്തിൽ സംഘടിതശ്രമം ആവശ്യമാണ്.

### പൊതുരംഗം

സമൂഹത്തിന്റെ വികസനത്തിനായുള്ള മുഖ്യപ്രവർത്തനങ്ങളിൽ വനിതകളെ പങ്കെടുപ്പിക്കുക എന്നുള്ളത് പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. സാമൂഹ്യപ്രതിബദ്ധത വനിതകളിൽ വളർത്തുന്നതിനും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ അവരെ പങ്കെടുപ്പിക്കുന്നതിനും മഹിളാസമാജങ്ങൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയും. സ്ത്രീകൾക്കായുള്ള ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മഹിളാസമാജങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ഒരു പ്രദേശത്തും അംഗൻവാടികൾ പ്രവർത്തിക്കുന്നില്ല. മാതൃശിശുസംരക്ഷണമേഖലയിൽ കാര്യമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ കഴിയുന്നതാണ് ഇത്തരം കേന്ദ്രങ്ങൾ. ആ രംഗത്തും ശ്രദ്ധപതിയേണ്ടതുണ്ട്.

## Chart 2

### വിവിധ ക്ഷേമ പെൻഷൻ പദ്ധതികളിലെ വനിതാ ഗുണഭോക്താക്കളുടെ വിവരം

| | |
|---|---|
| വിധവാ പെൻഷൻ | 35 |
| വാർദ്ധക്യ പെൻഷൻ | 21 |
| അഗതി പെൻഷൻ | 12 |
| മറ്റുള്ളവ | 30 |

സമഗ്രവനിതാവികസനത്തിനായി പഞ്ചായത്തു തലത്തിൽ ഇനി പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. വനിതകളുടെ സർവതോന്മുഖമായ ക്ഷേമ പ്രവർത്തനങ്ങൾക്ക് സഹായകമായ രീതിയിൽ നിലവിലുള്ള മഹിളാസമാജങ്ങൾ വാർഡു തലത്തിൽ പുനഃസംഘടിപ്പിക്കുകയും സമാജങ്ങൾ ഇല്ലാത്ത വാർഡുകളിൽ പുതിയമഹിളാ സമാജങ്ങൾ രൂപീകരിക്കുകയും വേണം. വാർഡുതലമഹിളാസമാജങ്ങളുടെ പ്രാതിനിധ്യ സ്വഭാവമുള്ള പഞ്ചായത്തുതല സംഘടനയ്ക്കും രൂപം ഉണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തണം.

2. വനിതകൾക്ക് തൊഴിൽസംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനു പരിശീലനകേന്ദ്രങ്ങളും ഉൽപ്പാദനയൂണിറ്റുകളും സ്ഥാപിക്കുകയും ഉൽപ്പന്നങ്ങൾ വികസിക്കുന്നതിനുള്ള മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുകയും ചെയ്യുക.

3. വീട്ടമ്മമാർക്ക് ആട്, കോഴി, താറാവ് എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ച് പ്രവർത്തിക്കുക.

4. ഗ്രാമീണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിന് വനിതാപ്രാതിനിധ്യം ഉറപ്പുവരുത്തുക.

5. ഏർപ്പെട്ടിരിക്കുന്ന തൊഴിലുമായി ബന്ധപ്പെട്ട് വനിതാസഹകരണസംഘങ്ങൾ രൂപീകരിക്കുക. പട്ടികജാതി വനിതാസഹകരണസംഘങ്ങൾക്ക് പ്രാമുഖ്യം നല്കുക.

6. നിത്യോപയോഗസാധനങ്ങളുടെ വിതരണത്തിനു മാവേലിസ്റ്റോറുകൾ ആരംഭിക്കുകയും പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുകയും ചെയ്യുക.

7. അടുക്കളതോട്ടങ്ങളുടെ നിർമ്മാണം പ്രചരിപ്പിക്കുകയും ആവശ്യത്തിലധികം വരുന്ന പച്ചക്കറികൾ വിറ്റഴിക്കുന്നതിനുള്ള പച്ചക്കറി സ്റ്റാളുകൾ തുടങ്ങുക.

8. വസ്ത്രനിർമ്മാണമേഖലയിൽ വനിതകൾക്കുള്ള തയ്യൽ കേന്ദ്രങ്ങൾ ആരംഭിക്കുക.

9. സ്ത്രീകൾ അത്യാവശ്യം അറിഞ്ഞിരിക്കേണ്ട ഉപഭോക്തൃനിയമങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

10. സ്ത്രീപീഡനങ്ങൾക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുകയും നിയമസഹായങ്ങൾ സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങളും ഏർപ്പെടുത്തുക.

11. പണിയെടുക്കുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിനു പ്രധാന തൊഴിൽ മേഖലകളിൽ ഡേ കെയർ സെന്ററുകൾ സ്ഥാപിക്കുക.

12. ജനസംഖ്യാനിരക്കിനു ആനുപാതികമായി എല്ലാ വാർഡുകളിലും അംഗൻവാടികൾ സ്ഥാപിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.

13. ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ ജീവനക്കാരെ നിയമിക്കുകയും ആരോഗ്യപ്രവർത്തകരുടെ ഭവനസന്ദർശനം ചിട്ടപ്പെടുത്തുകയും ചെയ്യുക.

14. പുത്തൻതോപ്പ് പ്രൈമറിഹെൽത്ത്സെന്ററിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ പ്രസവവാർഡ് സ്ഥാപിക്കുക.

15. കുടുംബക്ഷേമപ്രവർത്തനങ്ങൾക്ക് സഹായകമായ രീതിയിൽ പ്രൈമറിഹെൽത്ത് സെന്ററിന്റെ കീഴിൽ സബ്സെന്ററുകൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക.

16. പെൺകുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക സ്പോർട്സ് സൗകര്യങ്ങൾ ലഭ്യമാകുന്ന കളിക്കളം പഞ്ചായത്തുതലത്തിൽ സ്ഥാപിക്കുക.

17. മേനംകുളത്തുള്ള നിർദ്ദിഷ്ട അപ്പാരൽപാർക്കിൽ ഈ പഞ്ചായത്തുപ്രദേശത്തുള്ളതും തയ്യൽ പരിശീലനം ലഭിച്ചിട്ടുള്ളതുമായ വനിതകൾക്ക് തൊഴിൽ അവസരങ്ങൾ ഉറപ്പുവരുത്തുക.

18. കച്ചവടസ്ഥാപനങ്ങളിൽ വില്പനയ്ക്കായി വച്ചിട്ടുള്ള സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും വിലനിലവാരം പരിശോധിക്കുന്നതിനും കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തുക.

19. നിരാലംബരായ സ്ത്രീകളെ സംരക്ഷിക്കുന്നതിന് ഒരു അഗതിമന്ദിരം പഞ്ചായത്തുതലത്തിൽ സ്ഥാപിക്കുക.

20. മഹിളാസമാജങ്ങളുടെ മേൽനോട്ടത്തിൽ സാക്ഷരത തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുകയും ഇതിന് പരമാവധി സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.

21. വിധവാപെൻഷൻ, അഗതിപെൻഷൻ തുടങ്ങിയ ക്ഷേമപദ്ധതികളിൽ അർഹരായ എല്ലാ സ്ത്രീകളെയും ഉൾപ്പെടുത്തുക.

22. ദരിദ്രകുടുംബങ്ങളിലെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായങ്ങൾ നൽകുക.



## സംസ്കാരം കായികം

കലാ കായിക രംഗത്തെ സംബന്ധിച്ചിടത്തോളം വളരെ സമ്പന്നമായ ഒരു പാരമ്പര്യത്തിന്റെ നേരവകാശികളാണ് നമ്മൾ. ദേശീയ പ്രസ്ഥാനം നമ്മുടെ ഗ്രാമങ്ങളിൽ കെട്ടഴിച്ചുവിട്ട സാംസ്കാരികമുന്നേറ്റത്തിന്റെ ഭൂമികയിൽ പിറന്നുവീണ പഞ്ചായത്തിലെ മൂന്ന് ഗ്രന്ഥാലയങ്ങൾ, അവയുടെ അമ്പതാം പിറന്നാളാഘോഷിക്കുന്ന വർഷത്തിൽ തന്നെ നമ്മുടെ സാംസ്കാരികപ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു ആത്മപരിശോധന നടത്താൻ ഇത്തരമൊരു അവസരം ലഭിച്ചുവെന്നത് ഒരു പക്ഷേ ചരിത്രത്തിന്റെ യാദൃശ്ചികതയാവാം. ചിറ്റാറ്റുമുക്കിലെ വൈ.എം.എച്.എ, മേനംകുളത്തെ ദേശസേവിനി, പുത്തൻതോപ്പിലെ ജയ്ഹിന്ദ് എന്നീ ലൈബ്രറികൾ കഴിഞ്ഞ അരനൂറ്റാണ്ടുകാലം നമ്മുടെ സാംസ്കാരിക ജീവിതത്തിന് നൽകിയ സംഭാവനകൾ എത്രചെറുതെങ്കിലും അത് വിലമതിക്കാനാകാത്തതാണ്. ശ്രീ. കണിയാപുരം രാമചന്ദ്രനെപ്പോലുള്ള ചുരുക്കം ചില എഴുത്തുകാരും ശ്രീ. ബെവിൻ ചാക്കോയെപ്പോലുള്ള ചുരുക്കം ചില കായികപ്രതിഭകളും സംസ്ഥാന നിലവാരത്തിലെങ്കിലും അറിയപ്പെടുന്നവരായി നമ്മുടെ സാംസ്കാരിക മണ്ഡലത്തിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്. ഉപജീവനാർത്ഥം മലേഷ്യയിൽ കുടിയേറി പാർക്കുമ്പോഴും, മലേഷ്യൻ മണ്ണിൽനിന്ന് മലയാള മാസിക പുറത്തിറക്കിക്കൊണ്ട് മലയാളിയുടെ ദേശീയബോധം കത്തിജ്വലിപ്പിച്ച പുത്തൻതോപ്പുകാരൻ ശ്രീ. ജോർജ് നെറ്റോയുടെ പിന്മുറക്കാർ ഗൾഫ്നാടുകളിലെ മലയാളികളുടെ സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവ സാന്നദ്ധ്യമായി നിറഞ്ഞുനില്ക്കുന്നു. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ മാരകമായ കടന്നാക്രമണത്തിൽപ്പെട്ട മലയാളിയുടെ വായനാശീലം മരിച്ചുപോവുകയും, സമൂഹമൊന്നാകെ പണാധിപത്യത്തിന് കീഴ്പ്പെട്ട മൂല്യബോധം നഷ്ടമാവുകയും ചെയ്യുന്ന ഒരു കെട്ട കാലത്ത് ജീവിക്കേണ്ടിവന്ന നമ്മുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഒരു പുതിയ ദിശാ

ബോധം നേടിയെടുത്ത് കരുത്താർജ്ജിക്കേണ്ടിയിരിക്കുന്നു.

നേരത്തെ സൂചിപ്പിച്ച മൂന്ന് ഗ്രന്ഥശാലകൾക്കു പുറമേ, സ്വന്തം കെട്ടിടങ്ങളിൽ ഗ്രന്ഥശാലകളായി പ്രവർത്തിച്ചുവരുന്നതോ ആ നിലയിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്നതോ ആയ സംഘടനകൾ ചുവടെ ചേർക്കുന്നു.

കഠിനംകുളം പി.വൈ.എഫ്,
ചാന്നാങ്കര വിജയ,
ചേരമാൻ തുരുത്ത് പ്രോഗ്രസ്സീവ്,
പുതുക്കുറിച്ചി ഗാന്ധി മെമ്മോറിയൽ
വെട്ടുകാട് ജയഭാരത്,
മര്യനാട് ബി.പി.എം,
ശാന്തിപുരം സെന്റ്ജോസഫ്,
വെട്ടുതുറ പ്രകാശ്

ലൈബ്രറി പ്രവർത്തനം ചുവടെ ചേർക്കും പ്രകാരം പുനഃസംഘടിപ്പിക്കണം.

1. ജനങ്ങളിൽ വായനാശീലം വളർത്തിയെടുക്കുകയും കൂടുതൽ പുസ്തകങ്ങൾ കൂടുതൽ വായനക്കാർക്ക് പരിചയപ്പെടുത്തുകയുമാണ് ലൈബ്രറിയുടെ പ്രാഥമികമായ കർത്തവ്യമെന്ന ബോധം ഉൾക്കൊണ്ടുകൊണ്ട്, ലൈബ്രറികളുടെ പുസ്തകശേഖരം എണ്ണത്തിലും ഗുണത്തിലും വർദ്ധിപ്പിക്കാനും പുസ്തകങ്ങൾ കേടുകൂടാതെ സംരക്ഷിക്കുവാനുള്ള അടിസ്ഥാനതലപ്രവർത്തനങ്ങൾ ഗ്രന്ഥശാലകൾ ഏറ്റെടുക്കേണ്ടതുണ്ട്. പുസ്തകങ്ങൾക്ക് വൻതോതിൽ വില വർദ്ധിച്ചിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ കേവലം സർക്കാർ ധനസഹായത്തെ ആശ്രയിച്ചു മാത്രം ഗ്രന്ഥശാലകൾക്ക് ഇത് നടപ്പിലാക്കാൻ കഴിയില്ല. എല്ലാ അർത്ഥത്തിലും ജനങ്ങളുടെ പൂർണ്ണമായ സഹായം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തണം.
2. ആവശ്യക്കാർക്ക് വീടുകൾതോറും പുസ്തകമെത്തിക്കാനുള്ള ഒരു സംവിധാനം എല്ലാ ലൈബ്രറികളിലുമുണ്ടാകണം.
3. സ്പോർട്സിനെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ ചെറിയ പ്രായത്തിലെ പിടികൂടുക എന്നു പറയാറുണ്ടല്ലോ അതുപോലെ കുട്ടികളിൽ ശരിയായ ദിശയിലുള്ള വായനാശീലം വളർത്തിയെടുക്കാനുള്ള ബോധപൂർവ്വമായ പരിശ്രമം ചെറിയ പ്രായത്തിൽ തന്നെ ഉണ്ടാകണം. കുട്ടികളുടെ ലൈബ്രറി പോലുള്ള പദ്ധതികൾ ഇതിന് സഹായകമാകും. മേനംകുളം ദേശസേവിനി ഈ ദിശയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.
4. ഗ്രന്ഥശാലകളോടനുബന്ധിച്ചുള്ള റീഡിങ് റൂമുകൾ നാനാവിധത്തിലുള്ള പ്രസിദ്ധീകരണങ്ങളാൽ സമ്പന്നമാകണം. പത്രമാസികകളുടെ ഭീമമായ വിലവർദ്ധനവ് കാരണം സ്ഥിരമായി പത്രം വീടുകളിൽ വരുത്തി വായിച്ചു കൊണ്ടിരുന്ന ഒരു വിഭാഗം ആ പതിവ് അവസാനിപ്പിച്ചിരിക്കുകയാണ്. അത്തരക്കാർക്ക് ഒരു അത്താണിയായി ഈ റീഡിങ്റൂമുകൾ മാറണം.
5. സമകാലീന പ്രാധാന്യമുള്ള വിഷയങ്ങളെ സംബന്ധിച്ച് ചർച്ചകളും സെമിനാറുകളും നടത്താനുള്ള വേദിയായി കൂടി ഗ്രന്ഥശാലകൾ മാറണം.
6. പഞ്ചായത്തിൽ നിന്ന് ഗ്രന്ഥശാലകൾക്കുള്ള ധനസഹായം ഗണ്യമായി വർദ്ധിപ്പിക്കണം. വിനോദനികുതിയിൽ പഞ്ചായത്തിന് ലഭിക്കുന്ന തുകയുടെ ഒരു നിശ്ചിതവിഹിതം കായികകലാ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്ന വ്യവസ്ഥയുണ്ടാകണം.
7. പഞ്ചായത്ത് തലത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾക്ക്

വർഷംതോറും പഞ്ചായത്തിൽ നിന്ന് അവാർഡ് ഏർപ്പെടുത്തണം.

8. ഗ്രന്ഥശാലകൾക്ക് കെട്ടിടം പണിയുന്നതിന് പഞ്ചായത്തിൽ നിന്ന് ധനസഹായം ചെയ്യണം.

9. സർവ്വോപരി നാടിന്റെ വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും ഈ രംഗത്ത് കക്ഷിരാഷ്ട്രീയത്തിനതീതമായി യുവജനങ്ങളെ അണിനിരത്താനും കഴിയുന്ന ഒരു പ്രസ്ഥാനമായി ഗ്രന്ഥശാലകൾ മാറണം.

ലൈബ്രറികൾ മാറ്റിനിർത്തിയാൽ പഞ്ചായത്തിലുടനീളമുള്ള കലാകായിക സമിതികളാണ് നമ്മുടെ സാസ്കാരിക ജീവിതത്തിന്റെ മുഖ്യധാര. ഓണം, ക്രിസ്മസ്, റംസാൻ, ബക്രീദ് വേളകളിൽ വാർഷികം നടത്തി പിരിയുക എന്നതാണ് ഇവരുടെ മുഖ്യപ്രവർത്തനം. എങ്കിലും കലാകായികരംഗത്തെ പുത്തൻ നാമ്പുകൾക്ക് അരങ്ങൊരുക്കാനും അമച്വർ നാടകവേദിയുടെ പ്രോത്സാഹനത്തിനും ഇവർക്ക് കഴിയുന്നുണ്ട്.

ബ്ലോക്ക് തല കായിക മേളകളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. ശാസ്ത്രീയ പരിശീലനമോ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളോ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ നിന്നു കൊണ്ടാണ് നമ്മുടെ കുട്ടികൾ ഈ നേട്ടങ്ങൾ കൈവരിക്കുന്നത് പഞ്ചായത്തിൽ സെന്റാൻഡ്രൂസ്, പുത്തൻതോപ്പ്, സെന്റ് വിൻസന്റ് HS പുതുക്കുറുച്ചി എന്നിവിടങ്ങളിലാണ് ഇപ്പോൾ കളിമൺ ഗ്രൗണ്ടുകളുള്ളത്. തുമ്പയിൽ സ്റ്റേഡിയം നിർമ്മിക്കാൻ ആവശ്യമായ സ്ഥലം വിട്ടുതരാമെന്ന് അവിടത്തെ പള്ളികമ്മിറ്റി സമ്മതിച്ചിട്ടുണ്ട്. ആ സ്ഥലത്ത് ഒരു പഞ്ചായത്ത് സ്റ്റേഡിയം നിർമ്മിക്കാനുള്ള നടപടികൾ കൈക്കൊള്ളണം. സെന്റാൻഡ്രൂസ്, പുത്തൻതോപ്പ്, മര്യനാട് എന്നിവിടങ്ങളിൽ സ്ഥിരമായി നടന്നുവരാറുള്ള ഫുട്ബാൾ ടൂർണമെന്റുകൾ മുടക്കംകൂടാതെ നടത്തുവാനുള്ള പ്രോത്സാഹനം പഞ്ചായത്ത് നൽകണം. പഞ്ചായത്തിനകത്തെ ഹൈസ്ക്കൂളുകളിൽ കായികപരിശീലന പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നുവെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തണം. ഇവിടങ്ങളിൽനിന്ന് പഠനം കഴിഞ്ഞ് പുറത്തിറങ്ങുന്ന കുട്ടികൾക്ക് തുടർപരിശീലനം നൽകാനുള്ള സംവിധാനം കലാകായിക സമിതികളുമായി സഹകരിച്ച് ഉണ്ടാക്കണം.



പഞ്ചായത്തിലെ പ്രവർത്തനരഹിതമായി കിടക്കുന്ന റേഡിയോ കിയോസ്ക്കുകളിൽ, ടി.വി കിയോസ്ക്കുകളായി പുനഃസംവിധാനം ചെയ്യാൻ കഴിയുന്നവ ആ നിലയിൽ പരിവർത്തനം ചെയ്യണം. പഞ്ചായത്ത് സ്വന്തമായി ഒരു 16 എം.എം സിനിമാ പ്രോജക്ടർ വാങ്ങുകയും നല്ല സിനിമകളുടെ പ്രദർശനം സംഘടിപ്പിക്കുന്നതിന് ലൈബ്രറികൾക്കും കലാകായിക സമിതികൾക്കും കുറഞ്ഞ വാടകയ്ക്ക് ലഭ്യമാക്കുകയും വേണം.



# വിഭവസമാഹരണം.

നമ്മുടെ പഞ്ചായത്ത് ഇന്ന് നേരിടുന്ന പ്രധാന പ്രശ്നം കാർഷികവ്യാവസായിക മേഖലയിലെ നിശ്ചലതയും അതോടൊപ്പം വളർന്നുവരുന്ന തൊഴിലില്ലായ്മയുമാണ്. വിദ്യാഭ്യാസ നിലവാരത്തിൽ പ്രത്യേകിച്ചും ഉന്നത വിദ്യാഭ്യാസരംഗത്തും സാങ്കേതിക വിദ്യാഭ്യാസരംഗത്തും പ്രാഗത്ഭ്യം തെളിയിച്ച നിരവധി ചെറുപ്പക്കാർ ഇന്ന് തൊഴിലില്ലായ്മയുടെ രൂക്ഷത നേരിടുന്നു. ഇതിനൊക്കെ ഒരു പരിധിവരെയെങ്കിലും പരിഹാരം കാണേണ്ട കാർഷികരംഗം ഇന്ന് മുരടിപ്പിലാണ്. കൃഷിയിടങ്ങളെല്ലാം പുരയിടങ്ങളാവുകയും കോൺക്രീറ്റ് കെട്ടിടങ്ങൾ ഉയർന്നുവരികയും ചെയ്യുന്നു. പഞ്ചായത്തിന്റെ സമ്പത്ഘടന ഒരു പരിധിവരെ പിടിച്ചുനിർത്തേണ്ട മത്സ്യമേഖലയും അതുപോലെ തന്നെ കയർമേഖലയും ഇന്ന് പ്രതിസന്ധിയിലാണ്. ഇവയ്ക്കൊക്കെ ശാശ്വതപരിഹാരം കാണാതെ വിഭവസമാഹരണം ഊർജ്ജിതപ്പെടുത്താനാവില്ല.

പഞ്ചായത്തിന്റെ പ്രധാനവരുമാനമാർഗ്ഗങ്ങളായ കെട്ടിടനികുതിയും തൊഴിൽ നികുതിയും ലൈസൻസ് ഫീസും കൃത്യമായി പിരിച്ചെടുത്താൽ തന്നെ ഭരണ ചിലവുകൾക്കുപോലും തികയാത്ത അവസ്ഥയിലാണ്. സർക്കാരിൽ നിന്നും ലഭിക്കേണ്ട ഗ്രാന്റുകൾ, ഡ്യൂട്ടികൾ, വെഹിക്കിൾ ടാക്സ്, വസ്തുകൈമാറ്റനികുതി എന്നിവ രണ്ടും മൂന്നും വർഷങ്ങൾ കഴിഞ്ഞാണ് കിട്ടുന്നത്. കഴിഞ്ഞ അഞ്ചുവർഷത്തെ പഞ്ചായത്തിന്റെ വരവും ചിലവും പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്തിന്റെ വിഭവശേഷി എളുപ്പം മനസ്സിലാക്കാം. (പട്ടിക 1)

വിഭവ സമാഹരണം സംബന്ധിച്ച് ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞ് വന്ന ചില അഭിപ്രായങ്ങൾ താഴെ ച്ചേർക്കുന്നു.

1. നികുതി ചുമത്തുമ്പോൾ നികുതിദായകന് അതൊരു ഭാരമാകാതിരിക്കുവാൻ ശ്രദ്ധിക്കുക. അതായത് വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം നികുതി ചുമത്തേണ്ടത്.
2. വരുമാനമുള്ള എല്ലാ ആളുകളിൽ നിന്നും നികുതി വസൂലാക്കണം.

3. നികുതിപ്പണം കൊണ്ടുമാത്രമേ പഞ്ചായത്തിന്റെ വികസനം സാധ്യമാകൂ എന്ന് നികുതിദായകനെ ബോധ്യപ്പെടുത്തണം.
4. തന്റെ വാർഡിലെ നികുതികൾ യഥാസമയം പിരിച്ചെടുക്കുന്നു എന്ന് വാർഡ് മെമ്പർമാർ ഉറപ്പുവരുത്തണം.
5. ഭരണചിലവ്കുറക്കുകയും ആവശ്യം വേണ്ടുന്ന പദ്ധതികൾക്ക് മാത്രം രൂപം നൽകുകയും ചെയ്യുക.

ഇനി നമുക്ക് പഞ്ചായത്തിന്റെ ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ച് നോക്കാം.

1. കെട്ടിടനികുതി

ഏതൊരു പഞ്ചായത്തിന്റേയും പ്രധാന വരുമാന മാർഗ്ഗം എന്നു പറയുന്നത് കെട്ടിട നികുതിയാണം. എന്നാൽ ഇപ്പോൾ കെട്ടിടനികുതി കണക്കാക്കുന്നത് ശാസ്ത്രീയമായല്ല എന്ന് വ്യാപകമായ അഭിപ്രായമുണ്ട്. ഇന്ന് കെട്ടിടനികുതി ചുമത്തുന്നത് പ്രധാനമായും കെട്ടിടം വാടകയ്ക്ക് നൽകിയാൽ കിട്ടാവുന്ന വാടക കണക്കാക്കിയാണ്. ഇത് പലപ്പോഴും നികുതിദായകന് സംശയങ്ങൾക്കും അതുവഴി ഒരു പരിധിവരെ അഴിമതി ആരോപണങ്ങൾക്കും ഇടയാകാറുണ്ട്. ഇതിനുപകരം നിർമ്മാണചിലവിന്റെ കണക്കനുസരിച്ചോ, സ്ലാബ്സമ്പ്രദായം ഏർപ്പെടുത്തിയോ നികുതി പിരിക്കാവുന്നതാണ്. കൂടാതെ പഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങൾക്കും ശരിയായ രീതിയിൽ നികുതി ചുമത്താൻ കഴിഞ്ഞാൽ ഇപ്പോഴുള്ളതിന്റെ ഇരട്ടി വരുമാനം ഈ ഇനത്തിൽ സമാഹരിക്കാവുന്നതാണ്.

2. തൊഴിൽനികുതി

സർക്കാർസ്ഥാപനങ്ങൾ, എയിഡഡ്, അൺഎയിഡഡ് സ്കൂളുകൾ എന്നിവിടങ്ങളിൽ ജോലിചെയ്യുന്നവരിൽ നിന്നും തൊഴിലുടമയോ, ആഫീസ് മേധാവിയോ വസൂലാക്കി പഞ്ചായത്തിൽ അടക്കുന്നതാണ് തൊഴിൽ നികുതി. ഇത് വസൂലാക്കുന്നതിന് കാര്യക്ഷമമായ ഒരു സംവിധാനം നിലവിലുണ്ട്. ഇതിനു പുറമേ തൊഴിൽ ചെയ്യുന്ന എല്ലാവരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാൻ പഞ്ചായത്തിന് കഴിയണം.

വിനോദനികുതി

പഞ്ചായത്തിൽ രണ്ട് സിനിമാതീയേറ്ററുകൾ ആണ് ഉള്ളത്. സാധാരണ ഗതിയിൽ ടിക്കറ്റ് വില്പനയുടെ തോതനുസരിച്ച് വിനോദനികുതി, അധിക വിനോദനികുതി, ഒപ്പം കാഴ്ചനികുതിയും പരിച്ചെടുക്കുന്നു. കൂടാതെ ലൈസൻസ് ഫീസിനത്തിലും ഒരു തുക പഞ്ചായത്തിന് കിട്ടുന്നു. ഇപ്പോൾ പഞ്ചായത്തിൽ നിന്നും നികുതികൾ കോമ്പൗണ്ട് ചെയ്തിരിക്കുന്നതിനാൽ പ്രതിവർഷം ഒരു ലക്ഷത്തോളം രൂപ ഈയിനത്തിൽ സമാഹരിക്കുന്നു. കാര്യക്ഷമമായ ടിക്കറ്റ് പരിശോധനയിലൂടെയും പാരലൽ സിനിമാപ്രദർശനങ്ങൾ കർശനമായി നിരോധിക്കുന്നതിലൂടെയും ഈ തുക ഇനിയും വർദ്ധിപ്പിക്കാവുന്നതാണ്.

ലൈസൻസ് ഫീസ്

നമ്മുടെ പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് കഴിഞ്ഞ അഞ്ചു വർഷമായികാര്യമായി പിരിച്ചെടുക്കാറില്ല. കച്ചവടസ്ഥാപനങ്ങൾക്ക് ലോൺ എടുക്കേണ്ടിവരുമ്പോൾ മാത്രം ലൈസൻസിന് അപേക്ഷിക്കുന്ന രീതി മാറുകയും പഞ്ചായത്തിലെ മുഴുവൻ കച്ചവടക്കാരേയും നികുതി കൊടുക്കുന്നവരാക്കുകയും ചെയ്താൽ അമ്പതിനായിരത്തോളം രൂപ ഈ ഇനത്തിൽ സമാഹരിക്കുവാൻ കഴിയും. ഇതിന് വാർഡ് മെമ്പർമാരുടേയും വികസന സമിതികളുടേയും ഉദ്യോഗസ്ഥൻമാരുടേയും കൂട്ടായ്മ ആവശ്യമാണ്.

മാർക്കറ്റ്

ഇപ്പോൾ ചിറ്റാറ്റുമുക്കിൽ പ്രവർത്തിച്ചുവരുന്ന പബ്ലിക് മാർക്കറ്റ് പഞ്ചായത്തിന്റെ പ്രധാനവരുമാന മാർഗ്ഗങ്ങളിൽ ഒന്നാണ്. പ്രതിവർഷം 45000/- രൂപയോളം ഈയിനത്തിൽനിന്നും ലഭിക്കുന്നു. ഗ്രാമസഭകളിൽ ആവശ്യപ്പെട്ട പ്രകാരം മേനംകുളത്തും കഠിനംകുളത്തും മാർക്കറ്റിനുവേണ്ടി സ്ഥലം എടുത്ത് മാർക്കറ്റ് തുടങ്ങുകയും പഞ്ചായത്തിൽ പള്ളിമുക്ക് കഠിനംകുളം എന്നിവിടങ്ങളിൽ നടന്നുവരുന്ന അനധികൃത മാർക്കറ്റുകൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്താൽ വരുമാനം ഇനിയും കൂട്ടാവുന്നതാണ്

## പരസ്യനികുതി

പഞ്ചായത്ത് രാജ് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ പരസ്യനികുതിഏർപ്പെടുത്തുകവഴിയും പഞ്ചായത്തിന്റെ വിഭവസമാഹരണത്തിന് ആക്കം കൂട്ടാവുന്നതാണ്

## ഷോപ്പിംഗ് കോംപ്ലക്സ്

പഞ്ചായത്തിന്റെ പ്രധാന ജംഗ്ഷനുകളോട് ചേർന്ന് സ്ഥലം ഏറ്റെടുത്ത് ഷോപ്പിംഗ് കോംപ്ലക്സുകൾ പണിത് വാടകയ്ക്ക് നല്കിയാൽ വരുമാനവർദ്ധനവിന് സഹായകമാകും. ഇതിനുവേണ്ട പണം ആക്ടിൽ വ്യവസ്ഥചെയ്ത പ്രകാരം ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കടമെടുക്കാവുന്നതാണ്. തുടക്കമെന്ന നിലയിൽ ചിറ്റാറ്റുമുക്ക് പബ്ലിക് മാർക്കറ്റിൽ തന്നെ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടാവുന്നതാണ്.

## ടൂറിസം

നമ്മുടെ പഞ്ചായത്തിന് ടൂറിസം മേഖലയിൽ വൻ സാധ്യതകൾ ഉണ്ട്. കാക്കത്തുരുത്ത് മുതൽ ചേരമാൻ തുരുത്ത് വരെ വ്യാപിച്ച് കിടക്കുന്ന കഠിനംകുളം കായലും പരിസരവും ചേർത്ത് ഒരു ടൂറിസ്റ്റ് വില്ലേജ് സ്ഥാപിക്കുക വഴി പഞ്ചായത്തിന്റെ വരുമാനത്തിന് വർദ്ധനവുണ്ടാകും.

## ബാങ്കിംഗ്

കഠിനംകുളം ഗ്രാമപഞ്ചായത്തിൽ നാല് ദേശസാൽകൃത ബാങ്കുകളും ജില്ലാസഹകരണ ബാങ്കിന്റെ ഒരു ശാഖയും പ്രവർത്തിക്കുന്നു. പ്രതിവർഷം ഏറ്റവും കുറഞ്ഞത് 50 കോടി രൂപയെങ്കിലും വിദേശനിക്ഷേപമായി സമാഹരിക്കുന്ന ഈ ബാങ്കുകൾ നല്കുന്ന വായ്പ തുലോം കുറവാണെന്നു കാണാം. നമ്മുടെ പഞ്ചായത്തിൽ നിന്നും ശേഖരിക്കുന്ന തുകയുടെ 75% എങ്കിലും ഈ പഞ്ചായത്തിലെ തൊഴിൽസംരംഭങ്ങൾക്ക് വായ്പ നൽകിയാൽ പഞ്ചായത്തിന്റെ സമ്പത്ഘടനയ്ക്ക് കാര്യമായ മാറ്റം ഉണ്ടാകും.

## ദേശീയസമ്പാദ്യപദ്ധതി

ഓരോ പഞ്ചായത്തിൽ നിന്നും ഇന്ദിരാവികാസ് പത്രംവഴി പിരിച്ചെടുക്കുന്ന തുകയുടെ 15% മുതൽ 25% വരെ ആ പഞ്ചായത്തിനുതന്നെ കിട്ടുന്ന അവസ്ഥ ഇപ്പോൾ നിലവിലുണ്ട്. ആയതിന് പഞ്ചായത്തിൽ നിന്നും പരമാവധി സമ്പാദ്യനിക്ഷേപം ഉണ്ടാക്കിയാൽ നല്ലൊരു ശതമാനംതുക ഓരോവർഷവും പഞ്ചായത്തിന് ലഭിക്കും. ഇതിന് ഭരണസമിതിക്കും ബഹുജനസംഘടനകൾക്കും വളരെയേറെ സഹായിക്കുവാൻ കഴിയും.

പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും ലഭിക്കുന്ന തുകയും പഞ്ചായത്തിൻരെ വിഭവസമാഹരണത്തിന് സഹായകരമാണ്. നമ്മുടെ പഞ്ചായത്തിൽ ഈ നിയമം നിലവിൽ വന്നശേഷം ഓരോ വകുപ്പിൽ നിന്നും ലഭിച്ച തുക പട്ടിക 2ൽ ചേർത്തിട്ടുണ്ട്.

## അധികനികുതി

പഞ്ചായത്തിലെ 1200 sq.feet ന് മുകളിൽ വരുന്ന കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് ചെറിയരീതിയിലെങ്കിലും അധിക നികുതി ചുമത്തി അതുവഴി കിട്ടുന്ന പണം ഒരു ഭവന നിധിയായി സ്വരൂപിച്ച് പഞ്ചായത്തിലെ ഭവനരഹിതരായ ആളുകൾക്ക് വീട് വയ്ക്കുന്നതിന് ധനസഹായം നൽകാം.

## കെട്ടിടനിർമ്മാണ നിയമം

പഞ്ചായത്തിൽ ഇതുവരെയും നടപ്പിലാക്കിയിട്ടില്ലാത്ത കെട്ടിടനിർമ്മാണ നിയമം ബാധകമാക്കിയാൽ അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനും കൂടാതെ പഞ്ചായത്തിന് ലൈസൻസ് ഫീസിനത്തിൽ നല്ലൊരു തുക സമാഹരിക്കാവുന്നതുമാണ്.



## പട്ടിക 1. പഞ്ചായത്ത് വരുമാനം സംബന്ധിച്ച വിവരണം 91-92 മുതൽ 95-96 വരെ

| ഇനം | 91-92 | 95-96 | വ്യത്യാസം |
|---|---|---|---|
| കെട്ടിടനികുതി | 293612 | 362748 | 69136 |
| സർവ്വീസ് ചാർജ് | -- | 8270.95 | 8270.95 |
| തൊഴിൽ നികുതി | 147497 | 142008 | - 5489 |
| വാഹന നികുതി | -- | 380 | 380 |
| വിനോദനികുതി | 14234.80 | 471270 | 457035.20 |
| അധിക വിനോദനികുതി | 9082.65 | 31280 | 22197.35 |
| പ്രദർശനത്തിന്മേലുള്ള സർച്ചാർജ് | 2119 | 4368 | 2249 |
| മാർക്കറ്റ് | 28145 | 43424 | 15279 |
| ലൈസൻസ് ഫീസ് | 6076 | 8512 | 2436 |
| വസ്തു കൈമാറ്റ നികുതി 75% | -- | 437566 | 437566 |
| വസ്തു കൈമാറ്റ നികുതി 25% | 12500 | -- | 12500 |
| സംഭാവന | -- | 25 | 25 |
| ഡെപ്പോസിറ്റ് | 38840 | 45440 | 6600 |
| മറ്റ് ഗ്രാന്റുകൾ | 625112 | 44774 | -580338 |
| ആകെ | 1470830.45 | 1600065.95 | 444847.05 |

## പട്ടിക 2. പഞ്ചായത്തരാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക നാളിതുവരെ

| വകുപ്പ് | പദ്ധതി വിഹിതം | പദ്ധതി യേതര വിഹിതം | ആകെ |
|---|---|---|---|
| മൃഗസംരക്ഷണം | -- | 2900.00 | 2900.00 |
| ആരോഗ്യം | -- | 86000.00 | 86000.00 |
| കൃഷി | -- | 97300.00 | 97300.00 |
| മരാമത്ത് | -- | 131866.00 | 1318666.00 |
| ഹരിജനക്ഷേമം | -- | 6000.00 | 6000.00 |
| നാട്ടുചികിത്സാ വകുപ്പ് | -- | 139680.00 | 13980.00 |
| സാമൂഹികക്ഷേമം | -- | 11242.00 | 11242.00 |
| മറ്റുള്ളവ | -- | 19660.00 | 19660.00 |
| ആകെ | -- | 368958.00 | 368958.00 |

# ടൂറിസം

വിശാലമായ തീര പ്രദേശങ്ങളും മനോഹരമായ കായലോരങ്ങളുമുൾക്കൊള്ളുന്ന പഞ്ചായത്തിനെ ടൂറിസം മേഖലയിലേക്ക് കൈ പിടിച്ചുയർത്തുവാനുള്ള ഗൗരവപരമായ ചിന്തകൾക്ക് ഇനിയും തുടക്കം കുറിച്ചിട്ടില്ലെന്നും വേണം പറയാൻ. ഈ രംഗത്തെ സാധ്യതകളെക്കുറിച്ച് വിശദമായ പരിശോധനകൾ വേണ്ടിയിരിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ ഏറ്റവും വൃത്തിയും വെടിപ്പുമുള്ള കടലോരങ്ങളിൽപ്പെട്ടതാണ് പുത്തൻതോപ്പും സെന്റ് ഡോമിനിക് വെട്ടുകാടും. ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ ശംഖുംമുഖം പോലെ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന കടലോരസുഖവാസകേന്ദ്രങ്ങളാക്കി ഇവയെ മാറ്റാൻ കഴിയും.

അപൂർവ്വ ജനുസ്സിൽപ്പെട്ട നിരവധി സസ്യലതാദികളുടേയും ജീവി വർഗ്ഗങ്ങളുടേയും ആവാസകേന്ദ്രമാണ് കാക്കത്തുരുത്ത് എന്നറിയപ്പെടുന്ന പ്രദേശം. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന നീർനായ പോലെയുള്ള ജീവികളുടെ വിഹാരരംഗമാണിവിടം. പ്രത്യേക സീസണുകളിൽ വിവിധതരത്തിലുള്ള ദേശാടന പക്ഷികൾ ഇവിടെയെത്തിച്ചേരുന്നുണ്ട്. കാക്കത്തുരുത്തിന്റെ പരിസ്ഥിതി ഘടനയ്ക്ക് നാശം സംഭവിക്കാത്ത നിലയിൽ ഇതിനു ചുറ്റുമുള്ള കായൽ പ്രദേശങ്ങളിൽ ടൂറിസം വികസിപ്പിക്കാവുന്നതാണ്.

കഠിനംകുളത്തെ നിലവിലുള്ള കടവ്, അതുമായി ബന്ധപ്പെട്ട കായൽ പ്രദേശം, ഇതിനോടനുബന്ധിച്ചുള്ള ഈ പഞ്ചായത്തിലെ ഏറ്റവും വിസ്തൃതിയുള്ള കാവ്, ഒരിക്കലും ഉറവവറ്റാത്ത കഠിനംകുളത്തെ താമരകുളം, കടലിലേക്ക് ഭൂഗർഭ അറകളുണ്ടെന്ന് വിശ്വസിക്കപ്പെടുന്നതും ചരിത്രസ്മരണകളിരമ്പുന്നതും അതേ സമയം നശിച്ച് നാമാവശേഷമായിക്കൊണ്ടിരിക്കുന്നതുമായ ദേവസ്വം വക കുളം, ഹിന്ദുമത വിശ്വാസികളുടെ ബലിതർപ്പണ കേന്ദ്രമായ ആറാട്ട് കടവ് ഇവ

യൊക്കെ ആസൂത്രിതമായി ബന്ധപ്പെടുത്തി ഒരു ടൂറിസം മേഖലയുണ്ടാക്കാൻ കഴിയും.

നമ്മുടെ പഞ്ചായത്തിനെ രണ്ടായി പിളർന്ന് നീണ്ടുകിടക്കുന്ന പാർവ്വതി പുത്തനാർ, സംസ്ഥാന സർക്കാരുമായി സഹകരിച്ച് ഒരു ടൂറിസ്റ്റ് ജലപാതയായി വികസിപ്പിക്കാൻ കഴിയും. റോഡുഗതാഗതം വികസിക്കുന്നതിനു മുമ്പ് നമ്മുടെ ജനങ്ങളുടെ മുഖ്യ ഗതാഗത മാർഗ്ഗമായിരുന്നു ഇത്. പാർവ്വതി പുത്തനാറിന്റെ ഇരു കരകളും സൈഡ്‌വാൾ കെട്ടി സംരക്ഷിക്കുകയും അനധികൃത കയ്യേറ്റത്തിൽ നിന്ന് വിമുക്തമാക്കേണ്ടതുമാണ്. നിർദ്ദിഷ്ട ദേശീയ ജലപാത പദ്ധതിയുമായി ബന്ധപ്പെടുത്തി ഈ രംഗത്തെ ടൂറിസം സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

ചുരുക്കത്തിൽ നമ്മുടെ കടലോരം മത്സ്യബന്ധനത്തിനു മാത്രമുള്ളതല്ലെന്നും കായൽ പ്രദേശങ്ങൾ തൊണ്ടഴുക്കാൻ മാത്രമുള്ളതല്ലെന്നുമുള്ള പ്രാഥമികമായ തിരിച്ചറിവിൽ നിന്നാണ് ഈ മേഖലയിലെ ടൂറിസം വികസനത്തിന്റെ അനന്ത സാധ്യതകളെക്കുറിച്ച് ആലോചിച്ചു തുടങ്ങേണ്ടത്.





# ഒരു വാക്കുകൂടി.........

*പഞ്ചായത്തിന്റെ വികസനരേഖ കഠിനംകുളത്തെ പൗരാവലിക്കു മുമ്പാകെ തികഞ്ഞ വിനയത്തോടെ സമർപ്പിക്കുകയാണ്. നമ്മുടെ എല്ലാ പ്രശ്നങ്ങളും വളരെ സമഗ്രമായി ഇതിൽ പരിശോധിക്കപ്പെട്ടിരിക്കുന്നുവെന്ന അവകാശവാദങ്ങളൊന്നുമില്ല. എങ്കിലും, ഗ്രാമസഭകളിൽ ഉയർന്നുവന്ന ജനവികാരങ്ങൾ ഞങ്ങളാലാവുന്ന വിധം പ്രതിഫലിപ്പിക്കാൻ ഇതിൽ ശ്രമിച്ചിട്ടുണ്ട്.*

*നമ്മുടെ പഞ്ചായത്തിന്റെ നിലവിലുള്ള പൊതുസ്ഥിതി, മുഖ്യപ്രശ്നങ്ങൾ, പുതിയ സാദ്ധ്യതകൾ എന്നിവയൊക്കെ ഈ രേഖയിൽ വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുന്ന പദ്ധതികളിലൂടെയും അതിന്റെ വിജയകരമായ നടത്തിപ്പിലും കൂടിമാത്രമേ ഈ രേഖ അതിന്റെ എല്ലാ അർത്ഥത്തിലും പൂർണ്ണമാവുകയുള്ളുവെന്ന് നമുക്കറിയാം. കക്ഷി രാഷ്ട്രീയത്തിനും ജാതിമത പരിഗണനകൾക്കും അതീതമായി ഉയർന്നു വരേണ്ട വിശാലമായ വികസന ബോധമാണ് ഇതിന്റെ അടിത്തറ. അത്തരമൊരു ബോധവല്കരണ പ്രക്രിയയ്ക്ക് ഈ രേഖ സഹായകമാവുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി. നിരവധി നല്ല മനസ്സുകളുടെ ഒരു കൂട്ടായ്മയാണ് ഈ രേഖയ്ക്ക് പിന്നിലെ ശക്തി. കഠിനംകുളത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളും ഇതര തൊഴിൽ സ്ഥാപനങ്ങളും ഈ രേഖയുടെ പൂർത്തീകരണത്തിന് നമ്മെ സഹായിച്ചിട്ടുണ്ട്. അവരോടെല്ലാമുള്ള കൃതജ്ഞത വാക്കുകൾക്കതീതമാണ്. ഈ രേഖ വളരെ മനോഹരമായി ഈ രൂപത്തിൽ പുറത്തിറക്കാൻ ഞങ്ങളോടൊപ്പം പ്രവർത്തിച്ച ആർട്ടിസ്റ്റ് ഗിരീഷ്, പ്രദീപ്, പെന്റിയം ഗ്രാഫിക്സ് തുടങ്ങിയവരോടുള്ള നന്ദി ഇവിടെ പ്രകാശിപ്പിച്ചുകൊള്ളട്ടെ.*

*സ്നേഹാദരങ്ങളോടെ,*

*മോളി മെർളിൻ*
*പ്രസിഡന്റ്*

# വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

ശ്രീ കെ കാർത്തികേയൻ മുൻ കൃഷി വകുപ്പ് ഡയറക്ടർ

ശ്രീമതി താജുനിസാ ബീഗം കൃഷി ആഫീസർ കഠിനംകുളം

ഡോ. നജീബ്, PHC, മംഗലപുരം

ഡോ. ഷാനവാസ്, വെറ്റി:സർജൻ മൃഗാശുപത്രി, കഠിനംകുളം

ഡോ. കെ.ഗോപികാരമണൻ

ഡോ. പി.വി.ഗംഗാധരൻ

ശ്രീ. എസ്.ഭാസ്കരപിള്ള

കെ.ബാബു

ശ്രീ. ആൽഫ്രഡ് ഫെർണാണ്ടസ്

ശ്രീ. ഇ.അലോഷ്യസ്, പുതുകുറിച്ചി

ശ്രീ. പോൾ അലക്സ്

ശ്രീ. ആസ്റ്റിൻ V.P. VEO കഠിനംകുളം

ശ്രീ. അജിതൻ ഫെർണാണ്ടസ്

ശ്രീ. ഹരിപ്രസാദ് T.R

ശ്രീ. വിജയൻ, IMG, തിരുവനന്തപുരം

ശ്രീ. ഷീലിൻ മാത്യു

ശ്രീ. അശോകൻ, കഠിനംകുളം

ശ്രീ. എസ്.കൃഷ്ണൻ നായർ

ശ്രീ. പി.നടേശൻ

ശ്രീ. ചാന്നാങ്കര ജയപ്രകാശ്

ശ്രീ. ശങ്കരൻ കോൺട്രാക്ടർ

ശ്രീ. സ്റ്റെല്ലസ് നെറ്റോ

ശ്രീ. കൃഷ്ണൻ വൈദ്യർ

ശ്രീ. ആർ.വി.ജയകുമാർ

## ജില്ലാ റിസോഴ്സ് പേഴ്സൺസ്

കെ.ബാബു. കൺവീനർ

എസ്.ഗബ്രിയേൽ

ഷീലിൻ മാത്യു

ആർ.വി.ജയകുമാർ

കെ.മധു

എസ്.സജുമോൻ

വി.പി.ജോൺ

ആർ.പ്രഭാകരൻ

രാജേഷ് ജോബായ്

സണ്ണി ബർക്മാൻ

എ.നെൽസൺ

## പ്രശ്നങ്ങൾ .....
## സാധ്യതകൾ .....
## ചിത്രങ്ങളിലൂടെ .....


ഭാരത് പെട്രോളിയം - കഠിനംകുളത്തിന്റെ അഭിമാനം


കിൻഫ്രാ - നാളെയുടെ പ്രതീക്ഷ


ആസ്പിരിൻ പ്ലാന്റ് അടച്ചുപൂട്ടൽ ഭീഷണിയിൽ

# ചകിരിനാരുകൾക്കും
# വലയിഴകൾക്കുമിടയിൽ
# കുരുങ്ങുന്ന ജീവിതം





മലിനമായ
പാർവ്വതീ പുത്തനാർ





# ടൂറിസം

## കഠിനംകുളത്തിന്റെ സാധ്യതകൾ



മുതലപ്പൊഴി



കാക്കത്തുരുത്ത്



കഠിനംകുളം കായൽ



സ്റ്റിൽസ്: ഗിരീഷ് കുന്നൂർ

OFFICE OF THE KADINAMKULAM GRAMA P... - CHITTATTUMU KU. P...






